ISSN 2582-2594

Vol. 1 No. 2 July 2018

www.akgct.org

# ACADEMIC RESEARCH AND REVIEW LETTERS

## (Multi-disciplinary Peer Reviewed Research Journal)

A Biannual Research Journal

Association of Kerala Government College Teachers

# ACADEMIC RESEARCH AND REVIEW LETTERS

**(Multi-disciplinary Peer Reviewed Research Journal)**

Vol.1 No. 2 July 2018

A Biannual Research Journal

**Association of Kerala Government College Teachers**

AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctacademicforum@gmail.com.
Web: www.akgct.org

# *Editorial*

*It is with great pride that we release the second issue of the academic journal Academic Researchn and Review Letters, enriched yet once again by an extensive array of research articles and scholarly reviews. The journal has successfully striven to ensure lofty standards both in terms of quantity and quality of content, and is soon expected to grace the shelves of the libraries of academic institutions nationwide. It is our aim to expand further and make a foray into the vast, unexplored areas of knowledge, and stimulate academic curiosity and scientific acumen. It is the aim of the journal to offer the right kind of soil in which scholarly thinking can grow, and discover academic and personal freedom without any impediments. Living in a period of ideological morass, educational excellence is what one can safely rely on, for the restoration of space for idealists in the academic world. I hope that the scholastic journey initiated by the journal would continue unceasingly in the years to come and offer greater potential for the sharing and dissemination of academic intellect in universities and institutions of higher education.*

***Dr. K. K. Damodaran***

*Editor*

# Editorial Board


***Editor***

**Dr. K.K. Damodaran**
*Associate Professor, Department of Commerce, Govt. Arts College, Thiruvananthapuram, Kerala.*

***Sub Editors***

**Dr. Muhammed Rafeeq T.**
*Assistant Professor, Department of Islamic History, Govt. College, Malappuram, Kerala.*

**Dr. S.Subramaniyan**
*Assistant Professor, Department of Botany, University College, Thiruvananthapuram, Kerala.*

***Editorial***

**Dr. Gracious James**
*Assistant Professor, Department of Commerce, Govt. Arts College, Thiruvananthapuram, Kerala.*

**Sri. Shanavas P.H.**
*Assistant Professor, Department of Economics, Govt. College Kalpetta, Wayanad*

**Dr. Muhammed Bhasheer**
*Assistant Professor, Department of Malayalam, KKTM Govt. College, Pulloot, Thrissur*

**Dr. S. Baiju**
*Assistant Professor, Department of Mathematics, Govt. College, Kariavattom, Thiruvananthapuram*

**Dr. V.S. Vishnu**
*Assistant Professor, Department of Chemistry, Govt. Arts College, Thiruvananthapuram, Kerala.*

**Dr. S. Suma**
*Assistant Professor, Department of Hindi, Govt. College for Women, Thiruvananthapuram, Kerala.*

**Dr. C.R. Manju**
*Assistant Professor, Department of English, Govt. Arts College, Thiruvananthapuram, Kerala.*

# *Preface*

*The growth and development of academic disciplines,at a phenomenal pace in the current times, have resulted in a proliferation of scholarly journals, to cater to the needs of an ever-expanding intelligentsia. While it is no easy task to keep abreast of the flow of publications even in one's own area of study, journals like Academic Researchn and Review Letters aim to meet the diversified needs of students and academicians of all disciplines. It is gratifying to note that the inaugural issue of the journal has already found its place in scholarly discussions and deliberations, by virtue of its varied scope and updated methodology. It is hoped that the current issue would not only live up to the expectations engendered by the first issue, but also successfully follow the principles espoused by the socialist ideology and contribute to the aim of liberation through education.*

*Dr. Muhammed Rafeeq T*
*Sub Editor*

## Disclaimer

All data, views, opinions etc that are published in this journal are the sole responsibility of the individual authors. Neither the publisher nor the editors are in anyway responsible for them. The author(s) is solely responsible for taking permission from earlier publications for inclusion in their papers. The journal shall not be responsible for any copyright infringements.



## Editorial Correspondence

All correspondence to the journal should be made to
The Editor, ACADEMIC RESEARCH AND REVIEW LETTERS
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctacademicforum@gmail.com.
Web: www.akgct.org

---

Printed at: Akshara Offset, Vanchiyoor, Thiruvananthapuram 35, Kerala, India

**ACADEMIC RESEARCH AND REVIEW LETTERS**
Vol.1 No. 2 July 2018

## CONTENTS

Reversion Method Applied to Boundary Value Problems
*S. Baiju* 11

നവോത്ഥാനധൈഷണികതയുടെ എഴുത്തകങ്ങൾ
*ആതിര കുഞ്ഞുമോൻ* 20

ബദൽ ആത്മീയ ദർശനം പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളിൽ
*ഷർമ്മിയ നൂറുദ്ദീൻ* 28

സമകാല മലയാള കവിതയിലെ കീഴാളപരിപ്രേക്ഷ്യം
*കെ.വി. മഞ്ജുള* 34

രണ്ടു പെൺകുട്ടികൾ: ഭിന്നവർഗ ലൈംഗികതയുടെ അധീശത്വ രാഷ്ട്രീയങ്ങൾ
*ഇ.ജെ. ധന്യ* 42

ഭാഷ വേറിട്ടൊരു നോട്ടം
*ഇ.എസ്. റഷീദ്* 50

നവോത്ഥാനവും മാതൃഭാഷയും
*ടി.കെ. സൗമ്യ* 54

തിരശ്ശീലയിലെ 'ട്രാൻസ്സെക്ഷ്വൽ' ആവിഷ്ക്കാരങ്ങൾ:
'ഇരട്ടജീവിതം', 'ഞാൻ മേരിക്കുട്ടി' എന്നീ സിനിമകളെ മുൻനിർത്തിയുള്ള അന്വേഷണം
*മേഘ രാധാകൃഷ്ണൻ* 67

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായരുടെ സാഹിത്യനിരൂപണം
*പി.കെ. ജസീല* 74

# Reversion Method Applied to Boundary Value Problems

**S Baiju** *

**Abstract**

In this paper, the Reversion Method is applied to solve nonlinear boundary value problems with polynomial, exponential and trigonometric nonlinearity. In comparison with the existing techniques, the Reversion method is easy to apply, convergence is rapid, accuracy is better and is good for certain type of nonlinear ordinary differential equations. Numerical results compared with the existing methods show the efficiancy of the method.

*Keywords*: Reversion Method, Shooting Type Laplace Decomposition Algorithm, Laplace-Adomian Decomposition Algorithm, Adomian Decomposition Metod, Analytic solution and Numerical treatments.

## 1 Introduction

Analytic solutions of nonlinear boundary value problems are important and is very rare to obtain. Recently many methods like Adomian Decomposition Method (ADM) [1, 7, 14, 20], Homotopy Perturbation Method (HPM) [6, 8, 10], Shooting Type Laplace Decomposition Algoritm (STLADA)[5, 15, 16] have been discussed in detail and their applications have been illustrated. Reversion Method is applicable

* *Assistant Professor, Department of Mathematics, Government College, Kariavattom, Thiruvananthapuram, Kerala, E-mail: baijupoint@gmail.com*

to the solution of nonlinear differential equations of a certain class. This method is introduced by Louis. A. Pipes in 1952 [11, 13, 18]. Other procedures leading to the same general ideas were published in [12]. These papers deal with the nonlinear ordinary differential equations with initial value problems. But, in the present paper, the Reversion Method is applied to solve some nonlinear boundary value problems of any order.

In the study of certain physical problems arising in mechanics especially fluid mechanics, thermodynamics and many biological phenomena whose mathematical formulation leads to nonlinear differential equations. It has been foud that the solution of such problems is very difficult to obtain or much labor is required to solve if the nonlinearity is complicated. Complexity of the available methods reveal the need of the Reversion method at the present stage. This method is applicable to the initial value problems and boundary value problems with polynomial, exponential and trigonometric nonlinearity. Most of the available methods can't be applied to trigonometric nonlinearity. But the Reversion Method is applicable to these type of nonlinearities. The Reversion Method reduces the nonlinear differential equations to a system of linear differential equations. When the methods of the Laplace transform theory or the method of linear differential equation theory are applied to the solution of the resulting system of differential equations, the method saves a great deal of numerical effort. In the Reversion Method, there is no need of choosing the initial term and the initial term obtained directly from the method.

In the present paper, I introduce the application of the Reversion Method (RM) to nonlinear boundary value problems, to ordinary differential equations with different type of nonlinearities. This is an easy method to solve such type of nonlinear differential equations. Numerical experiments are very encouraging.

## 2 Analysis of the Method

Consider the nonlinear differential equation of the form

$$a_1u + a_2u^2 + a_3u^3 + a_4u^4 + ... + a_nu^n + ... = kf(t) \tag{2.1}$$

where $t$ is in the independent variable, $u$ is the dependent variable which is to be determined, $k$ is a constant, $f(t)$ is a given function in $t$. The coefficient $a_i$'s are the operators with $a_1 \neq 0$ and the initial or boundary conditions are specified.

Let the solution of (2.1) is of the form

$$u = A_1k + A_2k^2 + A_3k^3 + ... \tag{2.2}$$

the terms $A_i$'s: $i = 1, 2, 3, ...$ are to be determined. Substituting (2.2) in (2.1) and equating coefficients of like powers of $k$. Then we get the following equations for the coefficients.

$$A_1 = \frac{f(t)}{a_1} \tag{2.3}$$

$$A_2 = \frac{-a_2A_1^2}{a_1} \tag{2.4}$$

$$A_3 = \frac{-1}{a_1}[2a_2A_1A_2 + a_3A_1^3] \tag{2.5}$$

$$A_4 = \frac{-1}{a_1}[a_2(A_2^2 + 2A_1A_3) + 3a_3A_1^2A_2 + a_4A_1^4] \tag{2.6}$$

$$A_5 = \frac{-1}{a_1}[2a_2(A_1A_+A_2A_3) + 3a_3(A_1A_2^2 + A_1^2A_3) + 4a_4A_2A_1^3 + a_5A_1^5] \tag{2.7}$$

$$A_6 = \frac{-1}{a_1}[a_2(A_3^2+2A_1A_5+2A_2A_4)+a_3(A_2^33A_1^2A_4+6A_1A_2A_3)+2a_4(2A_1^2A_2^2+2A_1^3A_3)+ \\ 5a_5A_1^4A_2 + a_6A_1^6] \tag{2.8}$$

Additional coefficients can be found in Van Orstrand's paper [17] in which a list of first thirteen coefficients is given.

For convenience, we take $k = 1$ and on substitution into (2.2), we get the approximate analytic solution. All the coefficients obtained are linear diffrerential equations with initial or boundary conditios, which can be solved either by using Laplace transforms or any method suitable to the linear differential equation theory. Then we obtain the solutions of the system of linear equations as $A_i$'s.

# 3 Numerical Experiments

**Example 3.1**(Polynomial nonlinearity)

Consider the nonlinear differential equation of the electrical behavior of cell membrane [2, 3, 4, 9, 14, 20]

$$\frac{d^2}{dx^2} = u + u^3 \tag{3.1}$$

with boundary conditions $u(0) = 1, u'(1) = 0; 0 < x < 1$ (3.2)

Comparison of (3.1) with (2.1), we see that

$a_1 = \frac{d^2}{dx^2} - 1$, $a_2 = 0$, $a_3 = -1$, $a_4 = a_5 = ... = 0$ and $f(t) = 0$

Assume that $u(x) = A_1k + A_2k^2 + A_3k^3 + ...$ is a solution of (3.1).

By Reversion method, $A_1 = \frac{f(t)}{a_1}$ which yields the differential equation as

$$\frac{d^2A_1}{dx^2} - A_1 = 0 \tag{3.3}$$

Solving (3.3), we get

$$A_1(x) = c_1e^x + c_2e^{-x} \tag{3.4}$$

Hence the first approximation is $y(x) = A_1k$

For convenience $k = 1$, the approximate solution $y(x) = c_1e^x + c_2e^{-x}$ (3.5)

Using the boundary conditions from (3.2) to (3.5), we get the system of equations as

$$c_1 + c_2 = 1; c_1e - c_2e^{-1} = 1 \tag{3.6}$$

Solving these system, we get $c_1 = \frac{1}{e^2+1}$ and $c_2 = \frac{e^2}{e^2+1}$.

Hence $A_1(x) = \frac{1}{e^2+1}e^x + \frac{e^2}{e^2+1}e^{-x}$ and the solution for the first approximation is

$$y(x) = \frac{1}{e^2+1}e^x + \frac{e^2}{e^2+1}e^{-x} \tag{3.7}$$

For the second approximation, $A_2 = \frac{-a_2A_1^2}{a_1}$ gives $a_1A_2 = 0$

Corresponding linear differential equation is $\frac{d^2A_2}{dx^2} - A_2 = 0$, gives the solution as

$A_2(x) = c_3e^x + c_4e^{-x}$ and the approximate solution at this stage is

$$y(x) = \frac{1}{e^2+1}e^x + \frac{e^2}{e^2+1}e^{-x} + c_3e^x + c_4e^{-x} \tag{3.8}$$

Using the boundary conditions, we get the values of $c_3$ and $c_4$. Hence $A_2 = 0$ and the approximate solution is same at this stage. For third approximation, $A_3 = \frac{-1}{a_1}[2a_2A_1A_2 + a_3A_1^3]$, then $a_1A_3 = -a_3A_1^3$. On substitution of the values, we get a linear differential equation as $\frac{d^2A_3}{dx^2} - A_3 = [\frac{1}{e^2+1}e^x + \frac{e^2}{e^2+1}e^{-x}]^3$ yielding the solution as

$$A_3(x) = c_5e^x + c_6e^{-x} + \frac{1}{(e^2+1)^3}[\frac{e^{3x}}{8} + \frac{e^{6-3x}}{8} + \frac{3}{2}xe^{2+x} - \frac{3}{2}xe^{4-x}] \tag{3.9}$$

At this stage the approximate solution is

$$y(x) = \frac{1}{e^2+1}e^x + \frac{e^2}{e^2+1}e^{-x} + c_5e^x + c_6e^{-x} + \frac{1}{(e^2+1)^3}[\frac{e^{3x}}{8} + \frac{e^{6-3x}}{8} + \frac{3}{2}xe^{2+x} - \frac{3}{2}xe^{4-x}]$$

Using the conditions in (3.2), one can find the parameters $c_5$ and $c_6$, the approximate analytic solution obtained at this stage as

$$u(x) = \frac{1}{e^2+1}e^x + \frac{e^2}{e^2+1}e^{-x} - \frac{e^6+24e^4+1}{8(e^2+1^4}e^x - \frac{e^2(e^6-24e^2+1)}{8(e^2+1)^4}e^{-x} + \frac{1}{(e^2+1)^3}[\frac{e^{3x}}{8} + \frac{e^{6-3x}}{8} + \frac{3}{2}xe^{2+x} - \frac{3}{2}xe^{4-x}] \tag{3.10}$$

The above process is applied to (2.6), we get $A_4 = 0$. It can also be seen that

$$A_6 = A_8 = ... = A_{2n} = 0.$$

For the next approximation the analytic solution is

$$u(x) = \frac{1}{e^2+1}e^x + \frac{e^2}{e^2+1}e^{-x} - \frac{e^6+24e^4+1}{8(e^2+1^4}e^x - \frac{e^2(e^6-24e^2+1)}{8(e^2+1)^4}e^{-x} + \frac{1}{(e^2+1)^3}[\frac{e^{3x}}{8} + \frac{e^{6-3x}}{8} + \frac{3}{2}xe^{2+x} - \frac{3}{2}xe^{4-x}] + \frac{2e^{12}+92e^{10}+933e^8-738e^6+165e^4+20e^2+2}{64(e^2+1)^7}e^x + \frac{e^2(2-978e^6+837e^4+20e^{10}-52e^2+2e^{12}-123e^8)}{(e^2+1)^7}e^{-x} - \frac{3}{64}(\frac{e^6+24e^4+1}{(e^2+1)^6})e^{3x} - \frac{3e^2(e^6-24e^2+1)}{16(e^2+1)^6}xe^x + \frac{1}{64(e^2+1)^5}e^{5x} - \frac{3e^6}{16(e^2+1)^5}xe^{-x} + \frac{9e^2}{64(e^2+1)^5}(4x-3)e^{3x} - \frac{9e^4}{8(e^2+1)^5}(x^2-x)e^x + \frac{3(e^6+24e^4+1)}{16(e^2+1)^6}xe^{4-x} - \frac{3e^2(e^6-24e^2+1)}{64(e^2+1)^6}e^{4-x} + \frac{3e^4}{16(e^2+1)^5}xe^x + \frac{1}{64(e^2+1)^5}e^{10-5x} - \frac{9e^6}{8(e^2+1)^5}e^{-x}(x^2+x) - \frac{9e^8}{64(e^2+1)^5}e^{-3x}(4x+3) - \frac{3e^2(e^6+24e^4+1)}{8(e^2+1)^6}xe^x + \frac{3e^4(e^6-24e^2+1)}{8(e^2+1)^6}xe^{-x} + \frac{3e^2}{32(e^2+1)^5}e^{3x} + \frac{3e^8}{32(e^2+1)^5}e^{-3x} + \frac{9e^4}{4(e^2+1)^5}e^x(x^2-x) + \frac{9e^6}{4(e^2+1)^5}(x^2+x)e^{-x} \tag{3.11}$$

| Value $x$ | RM $S_2$ | STLADA $S_4$ | ADM $S_5$ | Var [3] | Upper [19] | Lower [19] | Exact |
|---|---|---|---|---|---|---|---|
| 0.0 | 0.0000 | 0.0000 | 0.0000 | 0.0000 | 0.0000 | 0.0000 | 0.0000 |
| 0.1 | -0.0414 | -0.0414 | -0.0414 | -0.4041 | -0.0415 | -0.0414 | -0.0414 |
| 0.2 | -0.0733 | -0.0733 | -0.0733 | -0.0730 | -0.0733 | -0.0732 | -0.0733 |
| 0.3 | -0.0958 | -0.0958 | -0.0958 | -0.0970 | -0.0959 | -0.0958 | -0.0958 |
| 0.4 | -0.1093 | -0.1092 | -0.1092 | -0.1116 | -0.1093 | -0.1092 | -0.1092 |
| 0.5 | -0.1137 | -0.1137 | -0.1137 | -0.1165 | -0.1138 | -0.1137 | -0.1137 |

Table 2: **Comparison with the existing results**

stage with $k = 1$ is

$$u(x) = \frac{1}{e+1}e^x + \frac{e}{e+1}e^{-x} - 1 + \frac{5e^2+15e+2}{6(e+1)^3}e^x + \frac{e(2e^2+9e-1)}{6(e+1)^3}e^{-x} + \frac{1}{6(e+1)^2}[e^{2x} - 12e - 3xe^{x+1} - 3xe^x + e^{2-2x} + 3xe^{2-x} + 3xe^{1-x} - 3e^2 - 3]$$

Exact solution of the nonlinear differential equation is $u(x) = -ln2+ln\{n.sec[c(\frac{x-0.5}{2})]\}$ where $c$ is a root of $\sqrt{2} = c.sec(\frac{c}{4})$ lying between 0 and $\frac{\pi}{2}$; namely 1.3360557. Table 2 shows the convergence of the sequences $S_n(x)$ for various values of $x$; $n = 1, 2, 3, 4, ....$ From this, one can observe that the Reversion Method converges very fast for lower number of iterations. Comparison is made with the existing results using Shooting Type Laplace Decomposition Algorithm (STLADA) [5], Adomian Decomposition Method (ADM) [14, 20], Complementary Variational Method [3] and Loweer and upper solutions [19]. From these methods, Reversion Method converges very rapidly to the exact solution.

## 4 Conclusion

In the present method, we see that convergence is very fast and give accurate results. This method is closely associated with the method of Picard's for solving differential equations. A study of the convergence of the process indicates that convergence is

rapid if the nonlinearities involved are small and in such cases it is only necessary to compute a few terms of the series to obtain an accurate solution of the differential equations under consideration. Computations involved are performed using Maple.

**References**

[1] G. Adomian, *Solving Frontier Problems of Physics: The Decomposition Method*, Kluwer, Boston, 1994.

[2] N. Anderson and A.M. Arthurs, Complementary variational principles for the steady-state finite cable model of nerve membrane, *Bull.Math.Biol.*, **40**(1978), 735 − 742.

[3] N. Anderson, A.M. Arthurs and P.D. Robinson, Pair of Complementary variational principles, *J.Inst. Maths.Applics.*, **5**(1969), 422 − 431.

[4] A.M. Arthurs and W.M. Arthurs, Pointwise bounds for the solution of a nonlinear membrane in cell membrane theory, *Bull.Math.Biol.*, **45**(1983), 155 − 168.

[5] S.Baiju, Laplace - Adomian Decomposition Algorithms and its Applications, *Ph.D Thesis*, University of Kerala, Thiruvananthapuram, 2013.

[6] B. Batiha, M.S.M. Noorani and I. Hashim, Numerical solution of the nonlinear integro-differential equations, *Int.J.Open Problems.Comput.Math.*, **1**(1)(2008), 36 − 42.

[7] D. Bigi and R. Riganti, Solutions of nonlinear boundary value problems by the decomposition method, *Appl.Math.Modelling.*, **10**(1985), 48 − 52.

[8] J.-H. He, Homotopy Perturbation Technique, *Comput.Methods.Appl.Mech.Engg.*, **178**(1999), 257 − 262.

[9] J.M. Kootsey, The steady-state finite cable; Numerical Method for nonlinear membrane, *Jour.Theor.Biol.*, **64**(1977), 413 − 420.

rapid if the nonlinearities involved are small and in such cases it is only necessary to compute a few terms of the series to obtain an accurate solution of the differential equations under consideration. Computations involved are performed using Maple.

**References**

[1] G. Adomian, *Solving Frontier Problems of Physics: The Decomposition Method*, Kluwer, Boston, 1994.

[2] N. Anderson and A.M. Arthurs, Complementary variational principles for the steady-state finite cable model of nerve membrane, *Bull.Math.Biol.*, **40**(1978), 735 − 742.

[3] N. Anderson, A.M. Arthurs and P.D. Robinson, Pair of Complementary variational principles, *J.Inst. Maths.Applics.*, **5**(1969), 422 − 431.

[4] A.M. Arthurs and W.M. Arthurs, Pointwise bounds for the solution of a nonlinear membrane in cell membrane theory, *Bull.Math.Biol.*, **45**(1983), 155 − 168.

[5] S.Baiju, Laplace - Adomian Decomposition Algorithms and its Applications, *Ph.D Thesis*, University of Kerala, Thiruvananthapuram, 2013.

[6] B. Batiha, M.S.M. Noorani and I. Hashim, Numerical solution of the nonlinear integro-differential equations, *Int.J.Open Problems.Comput.Math.*, **1**(1)(2008), 36 − 42.

[7] D. Bigi and R. Riganti, Solutions of nonlinear boundary value problems by the decomposition method, *Appl.Math.Modelling.*, **10**(1985), 48 − 52.

[8] J.-H. He, Homotopy Perturbation Technique, *Comput.Methods.Appl.Mech.Engg.*, **178**(1999), 257 − 262.

[9] J.M. Kootsey, The steady-state finite cable; Numerical Method for nonlinear membrane, *Jour.Theor.Biol.*, **64**(1977), 413 − 420.

[10] A.H. Nayfeh, *Problems in Perturbation*, John Willey, New York, 1985.

[11] L.A. Pipes, The Reversion Method for solving nonlinear differential equations, *Jour.Appl.Phy.*, **23(2)**(1952), 202 − 207.

[12] L.A. Pipes, Operational Analysis of nonlinear Dynamical systems, *Jour.Appl.Phy.*, **13**(1942), 117.

[13] L.A. Pipes, *Applied Mathematics for Engineers and Physcists*: McGraw-Hill Book Company, Inc., New York, 1946.

[14] T.R.Sivakumar, Some variants of Adomian's Decomposition Method and their applications, *Ph.D Thesis*, IIT, Madras, 1990.

[15] T.R. Sivakumar and S.Baiju, Shooting Type Laplace-Adomian decomposition Algorithm for nonlinear differential equations with boundary condition at infinity, *Appl.Math.Lett.*, **24**(10)(2011), 1702 − 1708.

[16] T.R. Sivakumar and S.Baiju, Shooting Type Laplace-Adomian Decomposition Algorithm and their applications, *Bull.Ker.Math.Associ.*, **9**(2)(2012), 259 − 277.

[17] Suheil.A.Khuri, A Laplace Decomposition Algorithm applied to a class of nonlinear differential equations, *J.Appl.Math.*, **1**(4), 2001, 141 − 155.

[18] C.E. Van Ostrand, Philosophical Magazine, **19**(1910), 366.

[19] A.Varma and W.Strieder, Approximate solutions of nonlinear boundary value problems, *IMA, Jour.Appl.Math.*, **34**(1985), 165 − 171.

[20] S.N.Venkataranghan and T.R.Sivakumar, A modification of Adomian's Decomposition Method for boundary value problems with homogeneous boundary conditions, *J.Math.Phy.Sci.*, **24**(1990), 19 − 24.

□

# നവോത്ഥാനധൈഷണികതയുടെ എഴുത്തകങ്ങൾ

ആതിര കുഞ്ഞുമോൻ*

നവോത്ഥാനം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് പുത്തൻ ഉണർവ്വ് എന്നാണ്. നവോത്ഥാനം എന്ന സംജ്ഞയ്ക്ക് സംസ്കാരവും നവോത്ഥാനവും എന്ന തന്റെ പുസ്തകത്തിൽ പി. ഗോവിന്ദപിള്ള നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്: 'പതിനാലാം ശതാബ്ദത്തിൽ ഇറ്റലിയിൽ ആരംഭിച്ചതും അനന്തരം 15-ഉം 16-ഉം ശതാബ്ദങ്ങളിൽ പാശ്ചാത്യലോകമാകെ പടർന്നു കയറിയതുമായ ക്ലാസിക്കൽ സാംസ്കാരിക മാതൃകകളുടെ വികാസത്തിന്റെ തണലിൽ രൂപം കൊണ്ട കലാസാഹിത്യാദികളുടെ മഹത്തായപുനരുത്ഥാനം.ക്ലാസിക്കൽ യവന-റോമൻ സംസ്കൃതിയുടെ പുനരുദ്ധാരണമെന്നത് വളരെ സങ്കീർണ്ണമായ പ്രതിഭാസമായിരുന്നു. ഈ ചരിത്രപരമായ പ്രസ്ഥാനത്തെ സൂചിപ്പിക്കുവാൻ ഇന്ന് പൊതുവിൽ ഉപയോഗിക്കുന്ന പദമാണ് നവോത്ഥാനം' ( 2011:8). വികാരവിചാരങ്ങളുടേയും സാഹിത്യാദി കലകളുടേയും ദാർശനിക ചിന്തകളുടേയും ശാസ്ത്രയുക്തിയുടേയും മൂല്യവ്യവസ്ഥയുടേയും കൂടികലർപ്പായ ഒരു സംസ്കാരത്തെ നവോത്ഥാനം സൃഷ്ടിച്ചെടുത്തു. നവോത്ഥാനത്തിന്റെ അനുബന്ധമായി ആധുനീകരണത്തെ വിലയിരുത്താം. മതനവീകരണം, ഫ്യൂഡൽ വ്യവസ്ഥിതിയോടുള്ള എതിർപ്പ്, വൈജ്ഞാനിക രംഗങ്ങളിലെ ഉണർവ്വ്, രാജ്യാധിപത്യ വിരുദ്ധത, വാണിജ്യ രംഗങ്ങളിലെ പുരോഗതി, കീഴ്വഴക്കങ്ങളെ ലംഘിച്ചുകൊണ്ട് സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിലുള്ള സാഹിത്യ രചന തുടങ്ങിയവ നവോത്ഥാനത്തിന്റെ മുഖമുദ്രകളായിരുന്നു.

* *സ്കൂൾ ഓഫ് ലെറ്റേഴ്സ്, ഗവേഷകവിദ്യാർത്ഥിനി, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം*

പാശ്ചാത്യ നവോത്ഥാനത്തിന്റെ പ്രതിരൂപമായിരുന്നില്ല ഇന്ത്യൻ നവോത്ഥാനം. ജാതി വ്യവസ്ഥയിൽ അധിഷ്ഠിതമായ സാമൂഹീക ശ്രേണീകരണത്തിനോടും വൈദേശിക ആധിപത്യത്തിനോടും ഇന്ത്യൻ നവോത്ഥാനം ഒരേ സമയം പ്രതികരിച്ചിരുന്നു. 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഭരണകാലത്താണ് ഇന്ത്യയിൽ ആധുനികനവോത്ഥാനപ്രസ്ഥാനങ്ങൾ ആരംഭിക്കുന്നത്. ഈ നിലയിൽ ഏതാണ്ട് നാലര ശതാബ്ദത്തോളമുള്ള കാലവ്യത്യാസം ഇവയ്ക്കുണ്ട്. ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനം, ഇന്ത്യയുടെ ഭൂതകാലത്തെ കണ്ടെത്തൽ, ഓറിയന്റലിസ്റ്റുകളുടെയും ഇന്ത്യൻ പണ്ഡിതന്മാരുടെയും സ്വാധീനം, സർഗ്ഗാത്മക സാഹിത്യം എന്നിവയാണ് ഇന്ത്യൻ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനുള്ള മുഖ്യ കാരണങ്ങളെന്ന് പി.എഫ്. ഗോപകുമാർ കേരളീയ നവോത്ഥാനം എന്ന പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നു. (2008:15)

ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചത് ബംഗാളിൽ ആയിരുന്നു. രാജാറാം മോഹൻറോയിയെ ആധുനിക നവോത്ഥാനത്തിന്റെ പിതാവായി കരുതുന്നു. സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ അദ്ദേഹം ശക്തമായി പ്രതികരിച്ചിരുന്നു. രാജാറാം മോഹൻ റോയി നേതൃത്വം കൊടുത്ത ബ്രഹ്മസമാജം (1928), ദയാനന്ദ സരസ്വതിയുടെ ആര്യസമാജം (1875),ഗോപാലകൃഷ്ണ ഗോഖലെയുടെ തിയോസോഫിക്കൽ സൊസൈറ്റി (1875) തുടങ്ങിയവ ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനങ്ങളിൽ പ്രമുഖമായിരുന്നു. അവർണ്ണരോടുള്ള ചൂഷണത്തിനെതിരെ പ്രതികരിച്ച കീഴാള പ്രസ്ഥാനമെന്ന നിലയിൽ ജ്യോതിറാവു ഫൂലെയുടെ സത്യശോധക് സമാജത്തിന് ചരിത്രപരമായ പ്രാധാന്യം ഏറെയുണ്ട്.

ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനങ്ങളെ ആകമാനം വിലയിരുത്തുമ്പോൾ, സമൂഹത്തിൽ നിലനിന്നിരുന്ന ജാതീയമായ ഉച്ചനീചത്വങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പ്രതികരണങ്ങളും കോളനീകരണത്തോടുള്ള എതിർപ്പും പൊതുവെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളായിരുന്നു എങ്കിലും അതിന്റെ ആഴവും പരപ്പും വിമർശനാത്മകമായി പുന:പരിശോധിക്കേണ്ടതുണ്ട്.

സമൂഹത്തിന്റെ സുഗമമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന ദുഷ്പ്രവണതകൾക്ക് എതിരെ ഇന്ത്യൻ സമൂഹം എല്ലാകാലത്തും പ്രതികരിച്ചിട്ടുണ്ട്. ജൈന-ബുദ്ധദർശനങ്ങളെ ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. കൂടാതെ കർണ്ണാടകത്തിലെ വീരശൈവ പ്രസ്ഥാനത്തിന്റെ സ്ഥാപകനായിരുന്ന ബസവേശ്വരന്റെ പരിഷ്കരണ പ്രവർത്തനങ്ങളേയും പരിഗണിക്കാവുന്നതാണ്. ഈ നിലയിൽ ഇന്ത്യയിലെ സാമൂഹ്യ-മത-പരിഷ്കരണപ്രസ്ഥാനങ്ങളേയും അവ മുലമുണ്ടായ ധൈഷണിക ഉന്നമനത്തിന്റെയും പിന്നിൽ പ്രവർത്തിച്ച ഊർജ്ജസ്രോതസ്സുകളായി ബ്രിട്ടീഷ് ഭരണത്തേയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തേയും പൂർണ്ണമായി കരുതുക വയ്യ. എങ്കിലും ഇവ മൂലമുണ്ടായ വൈജ്ഞാനികവും ധൈഷണികവുമായ യൂറോപ്യൻ ആശയങ്ങൾ ഇന്ത്യയിലെ പരിഷ്കരണപ്രസ്ഥാനങ്ങൾക്ക് ഉത്തേജനമേകി. ക്രൈസ്തവ മിഷനറിമാരുടെ മതപരിവർത്തന/നവീകരണ പ്രവർത്തനങ്ങളോട് വിയോജിപ്പും ഇവിടെ പ്രകടമായിരുന്നു. കുമാരനാശാന്റെ മതപരിവർത്തന രസവാദവും കുമാരഗുരുദേവന്റെ വേദപുസ്തക നിരാകരണവും ഇവിടെ ചിന്തനീയമാണ്.

അഭ്യസ്തവിദ്യരായ ഉപരിവർഗ്ഗത്തേയും മധ്യമവർഗ്ഗത്തേയുമാണ് നവീകരണ പ്രസ്ഥാനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചത്. അവ സമൂഹത്തിന്റെ മുകൾത്തട്ടിൽ ഒതുങ്ങി നിൽക്കുകയും ബഹുജന പങ്കാളിത്തത്തെ നിരാകരിക്കുകയും ചെയ്തിരുന്നു. ഈ വിഭാഗം തന്നെയായിരുന്നു പാശ്ചാത്യ ആശയങ്ങളെ കൂടുതൽ ആർജ്ജിച്ചതും. കീഴാള പിന്നോക്ക മുന്നേറ്റങ്ങളായ ജ്യോതിറാവു ഫൂലെയുടെ സത്യശോധക് സമാജം, ശ്രീനാരായണ ഗുരു നേതൃത്വം കൊടുത്ത എസ്.എൻ.ഡി.പി എന്നിവ മാറ്റി നിർത്തിയാൽ ഈ വാദത്തിന് അങ്ങേയറ്റം പ്രസക്തിയുണ്ട്. ബ്രിട്ടീഷ് ഭരണത്തിന്റെ യഥാർത്ഥ സ്വഭാവം തിരിച്ചറിയുന്നതിലും ഈ പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടു. സാമ്രാജ്യത്വചട്ടകൂടിനുള്ളിൽ നിന്നുകൊണ്ടാണ് പല പരിഷ്കർത്താക്കളും പ്രവർത്തിച്ചത്. അതിരുകടന്ന മതാവേശത്തിലേക്കും ഭൂതകാല ആരാധനയിലേക്കും ഇവ കടന്നു ചെന്നിട്ടുമുണ്ട്.

ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രാദേശിക ഭാവങ്ങൾ വിഭിന്നമായിരുന്നു. ഇതിൽ കേരളീയ നവോത്ഥാനം സവിശേഷമായ പഠനം അർഹിക്കുന്നു; വിശേഷിച്ചും സമൂഹത്തിന്റെ ഇടതട്ടിൽനിന്നും ആരംഭിക്കുകയും വിപുലപ്പെടുകയും അവ സമൂഹത്തിന്റെ മുകൾ തട്ടിലേക്കും തീർത്തും താഴേ തട്ടിലേക്കും വ്യാപിക്കുകയും ചെയ്ത സാഹചര്യമാണുള്ളത്.

കേരള ചരിത്രത്തിന്റെ ആരംഭദശയിലും സംഘകാലഘട്ടത്തിലും ജാതിവ്യവസ്ഥ ഉണ്ടായിരുന്നതായി അറിവില്ല. ഭൂമിശാസ്ത്രപരവും തൊഴിൽപരവുമായ വേർതിരിവുകളിൽ നിന്നും ജാതീയമായ അസമത്വങ്ങളിലേക്ക് സാമൂഹ്യഘടനയെ പുനർനിർമ്മിച്ചത് ബ്രാഹ്മണരാണെന്ന വാദം പ്രബലമാണ്. ജാതീയമായ വേർതിരിവ്, വേഷം, ഭാഷ, ആചാരങ്ങൾ, ഭക്ഷണം, തൊഴിൽ എന്നിവയിലൊക്കെ ബ്രാഹ്മണാധീശത്വം പ്രതിഫലിക്കുകയും ജാതിവ്യവസ്ഥയുടെ ചരിത്രപരമായ പരിണാമം സംഭവിക്കുകയും ചെയ്തു. ജാതീയമായ അയിത്തം മൂലം അടിസ്ഥാനാവശ്യങ്ങളായ വസ്ത്രം, ഭക്ഷണം സഞ്ചാര സ്വാതന്ത്ര്യം, വിദ്യാഭ്യാസം എന്നിവ അവർണ്ണർക്ക് നിഷേധിച്ച കാലഘട്ടത്തിനോടുള്ള പ്രതികരണമായിട്ടാണ് കേരളീയ നവോത്ഥാനം ഉടലെടുക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തെയും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തേയുമാണ് നവോത്ഥാന കാലമെന്ന് വിലയിരുത്തുന്നതെങ്കിലും, ജനകീയവും കാര്യമാത്രപ്രസക്തവുമായ ധാരാളം പ്രക്ഷോഭങ്ങൾക്കും പ്രതികരണങ്ങൾക്കും കേരള സമൂഹം സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ജാതീയ അസംതൃപ്തികൾക്ക് എതിരെ ശബ്ദമുയർത്തുകയും ക്ഷേത്രപ്രതിഷ്ഠ നടത്തിയും പൊതുകിണർ നിർമ്മിച്ചും പോരാടിയ വൈകുണ്ഠസ്വാമികളായിരുന്നു നവോത്ഥാന പ്രവർത്തനങ്ങളുടെ ആദ്യവഴികാട്ടി. നവോത്ഥാന പ്രവർത്തനങ്ങൾക്ക് ജനകീയതയും സുശക്തവുമായ അടിത്തറ ലഭിച്ചത് ശ്രീനാരായണ ഗുരുവിന്റെ കടന്നുവരവോടെയാണ്. 1903-ൽ രൂപീകരിച്ച എസ്.എൻ.ഡി.പി-യുടെയും അതിന്റെ സഹയാത്രികരുടെയും പ്രവർത്തനങ്ങൾ കേരള നവോത്ഥാനത്തിന് പുതിയ മാനം നൽകി. ‘വിദ്യകൊണ്ട് പ്രബുദ്ധരാകു’വാനും ‘സംഘടനകൊണ്ട് ശക്തരാകു’വാനും ഗുരു ആഹ്വാനം ചെയ്തു. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കീഴാള സമൂഹത്തെ എത്തിച്ച അയ്യൻകാളി, ഹിന്ദുമതത്തേയും ക്രിസ്തുമതത്തേയും ദൈവസശാസ്ത്രപരമായി വിമർശിക്കുകുയം അടി

മജാതി വിഭാഗങ്ങളെ ജാതിമതഗോത്ര വ്യവസ്ഥയ്ക്കു പുറത്ത് പ്രത്യക്ഷരക്ഷാദൈവ സഭയിലൂടെ ഏകീകരിക്കുകയും ചെയ്ത കുമാരഗുരുദേവൻ, ആനന്ദമതസ്ഥാപകൻ ബ്രഹ്മാനന്ദശിവയോഗി, അധ:കൃതർക്കുവേണ്ടി യത്നിച്ച പണ്ഡിറ്റ് കെ.പി. കറുപ്പൻ, നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്ക് എതിരെ ശബ്ദിച്ച വി.ടി., മുസ്ലിം നവോത്ഥാന നായകനായ വക്കം മൗലവി, നായർ സമുദായത്തിലെ അനാചാരങ്ങൾക്ക് എതിരെ പ്രവർത്തിച്ച മന്നത്ത് പത്മനാഭൻ തുടങ്ങിയവർ കേരള നവോത്ഥാനത്തിന് ഉയിരും ഉണർവ്വും നൽകിയ നേതാക്കളായിരുന്നു.

സഹോദരൻ അയ്യപ്പൻ ഇതര നവോത്ഥാന നായകരിൽനിന്നും എപ്രകാരം വ്യത്യസ്ത നാകുന്നു അഥവാ അദ്ദേഹത്തിന്റെ കർത്തൃത്വം എന്തായിരുന്നു? നവോത്ഥാന ധൈഷണി കതയുടെ 'അയ്യപ്പതലം' എന്തായിരുന്നു? പുനർപഠനങ്ങൾ വീണ്ടും അനിവാര്യമാക്കുന്ന ചില ചോദ്യങ്ങളാണിവ.

ഒരു ബഹുമുഖ പ്രതിഭയായിരുന്നു സഹോദരൻ അയ്യപ്പൻ (1889–1968). ജാതീയാസമത്വ ങ്ങൾ ഇല്ലാതാക്കാൻ പ്രയത്നിച്ച സാമൂഹിക പരിഷ്കർത്താവ്, മികച്ച വാഗ്മി, സമർത്ഥനായ അധ്യാപകൻ, വിപ്ലവകാരിയായ പത്രപ്രവർത്തകൻ, യുക്തിവാദി, രാഷ്ട്രീയ പ്രവർത്തകൻ, നയതന്ത്രജ്ഞനായ ഭരണാധികാരി, തികഞ്ഞ മനുഷ്യസ്നേഹി, സാഹിത്യകാരൻ ഇങ്ങനെ എല്ലാ മേഖലകളിലും അദ്ദേഹം സജീവ സാന്നിധ്യമായിരുന്നു.

കേരളത്തിന്റെ സാമൂഹിക പരിഷ്കരണ രംഗങ്ങളിൽ സഹോദരൻ അയ്യപ്പന്റെ നേതൃത്വം വളരെ ശക്തമായിരുന്നു. കുറ്റിപ്പുഴ ഇപ്രകാരം പറയുന്നു: 'സമഗ്രവും സർവ്വം കഷവുമായിരുന്ന ഈ ധീരനേതാവിന്റെ ജാതിനാശ സമരം മറ്റുചില പരിഷ്കൃതനാശാ ന്മാർ ജാതി വൃക്ഷത്തിന്റെ കുറെ പുറം പടർപ്പുകൾ നീക്കം ചെയ്യാനൊരുങ്ങിയപ്പോൾ സഹോദരൻ അതിന്റെ നാരായവേരു മുറിച്ചു. മിശ്രവിവാഹം കൊണ്ടു വിരോധമില്ല എന്ന നിഷേധ രൂപത്തിലേ ശ്രീനാരായണഗുരു സ്വാമികൾ ആദ്യം ഉപദേശിച്ചുള്ളൂ. എന്നാൽ മിശ്രവിവാഹം കൊണ്ടേ ജാതി നശിക്കൂ. അതിനുവേണ്ടി അതു പ്രചരിപ്പിക്കണം എന്ന് വിധിരൂപത്തിൽ ഇടിനാദം മുഴക്കിയത് സഹോദരനാണ്. ആ ബ്രാഹ്മണ ചണ്ഡാലം ആരെയും ഞെട്ടിക്കുന്ന ഒരു വീരാട്ടഹാസമായിരുന്നു അത്. അതിന്റെ മാറ്റൊലി ഇന്നും കേരളത്തിൽ മുഴങ്ങുന്നു. ജാതി, മതം, വർഗ്ഗം എന്ന ഏതിന്റെയെങ്കിലും പേരിൽ മനു ഷ്യനു ആഢ്യതാനാട്യം നടത്തുന്ന കാലത്തോളം ആ നാദത്തിന് പുതുമയുണ്ടായിരിക്കും. അതൊരു വിപ്ലവ കാഹളമായിരിക്കുകയും ചെയ്യും.' (കൃഷ്ണപിള്ള, കുറ്റിപ്പുഴ, 1996:55)

സഹോദരൻ അയ്യപ്പന്റെ ധൈഷണികതലം ഇതര നവോത്ഥാനനായകരിൽ നിന്നും വിഭിന്നമായിരുന്നു. ഏതെങ്കിലും ഒരു ജാതിയുടെയോ മതത്തിന്റെയോ വക്താവോ, പരിഷ്കർത്താവായിട്ടോ അല്ല സഹോദരൻ അയ്യപ്പനെ വിലയിരുത്തേണ്ടത്. കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങൾക്ക് പലപ്പോഴും സാമുദായിക പരിഷ്കരണത്തിന്റെ മുഖമുണ്ടാ യിരുന്നു. സാമൂഹ്യശ്രേണിയിലെ ഉന്നത വിഭാഗങ്ങൾക്കിടയിലുണ്ടായ യോഗക്ഷേമ സഭ പോലെയുള്ള പ്രസ്ഥാനങ്ങളുടെ ലക്ഷ്യം 'നമ്പൂതിരിയെ മനുഷ്യനാക്കുക' എന്നുള്ളതാ യിരുന്നു. സാധുജനപരിപാലനയോഗം പോലുള്ളവ കീഴാള പ്രതിനിധാനത്തിനുവേണ്ടി

നില കൊള്ളുകയും ചെയ്തു. ഈഴവകുല ജാതനായിരുന്ന സഹോദരൻ അയ്യപ്പന്റെ ചിന്താവലികളെ വലിയൊരളവിൽ ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ സ്വാധീനിച്ചിരുന്നു. ഒരു പക്ഷേ, പ്രായോഗിക തലത്തിൽ ഗുരുവിന്റെ സന്ദേശങ്ങളെ നടപ്പിലാക്കുവാൻ യത്നിച്ച ഒരേയൊരു പിൻഗാമി അയ്യപ്പൻ മാത്രമായിരിക്കും.

ശ്രീനാരായണ ഗുരു ഉൾപ്പെടെയുള്ള നവോത്ഥാന നായകർ ജാതീയമായ അസമത്വങ്ങളെ വിലയിരുത്തിയിരുന്നത് പലപ്പോഴും അതിന്റെ ദാർശനിക തലങ്ങളിൽ നിന്നുകൊണ്ടുമാത്രമായിരുന്നു. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് തുടങ്ങിയ സന്ദേശങ്ങൾ നൽകുമ്പോഴും ഗുരു 'ജാതി'യെ മുകൾ തട്ടിൽ നിന്നും നിർവ്വചിക്കുകയും നോക്കികാണുകയുമായിരുന്നു. എന്നാൽ അയ്യപ്പനാകട്ടെ ജാതി സമ്പ്രദായത്തെ വിലയിരുത്തിയത് 'വസ്തുതാപര'മായിട്ടായിരുന്നു. അതുകൊണ്ടാണ് ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന ഗുരു സന്ദേശം ശിഷ്യനിലെത്തുമ്പോൾ ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട എന്ന നിലയിലേയ്ക്ക് എത്തുന്നത്. ജാതി, മതം, ദൈവം ഇവയുടെ ഏകത്വം/സമത്വം ഗുരു ദർശിച്ചപ്പോൾ, അതിന്റെ നിരാകരണത്തിലാണ് അയ്യപ്പൻ ചെന്നെത്തുന്നത്. പ്രായോഗിക തലത്തിൽ ജാതി വ്യവസ്ഥയുടെ ഉന്മൂലനത്തെ കുറിച്ചായിരുന്നു അയ്യപ്പൻ ചിന്തിച്ചിരുന്നത്. മിശ്രവിവാഹത്തിലൂടെയും മിശ്രഭോജനത്തിലൂടെയും മാത്രമെ ഇതു സാധ്യമാവുകയുള്ളൂ എന്ന ധാരണ സഹോദരൻ അയ്യപ്പനുണ്ടായിരുന്നു. ഇപ്രകാരം വിലയിരുത്തുമ്പോൾ സഹോദരൻ അയ്യപ്പന്റെ ചിന്താമണ്ഡലം അംബേദ്കറിനോടൊപ്പം എത്തി നിൽക്കുന്നു. 'പാപപരിഹാരമില്ലാത്ത രണ്ടു കുറ്റങ്ങൾ ഉണ്ട്. ഒന്ന് ഹിന്ദുമതമുപേക്ഷിച്ച് അന്യമതം സ്വീകരിക്കൽ. രണ്ട് മറ്റൊരു ജാതിയിലോ മതത്തിലോ പെട്ട ആളുമകളുമായുള്ള വിവാഹം. ഈ രണ്ടു കുറ്റങ്ങൾ മൂലം ഒരാളുടെ ജാതി നഷ്ടപ്പെടുകയാണെങ്കിൽ അത് ശാശ്വതമായിരിക്കും' (അംബേദ്കർ, 2000:39). അംബേദ്കറെ പോലെ ജാതി നിർമ്മാർജ്ജനമായിരുന്നു അയ്യപ്പന്റെ ദർശനം. 'ജാതി അനാവശ്യവും ദോഷകരവുമാണെന്ന ധാരണ സഹോദര സംഘം തുടങ്ങുന്നതിനു മുൻപ് തന്നെ എനിക്കുണ്ടായിരുന്നു. വിദ്യാഭ്യാസം സിദ്ധിച്ച ഈഴവ യുവാക്കൾക്ക് ആ ധാരണ എല്ലാക്കാലത്തും ഉണ്ടാകുന്നതാ'ണെന്ന് അയ്യപ്പൻ അഭിപ്രായപ്പെട്ടിരുന്നതായി പി.കെ. ബാലകൃഷ്ണൻ രേഖപ്പെടുത്തി കാണുന്നു. (ബാലകൃഷ്ണൻ, പി.കെ. 2012: 206). സഹോദരൻ അയ്യപ്പന്റെ സാമൂഹ്യവിപ്ലവസംരംഭങ്ങളിലെ ആദ്യത്തേതായിരന്നു മിശ്രഭോജനം. അദ്ദേഹവും ഏതാനും സുഹൃത്തുക്കളും രണ്ടു പുലയ കുട്ടികളും ചേർന്ന് ചെറായിലെ തുണ്ടിപറമ്പ് എന്ന സ്ഥലത്തുവെച്ച് 1917 മെയ് 29-ാം തീയതി മിശ്രഭോജനം സംഘടിപ്പിച്ചു. ജാതി നശീകരണം പ്രായോഗികമാക്കാൻ വേണ്ടി അവിടെ സംഘടിച്ചവർ ചേർന്ന ഒരു സത്യവാചകം ചൊല്ലി. ജാതി വ്യത്യാസം ശാസ്ത്രവിരുദ്ധവും ദോഷകരവും അനാവശ്യവുമായതുകൊണ്ട് അതിനെ ഇല്ലാതാക്കാൻ നിയമവിരുദ്ധമല്ലാത്ത വിധം കഴിയുന്നതൊക്കെ ചെയ്യാമെന്ന് ഞാൻ പൂർണ്ണമനസ്സാലെ സമ്മതിച്ച് സത്യം ചെയ്തുകൊള്ളുന്നു. (സാനു, എം.കെ. 2011:67). ജാതിയുടെ നിർമ്മാർജ്ജന പരിശ്രമങ്ങൾക്ക് മിശ്രഭോജനം നാന്ദി കുറിച്ചതായി കരുതാം. മിശ്രഭോജനത്തോടുള്ള പ്രമുഖരുടെ പ്രതികരണങ്ങൾ പലവിധമായിരുന്നു. ആദ്യം താക്കീത് ചെയ്യുകയും പിന്നീട് അനുകൂലിക്കുകയുമാണ് ആശാൻ ചെയ്തത്.

ജാതി വിശ്വാസം-സമൂഹത്തെ ബാധിച്ചിരിക്കുന്ന മാരകരോഗം - സമൂഹത്തെ കാർന്നു തിന്നുന്ന ക്യാൻസറാണെന്നും അതിനു ചികിത്സയായി ലേപനം പോര, ആന്തരിക ചികിത്സ തന്നെ വേണമെന്നും 'ജാതിചികിത്സാ സംഗ്രഹം' എന്ന തന്റെ കവിതയിലൂടെ അയ്യപ്പൻ പറയുന്നു. ജനമനസ്സുകളിൽ ആഴത്തിൽ വേരുറപ്പിച്ച ജാതിചിന്തക്ക് മാനസിക ചികിത്സ യാണാവശ്യം എന്ന ആശയത്തിലേക്കാണ് ഈ കവിത ചെന്നെത്തുന്നത്. തന്റെ ആശയ ങ്ങളെ സമൂഹത്തിനു മുൻപിൽ തുറന്നു പിടിക്കുവാനുള്ള ഉപാധിയായിട്ടാണ് അയ്യപ്പൻ കവിതകളെ കണ്ടിരുന്നത്. അതുകൊണ്ടുതന്നെ ഉപദേശരൂപത്തിലുള്ളതായിരുന്നു അദ്ദേ ഹത്തിന്റെ കവിതകൾ.

സാംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കിയ സംഘടനയായി രുന്നു സഹോദരസംഘം (1930). സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഇടയിൽ വ്യക്തമായ സ്ഥാനം ഈ സംഘടന അർഹിക്കുന്നു. മിശ്രവിവാഹത്തേയും മിശ്രഭോജനം എന്നിവയെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയായിരുന്നു സഹോദര സംഘം അയ്യപ്പൻ രൂപീകരിച്ചത്. പൊതുയോഗങ്ങൾ കൂടുക, ലഘുലേഖ വിതരണം ചെയ്യുക, സന്ദേശം പ്രചരിപ്പിക്കുക, ജാതി രാക്ഷസദഹനം തുടങ്ങിയ പരിശ്രമങ്ങളിലൂടെ സഹോദര പ്രസ്ഥാനം ജനഹൃദയങ്ങളിൽ ജാതിപരമായ ഉച്ചനീചത്വങ്ങൾക്ക് എതിരെ അവബോധം സൃഷ്ടിച്ചു. 'അനാചാരവിഷം തീണ്ടി മൂർച്ഛിച്ച ശവതുല്യമായി കിടന്ന കേരളീയർക്ക് നവജീവൻ നൽകി സഹോദര പ്രസ്ഥാനം' എന്ന് ജി. പ്രിയദർശൻ (2008:18) അഭിപ്രായ പ്പെടുന്നു.

സഹോദരൻ അയ്യപ്പൻ കരുത്തുറ്റ ഒരു പത്രപ്രവർത്തകനായിരുന്നു. സാമൂഹ്യമാറ്റത്തി നുള്ള ഉപാധിയായി, ജനങ്ങൾക്കിടയിലേക്ക് തന്റെ ആശയങ്ങളെ എത്തിക്കുവാനുള്ള ഒരു മാർഗ്ഗമായിരുന്നു അദ്ദേഹത്തിന് പത്രങ്ങൾ. സഹോദരൻ പത്രവും വേലക്കാരൻ പത്രവും നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥകൾക്ക് എതിരെ ശക്തമായ ഭാഷയിൽ പ്രതികരിച്ചു. സാംസ്കാരിക സാമൂഹ്യ-സാഹിത്യ മേഖലകളിലുള്ള അരാജകത്വം അയ്യപ്പന്റെ പത്രങ്ങളിലൂടെ പുറത്തുവന്നു.

മാനവികത, ജനകീയത, സ്വാതന്ത്ര്യ സമത്വം, സോഷ്യലിസം, വിപ്ലവ ബോധം, ശാസ്ത്ര വൈജ്ഞാനിക ആശയങ്ങൾ, സ്ത്രീ സ്വാതന്ത്ര്യം, യുക്തിചിന്ത തുടങ്ങിയവയിൽ അധി ഷ്ഠിതമായിരുന്നു സഹോദരൻ അയ്യപ്പന്റെ ധൈഷണിക വ്യവഹാരങ്ങൾ. പാശ്ചാത്യ ആശയാവലികളെ ഉൾക്കൊള്ളുവാനും അതിനെ കേരളത്തിന്റെ ബൗദ്ധികമണ്ഡലങ്ങളി ലേക്ക് എത്തിക്കുവാനും അയ്യപ്പന് സാധിച്ചിരുന്നു.

റഷ്യൻ വിപ്ലവത്തിന്റെ ആശയങ്ങളെ മലയാളികൾക്ക് പരിചയപ്പെടുത്തി കൊടുത്തതു സഹോദരനായിരുന്നു.അദ്ദേഹത്തിന്റെ യുക്തി ചിന്ത വെറും ഈശ്വരനോടുള്ള നിരാക രണമോ നിഷേധമോ ആയിരുന്നില്ല. ഭൗതിക പുരോഗതി ഇല്ലാതെയോ അല്ലെങ്കിൽ ഒരു വിഭാഗത്തിന് അവ അപ്രാപ്യമാവുകയോ ചെയ്തിരുന്ന ഒരു സാഹചര്യത്തോട് അദ്ദേഹ ത്തിന് എതിർപ്പുണ്ടായിരുന്നു. സ്വന്തം സഹോദരങ്ങൾ പട്ടിണി കിടക്കുമ്പോൾ നിങ്ങൾ കല്ലിനെ പാലൂട്ടുന്നതെന്തിനാണെന്നാണ് അയ്യപ്പൻ ചോദിക്കുന്നത്. ഈശ്വര വിശ്വാസ

ത്തിലൂടെ മതവും, മതത്തിലൂടെ ജാതിയും ജനിക്കുന്നു എന്ന തിരിച്ചറിവിലൂടെ ഈശ്വരനെ മറികടക്കുകയായിരുന്നു അദ്ദേഹം; ഒപ്പം സമൂഹത്തിലെ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും മറികടക്കുന്നതിന് യുക്തിചിന്ത അനിവാര്യമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഭരണിപ്പാട്ടും കോഴിവെട്ടും ഇല്ലാതാകുവാൻ അദ്ദേഹം അതിന്റെ നിരർത്ഥകതയെക്കുറിച്ച് ഉത്ബോധിപ്പിച്ചു.

യുക്തിയേന്തി മനുഷ്യന്റെ

ബുദ്ധിശക്തി ഖനിച്ചതിൽ

ലഭിച്ചതല്ലാതില്ലൊന്നും

ലോകവിജ്ഞാനരാശിയിൽ

എന്ന മുദ്രാവാക്യത്തോടു കൂടിയാണ് അയ്യപ്പന്റെ 'യുക്തിവാദി' മാസിക (1930) തന്നെ പുറത്തിറങ്ങുന്നത്. ഈശ്വര നിഷേധത്തെക്കാൾ ഉപരി, ജാതിയുടെ ഉന്മൂലനത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയായിരുന്നു അയ്യപ്പന്റെ യുക്തിചിന്ത. അതുകൊണ്ടു തന്നെയാണ് ജാതിയും ഈശ്വരരൂപങ്ങളും ഇല്ലാതിരുന്ന ബുദ്ധമതത്തെ അദ്ദേഹം അനുകൂലിച്ചത്.

നിലനിൽക്കുന്ന രാഷ്ട്രീയ-അധികാരവ്യവസ്ഥകളെ അയ്യപ്പൻ ചോദ്യം ചെയ്തിരുന്നു. ബ്രിട്ടീഷ് വിരുദ്ധ നിലപാടുകൾ സ്വീകരിക്കുക എന്നതിനെക്കാൾ ഉപരിയായി അധഃകൃതരുടെ ഉന്നമനം സാധ്യമാക്കി, സ്വയം പരിഷ്കൃതരാവുക അതിലൂടെ യഥാർത്ഥ ദേശീയത കൈവരിക്കുക എന്ന പക്ഷക്കാരനായിരുന്നു അയ്യപ്പൻ. ജനാധിപത്യചിന്തകൾ അയ്യപ്പനിലുണ്ടായിരുന്നു. ജനകീയത സാധ്യമാകണമെന്നും പൗരാവകാശങ്ങൾ ചോദിച്ച് നേടിയെടുക്കേണ്ടതാണെന്നുമുള്ള ആശയങ്ങൾ 'രാജനിവേദനം' എന്ന അദ്ദേഹത്തിന്റെ കവിതയിൽ കടന്നു വരുന്നുണ്ട്.

'ബ്രാഹ്മണൻ ശ്രേഷ്ഠർ പുലയർ നികൃഷ്ടനെ-

ന്നോതും നുണകൾ ജനങ്ങൾ നമ്പും

കാലം കഴിഞ്ഞു പോയ് സർവ്വരും തുല്ല്യരെ

ന്നോതുന്ന സത്യം പരക്കെയായി.'

(രാജനിവേദനം, 2001:42)

ശാസ്ത്രബോധത്തിന്റെ പ്രാധാന്യത്തെ സഹോദരൻ അയ്യപ്പന് നന്നായി അറിയാമായിരുന്നു. സമൂഹത്തിലെ തിന്മകളേയും അന്ധവിശ്വാസങ്ങളേയും ഇല്ലാതാക്കുവാൻ ശാസ്ത്രയുക്തിക്ക് സാധിക്കുമെന്ന് അയ്യപ്പൻ വിശ്വസിച്ചിരുന്നു. ശാസ്ത്രത്തിന്റെ പ്രാധാന്യത്തെ പുകഴ്ത്തുന്ന സഹോദരൻ അയ്യപ്പന്റെ കവിതയാണ് 'സയൻസ് ദശകം'. സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടിയും അയ്യപ്പൻ നിലകൊണ്ടിരുന്നു.

ഇന്ത്യൻ ദേശീയ പ്രസ്ഥാനങ്ങളോടുള്ള വിമർശനമായി സഹോദരൻ അയ്യപ്പന്റെ സ്വാതന്ത്ര്യഗാഥ എന്ന കവിതയെ പരിഗണിക്കാവുന്നതാണ്. സ്വാതന്ത്ര്യം ഇല്ലാത്ത ജീവിതമെന്തിനെന്നു ചോദിക്കുന്ന കവി സഞ്ചാര സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, വിദ്യ നേടാനുള്ള സ്വാതന്ത്ര്യം ആവശ്യമാണെന്ന് ഉദ്ബോധിപ്പിക്കുന്നു. ഒരു വിഭാഗം ആളുകൾക്ക് ഇത്തരം സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ഒരു സമൂഹത്തിൽ രാഷ്ട്രീയ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതിൽ യാതൊരു അർഥവുമില്ല എന്ന അദ്ദേഹം പ്രഖ്യാപിച്ചു.

നവോത്ഥാനം മുന്നോട്ടു വെച്ച് ആശയങ്ങളെ ഉൾക്കൊള്ളുകയും താൻ നിലനിൽക്കുന്ന സാമൂഹ്യാവസ്ഥകളെ വസ്തുതാ പരമായി വിലയിരുത്തി അവയെ ഇല്ലായ്മ ചെയ്യുവാൻ അക്ഷീണം യത്നിക്കുകയും ചെയ്ത നവോത്ഥാന നായകൻ എന്ന നിലയിലാണ് സഹോദരൻ അയ്യപ്പൻ ഇതര നവോത്ഥാന നായകരിൽ നിന്നും തീർത്തും വിഭിന്നനാകുന്നത്. അദ്ദേഹത്തിന്റെ ധൈഷണിക തലം പാശ്ചാത്യ ചിന്താവലികളോടൊപ്പം നിൽക്കുന്നതിനാൽ കോളനീയാനന്തര സാംസ്കാരിക—സാമൂഹ്യ മണ്ഡലങ്ങളിൽ പുനർവായനകൾ നടത്തേണ്ടത് അനിവാര്യമാണ്.

## സഹായഗ്രന്ഥങ്ങൾ


1 *ഗോപകുമാർ, പി.എഫ്.2004. കേരളീയനവോത്ഥാനം.തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.*

2. *ഗോവിന്ദപിള്ള, പി. (പരി.പി.പി.സത്യൻ)2011. സംസ്കാരവും നവോത്ഥാനവും. തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.*

3. *പ്രിയദർശൻ, ജി.2008. സഹോദരൻ അയ്യപ്പൻ പ്രക്ഷോഭകാരിയായ പത്രപ്രവർത്തകൻ.തൃശൂർ:കേരള സാഹിത്യ അക്കാദമി.*

4. *ബാലകൃഷ്ണൻ,പി.കെ.2012. നാരായണഗുരു. കോട്ടയം: ഡി.സി.ബുക്സ്.*

5. *സാനു, എം.കെ. 2011. സഹോദരൻ അയ്യപ്പൻ. കോട്ടയം: എസ്.പി.സി.എസ്.*


□

# ബദൽ ആത്മീയ ദർശനം പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളിൽ

ഷർമിയ നൂറൂദ്ദീൻ*

ആധുനിക കേരളത്തിന്റെ ഭാവമാറ്റത്തിന് അടിത്തറ പാകിയത് നവോത്ഥാന കാലഘട്ടത്തിലെ പരിവർത്തന ചിന്തകളായിരുന്നു. വൈകുണ്ഠസ്വാമികൾ, ശ്രീനാരായണഗുരു, അയ്യൻകാളി, പൊയ്കയിൽ കുമാരഗുരു തുടങ്ങിയവരാണ് ഈ പരിവർത്തന കാലഘട്ടത്തിന് മാർക്ഷദീപം തെളിയിച്ചവർ. നവോത്ഥാന ചരിത്രത്തിൽ ദളിത് ജീവിതങ്ങളുടെ ആത്മസംഘർഷങ്ങളുടെ നിലവിളിയായി ത്തീരുന്ന പാട്ടുകളാണ് പൊയ്കയിൽ അപ്പച്ചന്റേത്. നിലനിന്നിരുന്ന ജാതി-മത വ്യവസ്ഥകളെ വിമർശനാത്മകമായി വിലയിരുത്തുകയും ക്രിസ്തീയ ഹിന്ദുമത ബിംബങ്ങളെ പുനർനിർമ്മിക്കുകയും ചെയ്തു അദ്ദേഹം. അരിക്വത്കരിക്കപ്പെട്ടവരുടെ ശബ്ദമായി അപ്പച്ചന്റെ പേരുകൾ നിലകൊള്ളുമ്പോൾ തന്നെ വ്യവസ്ഥാപിത മതസ്ഥാപനങ്ങൾക്ക് ബദലായ ഒരു ആത്മീയ ദർശനത്തെ അവ ഉൾവഹിക്കുന്നു.

"ജാതിവ്യവസ്ഥകൊണ്ട് സങ്കീർണ്ണമായ സാമൂഹിക ഘടനയ്ക്ക് നേരെ നിരന്തരം വെല്ലുവിളി ഉയർത്തിക്കൊണ്ടും അടിച്ചമർത്തലിന്റെയും ആക്രമണങ്ങളുടെയും പരമ്പരകളെ അതിജീവിച്ചുമാണ് പൊയ്കയിൽ അപ്പച്ചൻ ചരിത്രത്തിലേക്ക് നടന്നുകയറിയത്". 1879 ൽ പത്തനംതിട്ടയിൽ ഒരു ദലിത് കുടുംബത്തിൽ ജനിക്കുകയും 1891 ൽ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്ത കുമാരൻ മതമാറ്റത്തോടനുബന്ധിച്ച് യോഹന്നാൻ എന്ന പേര് സ്വീകരിച്ചു. എന്നാൽ സാമുദായിക പ്രവർത്തനങ്ങളിലേക്ക് ഇറങ്ങിത്തിരിച്ച യോഹന്നാനെ ക്രിസ്തീയ സഭകൾ തിരസ്കരിച്ചു. 1910-ൽ 'കുളത്തൂർ മലയിൽ' നടത്തിയ യോഗത്തിൽ

*ഗസ്റ്റ് ലക്ചറർ, സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട*

വെച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. തുടർന്ന് ചങ്ങനാശ്ശേരി സബ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയപ്പോൾ 'സഭയുടെ പേര് എന്ത്' എന്ന ചോദ്യത്തിന് 'പ്രത്യക്ഷാ രക്ഷാദൈവ സഭ' എന്ന് ഉത്തരം നൽകി. ഈ സഭ കീഴാളർക്ക് ആത്മീയമായ ഉണർവ് നൽകി. അതിന്റെ ഭാഗമായാണ് പി.ആർ.ഡി.എസ്. പാട്ടുകൾ ഉടലെടുക്കുന്നത്.

പൊയ്കയിൽ അപ്പച്ചന്റെ 'കൊന്നയും കോമാവ് കാഞ്ഞിരം വഞ്ചി' എന്ന് തുടങ്ങുന്ന പാട്ടിൽ

"നിശ്ചയിക്കപ്പെട്ടവർ പെട്ടിയിൽ കയറി
പെട്ടിയുടെ വാതിൽ യഹോവ അടച്ചു
ആകാശത്തിൻ ജലദ്വാരം തുറന്നു
മഴ തുടങ്ങി
ഇതെന്തു കഷ്ടം ഇതെന്തു കഷ്ടം"

എന്ന് കവി പാടുമ്പോൾ അത് ബൈബിൾ വിമർശനമായി ത്തീരുന്നതോടൊപ്പം തന്നെ സമത്വം എന്ന ആശയത്തിന്റെ പ്രസക്തിയെ കേൾവിക്കാരനെ ബോധ്യപ്പെടുത്തുന്ന തലത്തിലേക്ക് ഉയരുകയും ചെയ്യുന്നു.

"പുലയനൊരു പള്ളി പറയനൊരു പള്ളി
മീൻപിടുത്തക്കാരൻ മരയ്ക്കാനൊരുപള്ളി
തമ്പുരാനൊരു പള്ളി അടിയാനൊരു പള്ളി
അക്കൂറ്റും ഇക്കൂറ്റും വെവ്വേറെ പള്ളി
തെക്കൊരു പള്ളി വടക്കൊരു പള്ളി
കിഴക്കൊരു പള്ളി പടിഞ്ഞാറൊരു പള്ളി
പള്ളിയോട് പള്ളി നിരന്നിങ്ങു വന്നിട്ടും
വ്യത്യാസം മാറി ഞാൻ കാണുന്നില്ല കേട്ടോ"

ഇവിടെ പ്രത്യക്ഷത്തിൽ തന്നെ ജാതിവർഗ്ഗത്താൽ വേർതിരിക്കപ്പെട്ട ആരാധനയെ ചൂണ്ടിക്കാണിച്ച്ക്കൊണ്ട് അതിന്റെ അർത്ഥമില്ലായ്മയെ പരിഹസിക്കുന്നു. ഈ പരിഹാസത്തിന് പിന്നിലും സമത്വമെന്ന ആശയത്തിനോടുള്ള പ്രതിബദ്ധത കാണാനാവും.

"ചിത്തമതിൽ ആലോചിക്ക മൽപ്രിയനെ – നിൻ
സത്യോപദേശങ്ങളെ
സത്യോപദേശമോ നിൻ ചിത്തമതിൽ പതിഞ്ഞത്

കൃത്യമിതു മോക്ഷത്തിനങ്ങൊത്തോ പരിശോധിക്ക
സത്യക്രിസ്ത്യാനികളല്ലാത്തോരാ ക്രിസ്തുമതത്തിലുണ്ടോ
ഇത്തരം ദുർഭാഷാണത്തെ ചേർത്തു ചേർത്തുപദേശിച്ചു
സത്വരം മതം വെടിഞ്ഞങ്ങോടിക്കൂടാനദ്ധ്വാനിക്കും
ചിത്തമതിൽ ആലോചിക്ക...
ആദിനരശാപമതിൽപ്പെട്ടു ദൂരെയകന്നതുമുതൽ
മേദിനിയിൽ വീണ്ടെടുപ്പിൽ സത്യോപദേശം കൊടുത്തു
ആദിമരണമൊഴിച്ചു മോദമായി രക്ഷകൊടുത്തു
വീണ്ടെടുക്കപ്പെട്ട സംഘം വീണ്ടെടുപ്പു കിട്ടാനുള്ളൊരു സംഘം
ഉണ്ടോ പല സംഘങ്ങൾ ഈ രണ്ടു നിയമങ്ങളിലും
ചിത്തമതിൽ ആലോചിക്ക...
പുസ്തകത്താലുള്ള വേല ദൈവം ഇദ്ധരിൽ ചെയ്തിട്ടുണ്ടോ
സത്യമേറെ ഭൃത്യന്മാർക്ക് പ്രത്യക്ഷമായ് സംസാരിച്ചു
ഭൃത്യന്മാരാ സത്യങ്ങളെ മർത്യന്മാർക്കുപദേശിച്ചു
സത്യമൊഴി ഉപദേശിക്കും പത്രോസിന്റെ വാർത്ത ജനം-
കേട്ടീടുമ്പോൾ
കൃത്യമിതു സ്വർഗത്തിൽ നിന്നിറങ്ങി വിശുദ്ധന്മാരും
അത്രയും ജനങ്ങൾക്ക് ലഭിച്ചിതാ രക്ഷാ നിർണ്ണയം
കർത്തനേശുവിൻ ശരീരം പ്രത്യക്ഷതയെന്നപ്പോലെ
കാത്ത നിൻ വരയെ കാണ്മാൻ കാർത്തു പാർത്തിരിക്കുന്നോരേ
ചിത്തമതിൻ ആലോചിക്ക..."

ഈ ഗാനം സ്ഥാപനവത്ക്കരിക്കപ്പെട്ട മതാശയങ്ങളുടെ ഒന്നുമില്ലായ്മയെ തുറന്നുകാട്ടുന്നു. വിശുദ്ധഗ്രന്ഥങ്ങൾ, വിശുദ്ധകഥകൾ തുടങ്ങിയ വിശുദ്ധ മതചിന്തകളെല്ലാം യാഥാർത്ഥ്യത്തിൽ നിന്ന് ഏറെ അകലയാണെന്നും അവയുടെ പ്രയോഗരീതികളിലൂടെയല്ല വ്യക്തികളിലേക്ക് ഇറങ്ങി ചെല്ലേണ്ടതെന്നും പറയുന്നതോടൊപ്പം 'സിദ്ധാന്തവും പ്രയോഗവും' എന്ന മതരീതിയെ നിരാകരിച്ച് വിപരീതാശയത്തെ ഉത്പാദിപ്പിക്കുന്നു.

"ദൈവശബ്ദം കേൾക്കുന്നില്ല
ദൂതന്മാരെ കാണുന്നില്ല
രക്ഷാമാർഗം അറിയിപ്പാൻ
വേലക്കാരാരുമില്ല
ദൈവത്തെ കണ്ടില്ലല്ലോ
യേശുവിനെ കണ്ടില്ലല്ലോ
ആത്മാവിനെയും ദൂതന്മന്മാരെയും
കണ്ണുക്കൊണ്ട് കണ്ടില്ലല്ലോ
മോശമായ ഞാൻ കണ്ടില്ലല്ലോ
പ്രമാണം എനിക്കില്ലല്ലോ
പ്രവാചകരെയും ഞാനിതുവരെ
കണ്ടില്ലല്ലോ
ഭംഗിയേഖും സുവിശേഷ പ്രസംഗം
ഞാൻ കേട്ടവനല്ല
വിശ്വസിച്ച് രക്ഷപ്പെട്ട
സഭക്കാരെയും കണ്ടവനല്ല"

നിലവിലുള്ള കാലഘട്ടത്തെയും അതിന്റെ സങ്കീർണ്ണമായ പ്രശ്നങ്ങളെയും ഉൾക്കൊള്ളാനോ വിലയിരുത്താനോ കഴിയാതെ പോകുന്ന മതങ്ങളോടുള്ള നിഷേധാത്മകത്വം പ്രതിഫലിക്കുന്ന ഗാനം വ്യവസ്ഥാപിതമായ ദൈവ സങ്കല്പത്തെയും പ്രവാചക സങ്കല്പത്തെയും നിരാകരിക്കുക വഴി അയഞ്ഞതും വിശാലമായതും ചലനാത്മകവുമായ ഒരു ബദൽ സംവിധാനത്തെ സൃഷ്ടിക്കുന്നു. വേദപുസ്തകം ഈ തലമുറക്കുള്ളതല്ലെന്ന പൊയ്കയിൽ അപ്പച്ചന്റെ പ്രസ്താവനയോട് ബന്ധപ്പെടുത്തി വായിക്കപ്പെടേണ്ടതാണിത്.

"സ്വർഗ്ഗീയ താതന്റെ തൃപ്പാദ പീഠത്തിൽ
ഉത്തമമായൊരു പന്തിയിത്
സ്വർഗ്ഗസമ്മോദമേറിയ പന്തിയിരിപ്പത്
സമ്മോദമേറിയ പന്തിയിത്.....
........................................................
സ്വർഗ്ഗഗാനം മുഴക്കുന്ന പന്തിയിരിപ്പിത്
ഗാനം മുഴക്കുന്ന പന്തിയിത്"

ഈ ഗാനത്തിലാകട്ടെ പൊയ്കയിൽ അപ്പച്ചന്റെ ആത്മീയദർശനത്തിന്റെ പ്രത്യക്ഷ രൂപം വെളിപ്പെടുന്നു. പ്രത്യക്ഷാ രക്ഷാ സഭയുടെ പന്തിയെക്കുറിച്ച് ഉദ്ബോധിക്കപ്പെടുന്ന പ്രസ്തുതഗാനത്തിൽ വേർതിരിവുകളില്ലാത്തതും വ്യക്തി വ്യത്യാസങ്ങളില്ലാത്തതും ആയ ആത്മീയതയെ മുന്നോട്ട് വെയ്ക്കുന്നു. അപ്പച്ചന്റെ പാട്ടുകളിലുടനീളം 'സോദരരെ' എന്ന സംബോധന പ്രയോഗിക്കപ്പെട്ടിരിക്കുന്നു. "സമത്വം എന്ന ആശയമണ്ഡലത്തേയും കടന്ന് നിൽക്കുന്ന മാനവികമായ സഹജ ജൈവ ബോധമാണിത്. നീതിയുടെ മൂല്യമണ്ഡലത്തെ കൂടുതൽ മാനവീകരിക്കുന്ന സ്നേഹചോദനയാണത്. സഖാക്കളാകുന്ന അവസ്ഥയിൽ നിന്നും വീണ്ടും വളർന്ന സഹോദരരാകുന്ന ഒരു ധീര നൂതനലോകത്തേക്കുള്ള പൂർവ്വദർശനം. 2

"രക്ഷിയ്ക്കപ്പെട്ടു വരുന്നവരെ മാത്രം
ദൈവം സഭയോട് ചേർത്തു പോന്നു
സൈലോനി കോലസി ഫിലിഫിയും പിന്നെ
മറ്റു സഭകളും പ്രത്യക്ഷമായി
ലേഖനകാലത്തു പ്രത്യക്ഷമായ സഭ
നിന്നതിൻ പിന്നെ ദൈവശബ്ദമില്ല
ദൈവം സഭയിൽ കുടിക്കൊണ്ടിരിക്കുന്നു
ക്രിസ്തുസഭയുടെയടിസ്ഥാനമായി
സ്വർലോകത്തിലുള്ള ആത്മീയനുഗ്രഹം
കൊണ്ടു നിറഞ്ഞ് ജീവിച്ച സഭ
കർത്താവിൻ വരവിനായ് കാത്തിരുന്നു സഭ
പ്രത്യാശയോടവസാനിച്ച് പോയി"

സ്ഥാപനവത്ക്കരിക്കപ്പെട്ട മതത്തിന്റെ ജീർണ്ണാവസ്ഥയിൽ നിന്ന് മനുഷ്യവിമോചനത്തിന്റെ ആശയലോകത്തേക്ക് സഞ്ചരിക്കുന്ന പൊയ്കയിൽ അപ്പച്ചന്റെ ആദ്ധ്യാത്മിക ദർശനത്തിന്റെ സൂചനകളാണ് ഇവിടെ പരോക്ഷമായി നിലകൊള്ളുന്നത്. "ഹിന്ദു മതത്തിന്റെയും ക്രിസ്തുമത ത്തിന്റെയും പുറവഴിയെ നൂറ്റാണ്ടുകളായി ഉഴറിയലഞ്ഞ പുറന്തളപ്പെട്ട ജനത ഒറ്റ സമുദായമാണെന്നും അവർ ആർജ്ജിക്കേണ്ട പ്രതീകാത്മക മൂലധനങ്ങളെന്തൊക്കെ എന്നും 'ഹിന്ദുമതത്തിൻ പുറാഴിയോ' എന്ന പാട്ടിൽ വിവരിക്കുന്നു. മതമല്ല മനുഷ്യാവകാശങ്ങളും സാമൂഹ്യനീതിയും അവസര സമത്വവും ക്ഷേമവുമാണ് വേണ്ടതെന്നും പരോക്ഷമായി അദ്ദേഹം സൂചിപ്പിക്കുന്നു."3

1905 മുതൽ 1939 വരെയുള്ള കാലഘട്ടമാണ് പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളുടെ പരിസരമെങ്കിലും ഇന്നിനോടും സംവദിക്കുന്ന പാട്ടുകളാണ് ഇവ. കീഴാള

ചുറ്റുപാടുകളെ പ്രതിനിധാനം ചെയ്യുക മാത്രമല്ല നിലവിലുള്ള മതനിയമങ്ങളെ ചോദ്യം ചെയ്ത് സാഹോദര്യത്തിലും സമത്വത്തിലും സ്നേഹത്തിലും മനുഷ്യത്വത്തിലും ഊന്നി നിലവിലുള്ള ബൃഹദാഖ്യാനങ്ങൾക്ക് സമാന്തരമായി ബദൽ ആത്മീയ ചിന്തകളെ പാട്ടുകളിലൂടെ നിർമ്മിച്ചെടുക്കുന്നു.

## കുറിപ്പുകൾ

1. *രാജേഷ് ചിറപ്പാട് - പൊയ്കയിൽ അപ്പച്ചൻ, ചിന്ത പബ്ലിക്കേഷൻസ്, പുറം - 12*
2. *പൊയ്കയിൽ അപ്പച്ചൻ (സമ്പാ: വി.പി.സ്വാമി, ഇ.പി.അനിൽ) - പ്രത്യക്ഷ രക്ഷാ ദൈവസഭാ പാട്ടുകൾ, പുറം - 20*
3. *പൊയ്കയിൽ അപ്പച്ചൻ (സമ്പാ: വി.പി.സ്വാമി, ഇ.പി.അനിൽ) - പ്രത്യക്ഷ രക്ഷാ ദൈവസഭാ പാട്ടുകൾ, പുറം - 28*

## സഹായകഗ്രന്ഥങ്ങൾ


1. *വി.പി. സ്വാമി, ഇ.പി. അനിൽ - പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ - കൃതിയും അന്യപാഠവും*
2. *എം.ആർ. രേണുകുമാർ - പൊയ്കയിൽ യോഹന്നാൻ*
3. *രാജേഷ് ചിറപ്പാട് - പൊയ്കയിൽ അപ്പച്ചൻ*

. *വി.പി.സ്വാമി, ഇ.പി.അനിൽ (സമ്പാ) - പ്രത്യക്ഷരക്ഷാദൈവസഭാ പാട്ടുകൾ*

# സമകാലമലയാളകവിതയിലെ കീഴാളപരിപ്രേക്ഷ്യം

കെ.വി. മഞ്ജുള*

മലയാളസാഹിത്യത്തിൽ ആധുനീകതയിൽ നിന്നുള്ള ഭാവുകത്വവിഛേദനം സാധ്യമാക്കി ഉത്തരാധുനികകവിതാസാഹിത്യം അതിന്റെസ്ഥലകാലനിർമ്മിതി അടയാളപ്പെടുത്തിയിട്ട് ഇരുപത്തഞ്ചോളം വർഷം പിന്നിട്ടിരിക്കുന്നു. മലയാളകവിതയിൽ ആധുനികത മധ്യവർഗ്ഗ മനുഷ്യന്റെ വൈയക്തിയും സാമൂഹികവുമായ സങ്കീർണ്ണതകളെ ആശയശില്പ്പങ്ങളെ ആവിഷ്ക്കരിച്ചുകൊണ്ടാണ് ശ്രദ്ധനേടിയിരിക്കുന്നത്. ആധുനീകതയിൽബിംബങ്ങൾ വിചിത്രപദച്ചേരുവകൾ, പുരണേതിഹാസ സൂചനകൾ തുടങ്ങയവയിലൂടെ സംസാരിക്കുന്ന ഒരു വ്യക്തിയുടെ സാന്നിധ്യം കാവ്യ വ്യാപകമായി ഉണ്ടായിരിക്കുന്നു.എന്നാൽ പുതു കവിത ഭാവുകത്വ വിച്ഛേദം സാധ്യമാക്കുന്നത് ഈ സംസാരിക്കുന്ന വ്യക്തിയെ ഇല്ലാതാക്കുന്ന തിലൂടെയാണ്. പകരം ഭാഷ സ്വയം പ്രവർത്തിക്കുന്ന ഇടങ്ങളായിത്തീരുകയും കവിതയുടെ സൂക്ഷമ രാഷ്ട്രീയം വെളിപ്പടുത്തുന്ന ഉപാധിയായി മാറുകയും ചെയ്യുന്നു. (Language is a house of being). ജീവിതത്തിന്റെ പലവിതാനങ്ങളിലുള്ള നാദം ഈ കവിതയിൽ കേൾക്കാം. ഇവിടെ ഞാൻ എന്നത് അപരത്തിലൂടെ പൂരിപ്പിക്കപ്പെടുന്ന ഒന്നായി മാറുമ്പോൾ എനിക്കു പുറത്തുള്ള ഒരു ലോകവുമായി ഞാൻ നടത്തുന്നവിനിമയങ്ങളുടെ മധ്യസ്ഥനായി ഭാഷ മാറുന്നു, എന്നെ പുറം ലോകവുമായി ചേർത്തുനിർത്തുന്ന ഭാവനാത്മകബന്ധമായി ഭാഷ മാറുന്നു. അവിടെ കാവ്യോചിതമെന്ന് കരുതാതിരുന്ന പ്രയോഗങ്ങൾ, ദൈനംദിന സംഭാഷണങ്ങൾ ഗ്രാമ പദങ്ങൾ മുതലായവ കവിതയുടെ ചട്ടത്തിനുള്ളിൽ കവിതയായി മാറുന്നു.വലിയ പ്രസ്താവനകളുടെ സ്വഭാവം കവിത കൈവെടിയുമ്പോഴും വ്യക്തത യുള്ള കാഴചകളും കാഴ്ചസ്ഥാനങ്ങളും നിർധരിച്ചു കൊണ്ട് സൂക്ഷ്മ രാഷാട്രീയ

*അസി.പ്രൊഫസർ, മലയാളവിഭാഗം, കെ.എം.എം.ഗവ.വനിതാ, കോളേജ്, കണ്ണൂർ*

നിലപാട് കൈകൊള്ളാൻ പുതിയ കവിതകൾക്ക് സാധിക്കുന്നുണ്ട്. മനുഷ്യൻ എന്ന കേവല സങ്കൽപ്പത്തിനു പകരം കുട്ടികൾ, ദലിതർ, ആണത്തം/പെണ്ണത്തം, പ്രകൃതി, ജലം, സ്ഥലം എന്നിങ്ങനെ വേർതിരിയുമ്പോൾ മനുഷ്യൻ എന്ന ശാശ്വത പ്രമാണവും അപഭ്രംശങ്ങളായി ഇതര മനുഷ്യാവിഷ്ക്കാരങ്ങളും നിലവിൽ വന്നു. പതുകവിതയുടെ രാഷ്ട്രീയം ഏറ്റവും ജാഗ്രത കൊള്ളുന്നത് കീഴാള അനുഭവാവിഷ്ക്കാരങ്ങളിലാണ്. സമകാലിക കവിതകളിലെ കീഴാള പരിപ്രേക്ഷ്യം സവർണ്ണമുദ്രകളെ അസ്ഥിരമാക്കികൊണ്ട് ലാവണ്യബോധങ്ങളിൽ തന്നെ അഴിച്ചുപണികൾ നടത്തുന്നതെങ്ങനെയെന്ന അന്വേഷണമാണ് ഈ പ്രബന്ധം, അതോടൊപ്പം എം.ആർ.രേണുകുമാറിന്റെ കവിതകളെസവിശേഷമായും പഠിക്കുന്നു.

കവിതയുടെ സമ്പ്രദായിക മുൻവിധികളെയും അതിന്റെ പാരമ്പര്യങ്ങളെയും വേരോടെ അട്ടിമറിക്കുകയും എന്നാൽ വളരെ ലളിതമെന്നും നിശബ്ദമെന്നും തോന്നിപ്പിക്കുന്ന ഉൾക്കലാപങ്ങളെ ആഴത്തിൽ സൂക്ഷിക്കുകയും ചെയ്തു കൊണ്ടാണ് പുതുകവിത കളിലെ ദളിത്ലോകം ആവിഷ്ക്കരിക്കപ്പെടുന്നത്. നാളിതുവരെ മറ്റൊരാളാൽ നിർവ ചിക്കപ്പെടുകയും വിശദീകരിക്കപ്പടുകയും ചെയ്ത ജഡാവസ്ഥയിൽ നിന്നും തങ്ങളുടെ കർതൃത്വത്തെ ചലനാത്മകമായി മുഖ്യധാരയിലേക്ക് കൊണ്ടുവന്നുവെന്നതാണ് ദളിത് കവിതയുടെ സമകാലിക പ്രസക്തി. അത് സമൂഹം, രാഷ്ട്രം, വൈയക്തിത, സാമൂ ഹിക ബന്ധം, സാഹിത്യ ഭാവന, വ്യക്ത്യനുഭവങ്ങൾ തുടങ്ങി, പ്രതിഷ്ഠാപിത ആഖ്യാന മാതൃകകളുമായി കലഹിച്ചുകൊണ്ടാണ് തങ്ങളുടെ സ്ഥാനം ഉറപ്പിക്കുന്നത്. അത് എഴുത്തിലെ ഉപരിവർഗ്ഗ ലാവണ്യബോധത്തെ നിരാകരിക്കുന്നതിനോടൊപ്പം തങ്ങളെ മൗനികളാക്കിയും അധഃകൃതരാക്കിയും നിശബ്ദരാക്കിയും മാറ്റിനിർത്തുന്നത് തിരിച്ച റിയുകയും ഒപ്പം പോരാട്ടസംബന്ധമായ ബദൽ യുക്തികളിലൂടെ പ്രതിരോധാത്മകമായ ബദലുകൾ സൃഷ്ടിക്കുന്നതിനും ഉത്തരാധുനീകത ദളിത് കവിതകൾക്ക് സാധിച്ചിട്ടിണ്ട്. നിലവിലുള്ള ജ്ഞാനവ്യവസ്ഥയുമായി നിരന്തരം സംവാദത്തിലെർപ്പെട്ടു കൊണ്ടിരിക്കുന്ന സിദ്ധാന്തപരമായ അടിത്തറയുള്ള പുതിയജ്ഞാനവ്യവസ്ഥയായി ദളിത് വിജ്ഞാനം/ സാഹിത്യം മാറിയിട്ടുണ്ട്. ജാതിയെ കവിഞ്ഞുനിൽക്കുന്നചരിത്രപരമായഒരു സാമൂഹികാ സ്തിത്വമായി നിലയുറപ്പിക്കാൻ കഴിയുന്നിടത്താണ് ദളിത് സാഹിത്യം പുതിയ ജ്ഞാന വ്യവസ്ഥയായി മാറുന്നത്.

എസ് ജോസഫ്, എം.ബി മനോജ്, എം ആർ രേണുകുമാർ എന്നിവരിൽ തുടങ്ങി എസ് കലേഷ്, ബിനു എം പള്ളിപ്പാട്, സി എസ് രാജേഷ്, സുനിൽ കുമാർ, എം എസ് ബനേഷ് എന്നിങ്ങനെ ഒരു നീണ്ട നിരതന്നെ ജാതി, വർഗ്ഗം, ലിംഗം, പരിസ്ഥിതി തുടങ്ങിയ ബഹുസ്വരതകളെ ആവിഷ്ക്കരിച്ചുകൊണ്ട് ആധുനിക കവിതയുടെ ജനകീയതയ്ക്ക് ബദലായ ആവിഷ്ക്കാരങ്ങളിലൂടെ സമകാലിക കവിതകളിൽ ഇന്ന് സജീവമായി നില നിൽക്കുന്നു ദളിത് പെൺ കവിതകളുടെ മറ്റൊരുലോകവും പെണ്ണുടലിന്റെ ഊർജ പ്രവാഹം അനുഭവങ്ങളുടെ ദുർബലമായ മാഴ്കലിനപ്പുറമുള്ള വിമർശനസ്ഥലികളെ പരിചയപ്പെടുത്തികൊണ്ട് മുഖ്യധാരയിൽ ഇടം പിടിക്കുന്നുണ്ട്. എസ്. ജോസഫിന്റെ കവിതകൾ ഭാഷയിലൂടെ,ആകാശത്തിലൂടെ നിറത്തിലൂടെ മുഖ്യധാരാസാഹിത്യത്തെ വെല്ലുവിളിക്കുന്നു.

എനിക്കുമുൻപേ ജനിച്ചകല്ലിത്
കറുത്തവനെന്റെ കറുപ്പുള്ളകല്ല്
വെയിലത്തും കൊടും മഴയത്തും
ഒരുവിഷാദമില്ലാതെ
വികാരമില്ലാതെ കിടന്നിരുന്ന കല്ല്

-കറുത്തകല്ല്

കരിങ്കൽ സമാനമായ ചെറുത്തു നിൽപ്പിലൂടെ തന്റെ കാവ്യ ജീവിതത്തിന്റെ മാനിഫെസ്റ്റൊ കൊത്തിവയ്ക്കുന്നു എസ്. ജോസഫ് അവിടെ നിന്നങ്ങോട്ട് മീൻകരൻ, ഐഡന്റിറ്റി കാർഡ്, പിറന്ന വീട് ഇങ്ങനെ കീഴാള ഉരിയാട്ടങ്ങക്ക് ജീവൻ നൽകുന്ന കവി ദേശത്തെ തന്റെ കാവ്യഭാഷയിലൂടെ ഉയിരെടുപ്പിക്കുന്നു.കേരളത്തിന്റെ മലയോരങ്ങളിലും തീരപ്രദേശങ്ങളിലുമൊക്കെ ജീവിതമുണ്ടന്ന് മലയാളിയെ ഓർമ്മപ്പിക്കുന്ന കവി കൂടിയാണ് എസ് ജോസഫ്. എം.ബി മനോജ് തന്റെ കവിതകളിലൂടെ മുൻകാൽകൂട്ടി കെട്ടിയ നടത്തക്കാരായി കീഴാള ജീവിതത്തെ ദർശിക്കുമ്പോൾ 'കൂട്ടാന്തതയുടെ 70 വർഷങ്ങൾ'എന്നാണ് തന്റെ മറ്റൊരുകവിതയ്ക്ക് നല്കിയിരിക്കുന്ന പേര്. ഏകാന്തതയുടെ ഒരു കൂട്ടത്തിന് കൂട്ടാന്തത എന്ന പുതിയ പദം ദളിതർ അനുഭവിക്കുന്ന അപകർഷതാബോധം, ഭയം, അന്യതാ ബോധം, തുടങ്ങിയ സ്വത്വാവബോധത്തിന്റെ വെളിപ്പെടുത്തലുകളായി മാറുന്നു അഭ്യസ്ഥവിദ്യർക്കിടയിലും സാംസ്കാരിക സമ്പന്നർക്കിടയിലും സ്ഥാപിതമായ കീഴാള വിരുദ്ധനിലപാടുകൾ, 'യൂനിവേഴ്സിറ്റി' ഒരു പാഠം തുടങ്ങിയ കവിതകളിൽ കത്യമായി അടയാളപ്പെടുത്തുന്നു.തന്റെ വംശത്തെപ്പറ്റി,ജനതയെപ്പറ്റി 'കാണുന്നീലൊരക്ഷരവും' എന്ന അപകർഷകതയിൽ തന്നെ എം ബി മനോജ് തങ്ങി നിൽക്കുമ്പോൾ എം. ആർ.രേണുകുമാർ തന്റെ കവിതകളിലൂടെ ഏകശിലാത്മകമായ ചരിത്രത്തെ വിലയിരുത്തുകയും വിമർശിക്കുകയും നിശബ്ദമാക്കപ്പെട്ട ചില ചരിത്രങ്ങൾ വീണ്ടെടുക്കുകയും ചെയ്യുന്നത് കെണി നിലങ്ങൾ, വെഷക്കായ, പച്ചക്കുപ്പി. കൊതിയൻ തുടങ്ങിയ സമാഹരങ്ങളിൽ കാണാം. ദലിത് ജീവിതത്തിന്റെ ജൈവീകതയെ തിരസ്കൃത ഭാഷയിലൂടെയും ലാവണ്യസങ്കൽപ്പങ്ങളിലൂടെയും ആവിഷ്ക്കരിച്ചുകൊണ്ടാണ് എം. ആർ. രേണുകുമാർ രംഗപ്രവേശനം ചെയ്യുന്നത്.

ഓരോ ചവുട്ടടിയിലും
ഒരാൾതുടിക്കുന്നുവെന്നനേര്
എന്റെ കാലുകളെ പൊള്ളിക്കുന്നു.

-(മറുഭാഷയുടെ വ്രണിതലിപി)

ചീന്താൻ ഒരു ചർമ്മം നീയും
ആട്ടുകൊള്ളൻ ഒരുമുഖം ഞാനും
വെടുപ്പാക്കിവെക്കുന്നു.

-അത്രമേൽസുതാര്യം

തന്റെ വിഭവഭപടം മരവും പച്ചപ്പും താനും ചേരുന്ന കൃത്രിമത്വമില്ലാത്താ തതും വ്രണിതലിപികളാൽ കോറിവരക്കപ്പെട്ടതുണ്. മണ്ണിന്റെ ചൂരും ചൂടു പകരുന്ന അനുഭവസ്ഥലികൾ ചേരുന്നതാണ് തന്റെ കവിതയുടെ വിഭവഭൂപടമെന്ന് കെണിനിലങ്ങൾ എന്ന ആദ്യ സമാഹാരത്തിൽ തന്നെ കവി വെളിപ്പെടുത്തുന്നു.

ആവർത്തിച്ചുകൊണ്ടിരിക്കുന്ന അനുഭവങ്ങളല്ല വാക്കും സമൂഹവും അഭിസംബോധന ചെയ്യേണ്ടത് ഇനിയും പരാമർശിച്ചിട്ടില്ലാത്ത വ്യത്യസ്താനുഭവങ്ങൾ, സ്വത്വ വിശകലനങ്ങൾ സാമൂഹികാവബോധങ്ങൾ തുടങ്ങിയവ ആണെന്ന ബോധ്യം എം. ആർ രേണുകുമാറിന്റെ കവിതകളെ കേവലം ദളിത് സാഹിത്യം എന്നതിൽ കവിഞ്ഞ് ഒരു മാനവീകവ ബോബോധത്തിലേക്കുയരുന്നതാണ് കൊതിയൻ 2018 എന്നസമാഹാരത്തിലെത്തുമ്പോൾ മ്പോൾ നമുക്ക് കാണാൻ കഴിയുന്നത്.തന്റെ കവിതാരചനയുടെ പ്രാരംഭ ദശകളിൽ ദളിത് സ്വത്വമുറപ്പിക്കാനുള്ള പിടച്ചിലുകളായിരുന്നെങ്കിൽ (കെണിനിലയങ്ങൾ) പതിയെ ദളിത് നിരൂപണങ്ങളും വായന-കളും കച്ചവടവൽക്കരിക്കപ്പെടുന്ന ആഗോള വിപണിയിൽ ആ ഒരു ലേബലിൽ നിന്ന് തന്നെ വിമർശനാത്മകമായി നോക്കികാണാനുള്ള ശ്രമം കവി നടത്തുന്നുണ്ട്. ഒരു രാത്രി എണീറ്റപ്പോൾ ബ്ലാക്ക് & വൈറ്റ് ആയിതീർന്ന തന്റെ ജീവിതത്തെ.

അൽപ്പം ചുവപ്പു കാണാൻ
വിരലൊന്ന് മുറിച്ചുനോക്കി
ചീറ്റിത്തെറിപ്പിക്കുന്നപ്പോൾ

**കറുത്ത ചോര അതിൽ നിറയെ വെളുത്ത പുഴുക്കൾ (പൂപ്പൽ)**

മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ദളിത് ക്രിത്രിമവംശീയതയുടെ വ്യാജഭൂതകാലവും കറുപ്പിനെ വിരൽമുറിച്ച ചോരകൊണ്ട് നിഷേധിക്കുന്ന ഒരു കുട്ടിയായി ചരിത്രത്തിന്റെയും ജൈവികതയുടെയും (ചുവപ്പും കറുപ്പും) പ്രതിരോധം തീർക്കുന്നതും ഈ കവിതയിൽ കാണാം.

ആഗോളവൽക്കരണകാലത്ത് നമ്മുടെ ഭാഷാപ്രയോഗങ്ങളും കേരളീയത്തനിമയും പാരമ്പര്യവും മറക്കുന്ന മലയാളിക്കു മുന്നിൽ ചില ഓർമ്മപ്പെടുത്തലുകളാണ് 'കൊതിയൻ' എന്ന സമാഹാരത്തിലെ കവിതകൾ. പാടവരമ്പിലൂടെ നടന്ന് പുഴക്കരയിൽ പരൽ മീനി നെയും കണ്ട് മഴയോടൊപ്പം ജീവിക്കുന്ന കവിയുടെ ദളിത് ഗ്രാമീണ ചിത്രങ്ങളുടെയും ഗ്രാമ ഭാഷയുടെയും ഭംഗിയും കരുത്തും സമൃദ്ധിയും കൊതിയൻ എന്ന സമാഹാരത്തിൽ ഒരിഴയായ് ചേർന്നു കിടക്കുന്നു. മഴനൂല് മണ്ണിനോടും ഇലപച്ച പുഴുവിനോടും പറയുന്ന മന്ത്രധ്വനികൾ പോലെ വളരെ ലളിതമായി ചുവടുറപ്പിച്ച് തന്റെ കവിതയുടെ സൂക്ഷ്മരാ ഷ്ട്രീയം വെളിപ്പെടുത്തുന്ന ഉറച്ച കാലുകളാണ് രേണുകുമാറിന്റെ കവിത.ആഗോളകുത്തക മുതലാളിത്തത്തിന്റെയും നവലിബറലിസത്തിന്റെയും പ്രദർശനശാലകളായി ഓരോ അടുക്കളയും സൂപ്പർമാക്കറ്റുകളുടെയും മിനിയേച്ചർ രൂപങ്ങളായി മാറുമ്പോൾ കൊതിയൻ എന്ന കവിത ഈ ഒരു പ്രശ്ന പരിസരത്തെ വളരെ ലഘുവായ ആഖ്യാനത്തിലൂടെ തകിടം മറിച്ചു കളയുന്നു. നവ കൊളോണിയൽ സമൂഹത്തിൽ ധനാധിനിവേശത്തിന്റെ ഇരയായവർ

പ്രതിരോധം തീർക്കുന്നത് തന്റെ വയൽവരമ്പിൽ ചൂണ്ടയിട്ട് പിടിച്ച മീൻ വറുത്ത്, കറിവച്ച്, അച്ചാറിട്ട് കൂട്ടിയാണ്. ഉത്തരാധുനിക സമൂഹത്തിൽ പദപ്രശ്നം പൂരിപ്പിക്കുന്നതു പോലെ അഥവാ ചെസ്സുകളങ്ങളിൽ നീങ്ങുന്ന കരുക്കളെ പ്പോലെ ആസൂത്രിതമായി നീങ്ങുന്ന പൊതു മണ്ഡലത്തിന്റെ ബദലുകളാണ് ഈ കവിതയിൽ.

'അറുപത്തിനാലുകളങ്ങൾ

കറുപ്പിലും വെളുപ്പിലും തെളിഞ്ഞു വരും

കറുപ്പെല്ലാം കരയാകും

വെളുപ്പെല്ലാം കളമാകും

വെളുപ്പെല്ലാം കളമാകും

ആരുമാരെയും വെട്ടില്ല

ചുമ്മാതുമ്മവെച്ചുകളിക്കും

കണ്ണു കൊണ്ട് ചെക്കും വെക്കും

കൊതിയൻ

എന്നാണ് വംശസ്മൃതിയുടെ ഭാഷണചരിത്രം പൊയ്കയിൽ അപ്പാച്ചനിൽ നിന്നും ഉത്തരാധുനിക കാലത്തെ ഒരു നേർ രേഖയിൽ ബന്ധിപ്പിക്കുമ്പോൾ എം. ആർ. രേണുകുമാറിന്റെ നിലപാടുകൾ മറ്റു ദളിത് കവികളിൽ നിന്നും വ്യത്യസ്ത വഴിവെട്ടുകയാണ്.

വംശസ്മൃതികളുടെ ചരിത്രം/ഭാഷണങ്ങൾ ജനപ്രിയതയാൽ വിറ്റഴിക്കാനുള്ള ശ്രമങ്ങൾ മാധ്യമവിപണിയിൽ സജീവമായിരുന്ന രാഷ്ട്രീയ തന്ത്രം നിലവിലുണ്ട്. അഥവാ ദലിതരുരെയും ബഹുജനതയുടെയും ജീവിതത്തെ ഇല്ലായ്മയിലൂടെ നോക്കിക്കാണുന്ന വ്യവഹാരങ്ങൾക്കാണ് ജനപ്രിയത. കാലത്തിന്റെ/ചരിത്രത്തിന്റെ യുക്തിക്കപ്പുറം സഞ്ചരിക്കാൻ രേണുകുമാറിന്റെ കവിതയ്ക്ക് സാധിക്കുന്നു.

കാണുന്നീലൊരക്ഷരവും

എന്റെ വംശത്തെപ്പറ്റി

എന്റെ വംശത്തിന്റെ കഥ

എഴുതിവച്ചീടാൻ

പണ്ടീ ഉർവ്വീയി

ലാരുമില്ലാതെ പോയല്ലോ?

-പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ

ഇതിനെ ഇന്നും ഒരു അഭാവമായി ഓർമ്മിക്കുകയാണ് എം.ബി മനോജിന്റെ 'കാണുന്നീലൊരക്ഷരവും' എന്ന കവിത. ദലിത് ഇന്നും വിമോചിതരല്ല എന്ന് എം.ബി മനോജ് ഓർമ്മകളെ ചരിത്രവൽക്കരിക്കുന്നു.ഈ സ്വത്വസംഘർഷങ്ങളെ അതിജീവിച്ച് മുഖ്യധാരയിലിരുപ്പുറപ്പിക്കുന്ന രേണുകുമാർ തന്റെ കവിതയുടെ പേര് കാണുന്നുണ്ട നേകമക്ഷരങ്ങൾ എന്ന് അതിനെ തിരുത്തുന്നു. 'കെണിനിലങ്ങൾ' എന്ന ആദ്യസമാഹാ രത്തിൽ ജീവിതമീവിധം കള്ളിയിൽ ഒതുങ്ങുന്നതെങ്ങനെയെന്ന, ആശങ്കപ്പെടുമ്പോൾ കാലഗതിയിൽ മാറ്റം വന്നപ്പോൾ മണ്ണിൽപുരണ്ട് മൂക്കട്ടയൊലിപ്പിച്ച കുഞ്ഞുങ്ങൾ ഇന്ന്

മെഴുകെല്ലാം കളഞ്ഞ്

കുളിച്ച് വൃത്തിയായി ...

കണ്ണുകളിൽ അക്ഷരങ്ങൾതെളിഞ്ഞവരായ്

തെളിയിച്ചെടുക്കുന്നു. സമകാല കമ്പോളസാഹചര്യങ്ങളിൽ വംശസ്വത്വത്തിന്റെ അഭാവത്തെ മുതലെടുക്കാനുള്ള ആയുധങ്ങളായി മാറിപ്പോവരുത് തന്റെ വംശീയസ്മൃതി കൾ എന്നും പെണ്ണ്/ആണ്, മണ്ണ്/മനുഷ്യൻ, അവർണ്ണൻ/സവർണ്ണൻ, പ്രാദേശികം/ ആഗോളം ഇങ്ങനെയുള്ള ദ്വന്ദ്വങ്ങളെ ശത്രുതാപരമായി ഉയർത്തി കൊണ്ടുവന്ന് പണ മുതലാളിത്തം മനുഷ്യബന്ധങ്ങളെ തന്നെ ആദേശം ചെയ്യപ്പെടുന്നുണ്ടെന്ന തിരിച്ചറിവ്, തന്റെ കവിതയിൽ ജാതിയിൽ കവിഞ്ഞ സാമൂഹ്യാവബോധം കവിക്ക് നൽകുണം.കവി സാസ്കാ രിക ചരിത്രത്തിന്റെ ഇടത്തെ 'ഇരുമ്പുപാലം' എന്നകവിതയിൽ പങ്കുവെക്കുന്നത്. ഇരുമ്പു പാലത്തിന് മുമ്പും ഇരുമ്പു പാലത്തിനു ശേഷവും എന്നാണ്. പണാധിപത്യം സമൂഹം വാഴുന്ന കാലത്ത് പുറത്താക്കപ്പെടുകയും മറയ്ക്കപ്പെടുകയും ചെയ്യുന്ന കഷ്ടജീവിതങ്ങൾ നുറുങ്ങുന്നഹൃദയത്തോടെ പുണരുകയും ഐക്യപ്പെടുകയും ചെയ്യുന്നത് ഈ കവിതയിൽ കാണാം.

**ഭാഷയിലെ ഇടങ്ങൾ**

ഉത്തരാധുനിക കവിതയിൽ പൊതുവെ ഭാഷയാണ് സംസാരിക്കുന്നത്. ഭാഷ സ്വയം പ്രവർത്തിക്കുന്ന ഇടങ്ങളായി മാറുന്നു എന്നതാണ് രേണുകുമാറിന്റെ കവിതയുടെ പ്രത്യേകത. വളരെ ലളിതമെന്ന് തോന്നുന്നതിനിടയിലും വ്യക്തതയുള്ള കാഴ്ച്ചകളും കാഴ്ചസ്ഥാനങ്ങളും നിർദ്ധാരണം ചെയ്തെടുക്കുന്നു. വാക്ക് ശബ്ദവും അർത്ഥവും എന്ന പാകം വിട്ട് ഒരു പ്രിതിനിധാനം തന്നെയായി മാറുന്നു. ഓരോ വാക്കിനും ഓരോ ഇടം ഉണ്ട്. ആ ഇടം വാക്ക് ചൂണ്ടി കാട്ടുന്ന ജീവിതപരിസരമാണ് ഇല്ലികളിൽ മാത്രം അടിക്കുന്ന കാറ്റുകൾ എന്ന കവിത സംവേദനം ചെയ്യുന്നത് അത്തരം ഒരു ഭാവാന്തരീക്ഷമാണ്. പ്രാകൃ തികമെന്നും സഹജമെന്നും കരുതിപ്പോരുന്ന അനുഭവസ്ഥാനങ്ങളെ സന്ദിദ്ധവും അനന്ത വുമായ പ്രതലങ്ങളിലേക്ക് ആനയിച്ചു കൊണ്ടാണ് കവിതയുടെ സൂക്ഷ്മ രാഷ്ട്രീയം വെളിപ്പെടുത്തുന്നത്. കമ്പോള കണ്ണുകൾ മനുഷ്യബന്ധങ്ങൾക്ക് മുകളിൽ കച്ചവടമു റപ്പിക്കുമ്പോൾ സമകാലിക ജീവിതത്തിന്റെ ദുരിത കാരണങ്ങളെ യാഥാർത്ഥ്യബോധത്തോടെ തിരിച്ചറിയുകയും ചെയ്യുന്നു.ഏറ്റവും ശ്രമകരമായ അധ്വാനത്തിൽ നിന്നും തന്നെയാണ്

ഏറ്റവും ലളിതമായി പറയാനുള്ള ഭാഷാശേഷി മനുഷ്യൻ നേടുന്നത്. വർത്തമാനത്തോടൊപ്പം ഭൂതത്തിന്റെ വർത്തമാനനിമിഷങ്ങളിലും മൺ മറഞ്ഞവയോടൊപ്പം ശേഷിപ്പുകളിലും ബോധവാനാകുന്ന ഒരു കവിക്കു മാത്രമെ എന്താണ് ചെയ്യേണ്ടതെന്നറിയാനാകുകയുള്ളൂ എന്ന് ടി. എസ്.എലിയട്ട് പറയുന്നുണ്ട്. പൊള്ളിയുരുകുന്ന ഓർമ്മകൾ എം. ആർ. രേണുകുമാറിന്റെ കവിതയിൽ കാവ്യാവിഷ്ക്കാരം നേടുന്നു കൂട്ടമ്മാൻ, തുടങ്ങിയവർ എന്നീ കവിതകളിൽ ചരിത്രം നിശബ്ദമാക്കിയവരുടെ ഓർമ്മകളിൽ നിന്ന് മൂർച്ചകൂട്ടിയ അമ്പുകളാണ് പലപ്പേഴും രേണുകുമാറിന്റെ കവിത എന്ന് ഓർമ്മിപ്പിക്കുന്നു.

അലമാരയിൽ നിന്ന്

പുസ്തകമെടുക്കുമ്പോലെ

എടുക്കാനാവും എനിക്ക്.

ഓർമ്മകളിൽ നിന്ന് കൂട്ടമ്മാനെ

കൂട്ടമ്മാൻ

കടുത്ത ജീവിതാനുഭവങ്ങളാണ് കൂട്ടമ്മാന്റെ മൂലധനം എന്നാൽ തുടങ്ങിയവർ എന്ന കവിത ഇന്ന് സമൂഹത്തിൽ ഇരയാക്കപ്പെടുന്ന ലൈംഗിക ന്യൂനപക്ഷക്കാരുടെ മായ്ക്കപ്പെട്ട ചരിത്രമാണ്. അത്തരം മനുഷ്യസമൂഹവും പേരില്ലാത്ത തുടങ്ങിയവയുടെ വാലറ്റത്താണ് ഇരിപ്പ് എന്ന വ്യഥ പേറുന്ന കവിതയാണ് ഏതൊരു മലയാളിയും ഗൃഹാതുരതയുടെ വീടോർമ്മകൾ പങ്കു വെക്കുന്ന കവിതയാണ് എന്റെ വീടുകൾ.അംബര ചുംബികളായ ഫ്ളാറ്റുകൾ മത്സരിച്ച് തലയുയർത്തുന്ന സമകാലികസമൂഹത്തിൽ

ആകാശം മുത്തുന്ന

കുന്നിന്റെ ചോട്ടിലായ്

പനയോലകൊണ്ടുള്ള വീട്. നമ്മെ കൊണ്ടു പോകുന്നത് ഗ്രാമസൗന്ദര്യത്തിന്റെ വീടോർമ്മകളിലേക്കാണ്. മരവും മനുഷ്യനും ചേരുന്ന പാരസ്പര്യത്തിന്റെ ഓർമ്മകൾ സൂക്ഷിക്കുന്ന ഗൃഹപാഠങ്ങൾ.

## അസ്ഥിരമാക്കപ്പെടുന്ന മഴയോർമ്മകൾ

കാല്പനികതയുടെ വിഷാദഛായകലർന്ന ഭാവനാത്മകമായ നിറസാന്നിധ്യമായാണ് മഴയോർമ്മകൾപലപ്പോഴും കവിതയിൽ ഇടം തേടുന്നത്. സാമ്പ്രദായിക കാവ്യസ്വാദനത്തിന്റെയും സങ്കൽപ്പങ്ങളുടെയും അടിത്തറയിൽ വിള്ളലേൽപ്പിക്കുന്ന സൂക്ഷ്മ സംവേദനമാണ് എം.ആർ രേണുകുമാറിന്റെ കവിതകളിലെ മഴ നമ്മിൽ അവശേഷിപ്പിക്കുന്നത്. ഓർമ്മകളുടെ പെരുമഴകൾ രേണുകുമാറിന്റെ കവിതകൾക്ക് എപ്പോഴും ഇന്ധനമായിട്ടുണ്ട്. കവിതയുടെ സ്വത്വാവബോധത്തിന്റെ, എഴുത്തിന്റെ രാഷ്ട്രീയ നിലപാടുകളെ നിർണ്ണയിക്കുന്നവയായും ഈ മഴ സാന്നിധ്യം മാറുന്നുണ്ട്.

അലിഞ്ഞുപോകില്ല
ചിലപാടുക-
ളൊരു പെരുമഴയിലും
പിഴുതെടുക്കില്ല
ചിലചുവടുക
ളൊരുവെള്ളപ്പാച്ചിലും (അനന്യം)

ബഹുസ്വരമായ ബഹളത്തിനു നടുവിൽ ചെറിയ ഒരു ശബ്ദം പൊതുമണ്ഡലത്തിന്റെ ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ

തന്നെ കടന്നുപോം മഴേടെ
ചന്തിക്കിട്ട് കളിയായൊരു
തൊഴിവച്ചങ്ങ് കൊടുക്കുന്ന (ഓലമടൽ)

'ഓലമടൽ' എന്ന കവിത വരേണ്യസമൂഹവും വ്യവസ്ഥാപിതമായ സാഹിത്യ വിചാരങ്ങളും പാർശ്വവൽക്കരിച്ച വൈവിധ്യാനുഭങ്ങളെയും ഭാഷാവ്യവഹാരങ്ങളെയും ദളിത് ജീവിതാവസ്ഥയുടെ സൂക്ഷ്മഭാവങ്ങൾ എന്നതിനപ്പുറം നമ്മുടെ ഓരോരുത്തരുടെ യും ഭൂതകാലഅനുഭവങ്ങളിലേക്ക് കൂട്ടികൊണ്ടു പോകുന്നു. ആഗോളവൽകൃത ഗ്രാമ സമൂഹത്തിന്റെ ഇടങ്ങളിൽ പ്രിതിരോധത്തിന്റെ വേറിട്ട ലാവണ്യതലം അടയാ ളപ്പെടുത്തുന്നതും കവിതയുടെ സൂക്ഷ്മ രാഷ്ട്രീയം വെളിപ്പെടുത്തുന്നതുമായി തീരുന്ന ആ കവിത. നാളിതുവരെ കവിതയിൽ ഇടമില്ലാതെ പോയ ദേശങ്ങളും മനുഷ്യനും വാക്കുകളും അനുഭവങ്ങളും വ്തൃസ്തമായ ആഖ്യാനരീതിയിലൂടെ മുന്നേറുകയാണ് ഈ കവിതകൾ.

നാളിതുവരെ സഞ്ചാരസ്വാതന്ത്രമില്ലാത്ത വാക്കുകളുടെ സ്വാതന്ത്ര്യപ്രഖ്യാപനം ഇത്തരം പ്രാദേശികതകളെ ചരിത്രത്തിൽനിന്നു മാത്രമല്ല വർത്തമാനകാലത്തിലും ഇല്ലാതാവുന്നതിനെ തിരിച്ചു പിടിക്കുകയും. കൺസ്യൂമറിസ്റ്റ് സൊസൈറ്റിക്ക് ബദൽ ഒരുക്കുകയും ചെയ്തു കൊണ്ടാണ് സമകാലിക കവിതകളിലെ കീഴാളപരിപ്രേക്ഷ്യം അടയാളപ്പെടുത്തുന്നത് ജാതി സ്വാതന്ത്ര്യങ്ങളിൽ നിന്നും മാറി സാമൂഹിക സത്വങ്ങളിൽ പുതിയ ഒരു ലാവണ്യബോധം തന്നെ ഉറപ്പിച്ചെടുക്കുകയാണ്. സൂഷ്മാനുഭവങ്ങളുടെ ആഖ്യാനങ്ങൾ എഴുത്തിന്റെ ഫ്യൂഡൽ നിർമ്മിതികളെ തകർക്കുന്നു. ബദൽ ആഖ്യാനങ്ങൾ സുദൃഢവും ആധികാരികവുമായ അനുഭവസ്ഥങ്ങളിലൂടെ എഴുത്തിന്റെ സാമ്പ്രദാ യികലോകത്തെ അട്ടിമറിച്ചുകൊണ്ട് അനുഭവത്തിന്റെ അനന്തഭേദങ്ങൾക്ക് ജൻമം നൽകുന്നു. മണ്ണിൽ നിന്നും ഭാഷയിൽ നിന്നും സാംസാകാരിക പാരമ്പര്യത്തിൽ നിന്നും അകന്നു പോകുന്ന മനുഷ്യനെ തിരിച്ചു പിടിക്കാനുള്ള ഒരു ശ്രമം കൂടിയാണിത്. ഉത്തരാധുനികകാലത്ത് ദളിത് കവിതകൾ.

☐

# രണ്ടുപെൺകുട്ടികൾ : ഭിന്നവർഗലൈംഗികതയുടെ അധീശത്വ രാഷ്ട്രീയങ്ങൾ

ഇ.ജെ. ധന്യ*

**ആമുഖം**

ലോകത്ത് വിമതമുന്നേറ്റങ്ങൾ ശ്രദ്ധയാകർഷിച്ചു വരുന്ന കാലഘട്ടത്തിലാണ് വി.ടി. നന്ദകുമാർ രണ്ടുപെൺകുട്ടികൾ (1974) എന്ന ജനപ്രിയനോവൽ എഴുതുന്നത്. മലയാള സാഹിത്യത്തിൽ ആദ്യമായി സ്വവർഗസ്ത്രീരതി (Lesbianism) മുഴുനീള പ്രമേയമായി വികസിക്കുന്ന ഒരു നോവലെന്ന നിലയിൽ അതിന്റെ ചരിത്രപരമായൊരു വഴിത്തിരിവിനെ അടയാളപ്പെടുത്തുന്നു ഈ കൃതി. അക്കാലത്തെ പൊതുസമൂഹം ലൈംഗിക ന്യൂനപക്ഷ (Sexual minorities)ങ്ങളോട് വച്ചുപുലർത്തിയ ധാരണകൾ പങ്കുവയ്ക്കുന്ന നോവൽ 1970 കളിൽ മനശ്ശാസ്ത്രം പകർന്ന ബോധ്യങ്ങളെ പിൻപറ്റുന്നതായി കാണാം. സൂക്ഷ്മ വിശകലനത്തിനു വിധേയമാക്കുമ്പോൾ സ്വവർഗസ്ത്രീരതിയെ പ്രമേയവൽക്കരിച്ചുകൊണ്ട് സമൂഹത്തിൽഭിന്നലൈംഗികതയെ (Heterosexuality ) പ്രതിഷ്ഠിക്കുകയായിരുന്നു ഈ നോവലെന്നു കാണാം. സ്ത്രീ പുരുഷ ബന്ധത്തിന്റെ അതേ നില തന്നെ സ്ത്രീ-സ്ത്രീ ബന്ധത്തിൽ ആരോപിച്ചുകൊണ്ടാണ് നന്ദകുമാർ ഈ നോവൽ രചിച്ചത്. അതുകൊണ്ടുതന്നെ ലെസ്ബിയൻ ബന്ധത്തിന്റെ തീവ്രതയേയും അതു മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തേയും സാംസ്കാരിക മൂല്യങ്ങളേയും ഈ നോവൽ നിരാകരിക്കുന്നു. പ്രണയം, കുടുംബബന്ധം, സ്നേഹം, സദാചാരം എന്നിവയിലൂടെ പുരുഷനു വിധേയപ്പെട്ടൊരു സ്ത്രീസംസ്കാരത്തെ എങ്ങിനെയാണ് രണ്ടുപെൺകുട്ടികൾ എന്ന നോവൽ രൂപീകരിച്ചെടുക്കുന്നത് എന്ന് പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധം.

* *ഗവേഷക, മലയാളവിഭാഗം, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, കാലടി.*

## ലെസ്ബിയനിസവും മലയാളസാഹിത്യവും

മലയാളസാഹിത്യം അതിന്റെ പ്രാരംഭകാലം തൊട്ടേ ഭിന്നവർഗ്ഗലൈംഗികതയെ അടിസ്ഥാനപ്പെടുത്തിയാണ് രചന നിർവഹിച്ചിട്ടുള്ളത്. സ്വവർഗ്ഗ ലൈംഗികത ആദ്യകാലം മുതൽക്കേ ഭൂമിയിൽ ഉണ്ടെങ്കിലും ആ വിഷയത്തെ അതുവരെയുള്ള സാഹിത്യം ഏറ്റെടുത്തിരുന്നില്ല. പ്രമേയപരമായ ഒരു വഴിത്തിരിവ് എന്ന നിലയിൽ രണ്ടുപെൺകുട്ടികൾ (1974) ഇവിടെ ശ്രദ്ധേയമാകുന്നു. സ്ത്രീകളിലെ സ്വവർഗ്ഗരതിയെ ഈ നോവൽ മുഴുനീള പ്രമേയമാക്കി വികസിപ്പിച്ചു. അക്കാലങ്ങളിൽ പാശ്ചാത്യലോകത്ത് സ്ത്രീവാദവുമായി ചേർന്ന് ലെസ്ബിയൻ ആശയങ്ങൾ പ്രചരിച്ചിരുന്നെങ്കിലും കേരളത്തിലെ ഫെമിനിസത്തിന്റെ ഭാഗമായി അത്തരം പ്രചരണങ്ങൾ വ്യാപിച്ചിരുന്നില്ല. ലെസ്ബിയനുകളുടെ ഒറ്റപ്പെട്ട ആത്മഹത്യകൾ കേരളത്തിൽ ഇക്കാലത്ത് സംഭവിച്ചിരുന്നു എന്നതല്ലാതെ ലെസ്ബിയനുകൾ സ്വയം സ്വത്വം വെളിപ്പെടുത്തിയിരുന്നില്ല. മാധവിക്കുട്ടിയുടെ ചന്ദനമരങ്ങൾ സ്ത്രീകളുടെ സ്വവർഗപ്രണയം പ്രമേയമാക്കിയതിൽ പിന്നെ നീണ്ട മൗനത്തിനുശേഷം സമകാലീനസാഹിത്യമാണ് സ്വവർഗരതി ഇതിവൃത്തമാക്കുന്നത്. ലൈംഗികതയിലെ സ്വാതന്ത്ര്യം , വ്യത്യസ്തത എന്നീ തലങ്ങളിൽ പരിമിതമാക്കപ്പെടുത്തിയും ഒറ്റപ്പെടുത്തിയും വിലയിരുത്തേണ്ട വിഷയമല്ല സ്വവർഗരതിയെന്ന് ഇക്കാലഘട്ടം തിരിച്ചറിയുന്നു. ലെസ്ബിയൻ എന്ന പദം സ്വവർഗസ്ത്രീരതകളെ സൂചിപ്പിക്കുവാൻ പാശ്ചാത്യർ ഉപയോഗിച്ചു വന്ന പദമാണ്. ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിൽ ഈ പദത്തിന് സ്ത്രീ സ്വവർഗ്ഗഭോഗി എന്ന അർത്ഥം കൊടുത്തുകാണുന്നു. മറ്റൊരു സ്ത്രീയോട് വൈകാരികവും ശാരീരികവും മാനസികവുമായ ആകർഷണവും ലൈംഗികാഭിനിവേശവും പ്രകടിപ്പിക്കുന്ന സ്ത്രീയാണ് ലെസ്ബിയൻ. ബി. സി. ആറാം നൂറ്റാണ്ടിൽ ലെസ്ബോസ് ദ്വീപിൽ താമസിച്ചിരുന്ന ഗ്രീക്ക് കവയിത്രി സാഫോയുമായി ബന്ധപ്പെട്ടിട്ടാണ് ഈ പദം ചരിത്രത്തിൽ അടയാളപ്പെട്ടത്. സാഫോയുടെ കാവ്യങ്ങളിൽ സ്വവർഗരതിയുടെ അംശങ്ങൾ ധാരാളമായികാണാം. രതിദേവതയായ എഫ്റിഡെറ്റിയെ ആരാധിച്ചിരുന്ന അവർ ലെസ്ബോസ് ദ്വീപിൽ തന്റെ കൂട്ടുകാരുമായി രതിയിലേർപ്പട്ടിരുന്നു. അക്കാലത്ത് സ്വവർഗരതി ആഘോഷമായി കൊണ്ടാടപ്പെട്ടിരുന്നുവെങ്കിലും സ്ത്രീ–പുരുഷബന്ധം മാത്രമാണ് സ്വാഭാവികമെന്നു പ്രചരിപ്പിക്കപ്പെട്ട കാലത്ത് മറ്റെല്ലാബന്ധങ്ങളും അസ്വാഭാവികവും പ്രകൃതിവിരുദ്ധവുമായി മാറി.

സമകാലിക സന്ദർഭത്തിൽ ലെസ്ബിയൻ എന്നത് സ്വയം തിരിച്ചറിവിനെ കുറിക്കുന്നതും സ്വത്വബോധം വെളിപ്പെടുത്തുന്നതുമായ സവിശേഷ വ്യക്തിത്വമാണ്. സാംസ്കാരിക രാഷ്ട്രീയ ഘടകങ്ങളുടെ പിന്തുണയും നിയമസാധ്യതകളും വർത്തമാന കാലം ലെസ്ബിയനുകൾക്കു നൽകുന്നുണ്ട്. ലെസ്ബിയനിസത്തിലൂടെ സ്ത്രീ പുരുഷ ബന്ധത്തിന്റെ മേല്ക്കോയ്മാ രാഷ്ട്രീയത്തെ നിരാകരിക്കുന്ന സ്ത്രീ, പുരുഷന്റെ അധികാര മണ്ഡലങ്ങളെ പുറന്തള്ളി തങ്ങളുടേതായ പുതിയ സാമൂഹ്യ സമ്പ്രദായങ്ങളെ നിർമിച്ചെടുക്കാൻ ശ്രമിക്കുന്നു. സാമൂഹ്യമായ സംഘടിതമായ എതിർപ്പുകൾക്കിടയിലും ലെസ്ബിയൻ എന്ന് സ്വയം പ്രഖ്യാപിച്ചുകൊണ്ട് അവർ ഇടപെടൽ നടത്തുന്നു. സാഹിത്യത്തേയും ലെസ്ബിയൻ സൈദ്ധാന്തികർ ഇത്തരം ഇടപെടലുകൾക്കൊരു മാധ്യമമായി

കണ്ടെത്തുന്നു. ഭിന്നവർഗ ലൈംഗികതയോടുള്ള പ്രതിഷേധങ്ങൾ പുരുഷാധിപത്യ നിരാകരണങ്ങൾ, സദാചാരമൂല്യങ്ങളോടുള്ള വെല്ലുവിളികൾ തുടങ്ങിയവ ഇത്തരം രചനകളുടെ അന്തർധാരയായി വർത്തിക്കുന്നു. എന്നാൽ മലയാളസാഹിത്യം പ്രമേയപരമായ പുതുമ എന്നതിനപ്പുറം ലെസ്ബിയൻ യാഥാർത്ഥ്യങ്ങളിലേക്ക് കടന്നുചെന്നിട്ടില്ലെന്നതാണ് വാസ്തവം.

ലെസ്ബിയനിസം എന്നാൽ ലൈംഗികത എന്ന പരമാർത്ഥത്തിൽ നിന്നും രാഷ്ട്രീയമായ വിശാലമായ പ്രതിരോധത്തിലേയ്ക്ക് പരിണമിച്ചുവെങ്കിൽ പോലും സാഹിത്യത്തിൽ അതിനെ എങ്ങിനെ പ്രമേയവൽക്കരിക്കണം എന്ന കാര്യത്തിൽ എഴുത്തുകാർക്കിടയിൽ ഇപ്പോഴും സന്ദേഹങ്ങൾ നിലനിൽക്കുന്നു. ലെസ്ബിയൻ സാഹിത്യം രണ്ടു തരത്തിൽ ആസ്വാദകനോട് ഇടപെടുന്നുണ്ട്. ലെസ്ബിയനുകളുടെ സങ്കീർണമായ മാനസികാവസ്ഥകളെ വെളിപ്പെടുത്താൻ ശ്രമിച്ചുകൊണ്ട്, അവർ അനുഭവിക്കുന്ന സ്വത്വപ്രതിസന്ധികളെ ആവിഷ്കരിച്ചുകൊണ്ടും പൊതുസമൂഹം ലെസ്ബിയനുകളെ കുറിച്ചുപുലർത്തുന്ന ധാരണകളും അവരോടുപുലർത്തുന്ന വിവേചനങ്ങളെ അവതരിപ്പിച്ചുകൊണ്ടും. വി.ടി. നന്ദകുമാർ രതിയിൽ അധിഷ്ഠിതമായി മാത്രം കണ്ടെടുക്കാൻ ശ്രമിച്ച ലെസ്ബിയൻ ബന്ധത്തെയാണ് രണ്ടുപെൺകുട്ടികളിലൂടെ അവതരിപ്പിച്ചത്. അക്കാലഘട്ടം ആവശ്യപ്പെടുന്നതും അതുതന്നെയായിരുന്നു. ലെസ്ബിയനിസത്തിന്റെ സൈദ്ധാന്തിക രാഷ്ട്രീയതലങ്ങളെ പൂർണമായും തമസ്കരിക്കുന്ന ഈ നോവൽ ഭിന്നവർഗലൈംഗികതയുടെ അധീശത്വരാഷ്ട്രീയങ്ങൾ വ്യക്തമായി അവതരിപ്പിക്കുന്നു.

### രണ്ടുപെൺകുട്ടികൾ

ഗിരിജ എന്ന ഒമ്പതാംക്ലാസ്സ് വിദ്യാർത്ഥിനിയും കോകില എന്ന എട്ടാംക്ലാസ്സ് വിദ്യാർത്ഥിനിയും തമ്മിലുള്ള പ്രണയാനുഭവമാണ് രണ്ടുപെൺകുട്ടികൾ അവതരിപ്പിക്കുന്നത്. ഗിരിജയ്ക്ക് കോകിലയോടുള്ള പ്രണയത്തിന്റെ തീവ്രത അവളെഴുതുന്ന ഓരോ കത്തിലും പ്രകടമാണ്. അതിനിർണായകമായ കൗമാരകാലഘട്ടത്തിൽ നല്ല പെൺകുട്ടികൾ എന്ന് വിളിക്കപ്പെടുന്നവരൊന്നും തന്നെ തൃഷ്ണകൾ പ്രകടിപ്പിക്കുവാൻ പാടില്ലെന്നതാണ് സമൂഹത്തിനു സ്വീകാര്യമായരീതി. ഇവരിലെ സ്വവർഗപ്രേമത്തെ കൗമാരത്തിളപ്പിൽ ഒന്നുതന്നെയായിട്ടേ സമൂഹം കണക്കാക്കുന്നുള്ളൂ. കൗമാരകാലത്തെ അവരുടെ അബദ്ധസഞ്ചാരത്തെ മാതാപിതാക്കൾപോലും തിരിച്ചറിയുന്നില്ല. നോവലിലെ മറ്റു പുരുഷകഥാപാത്രങ്ങളാണ് കോകിലയുടേയും ഗിരിജയുടേയും അസ്വാഭാവികമായ രതിബന്ധത്തെ തിരിച്ചറിയുന്നതും ചോദ്യം ചെയ്യുന്നതും.

സ്വവർഗലൈംഗികതയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ മനോരോഗ ചികിത്സകനാണ് റിച്ചാർഡ് ക്രാഫ്റ്റ് എബ്ബിങ്ങ് (Richard Craft Ebing). 17-ാം നൂറ്റാണ്ടിനു ശേഷം ജീവശാസ്ത്ര മനശ്ശാസ്ത്ര പഠനങ്ങൾ വ്യാപകമാകുന്നത് റിച്ചാർഡ് ക്രാഫ്റ്റ് എബ്ബിങ്ങിന്റെ സൈക്കോപാത്തിയ സെക്ഷ്വാലിസ് (Psychopathia Sexualis) എന്ന ഗ്രന്ഥത്തെ ചുറ്റിപ്പറ്റിയാണ്. ഈ ഗ്രന്ഥം ഇരുനൂറുപേരിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജന്മനാ ഉള്ളത് (Congenital Inversion), ജീവിതസാഹചര്യങ്ങളിൽ നിന്നുലഭിക്കുന്നത് (Acquired

Inversion) എന്നിങ്ങനെ സ്വവർഗപ്രേമത്തെ (Homosexuality) തരംതിരിക്കുന്നുണ്ട്. ഈ വേർതിരിവു പരിശോധിക്കുകയാണെങ്കിൽ ജന്മനാ ഉണ്ടായ സ്വവർഗപ്രണയമല്ല, ജീവിത സാഹചര്യങ്ങളിൽ നിന്നും കിട്ടിയ അനുഭവങ്ങളാണ് ഗിരിജയേയും കോകിലയേയും സ്വവർഗരമികളാക്കിത്തീർത്തതെന്നു വ്യക്തം.

ഗിരിജ പ്രായപൂർത്തിയാകുന്നതിനു മുമ്പേതന്നെ അയൽക്കാരനായ ഗോപിയുമായി സൗഹൃദത്തിലായിരുന്നു. എന്നാൽ അപ്രതീക്ഷിതമായുണ്ടായ ഗോപിയുടെ കയ്യേറ്റം അവളിൽ ആൺവർഗത്തോടു മുഴുവനുമുള്ള ഭയമായിത്തീരുകയായിരുന്നു. പുരുഷമേധാവിത്വത്തെക്കുറിച്ചുള്ള ബോധം പുരുഷനോടുള്ള വെറുപ്പും അവിശ്വാസവുമായി വളർന്നപ്പോഴാണ് കോകില സ്വവർഗസ്ത്രീരതയായി മാറുന്നത്. കോകിലയേയും ഗിരിജയേയും ഒരേസമയം വിവാഹം കഴിക്കാനാഗ്രഹിക്കുന്നു എന്നുപറഞ്ഞ വിജയൻമാഷോടുള്ള വെറുപ്പും തന്നോട് പ്രണയം നടിച്ച് വിലപ്പെട്ടതെല്ലാം കവർന്നെടുത്ത് കടന്നുകളഞ്ഞ സുരേഷിന്റെ ചതിയിലുള്ള അമർഷവുമാണ് കോകില ഗിരിജയുമായി പ്രണയം പങ്കിടാൻ കാരണമായി വർത്തിക്കുന്നത്. വിജയൻമാഷെ താൻ തെറ്റിദ്ധരിച്ചതാണെന്നറിയുമ്പോൾ കോകില ഭിന്നലൈംഗികതയിലേക്ക് വീണ്ടും എത്തിച്ചേരുന്നു. യഥാർത്ഥ സ്വവർഗസ്ത്രീകൾക്ക് എതിർലിംഗവുമായി ലൈംഗികബന്ധം പുലർത്താൻ ഒരിക്കലും സാധിക്കില്ല എന്ന വസ്തുത പരിശോധിക്കുമ്പോൾ കോകില ഒരിക്കലും സ്വവർഗരതിയായിരുന്നില്ലെന്നു വ്യക്തമാവുന്നു. എതിർലിംഗവുമായി ബന്ധം പുലർത്തേണ്ട അവസ്ഥ സാഹചര്യങ്ങളാൽ വന്നുപെട്ടാൽ നിലനിൽക്കാൻ കഴിയാതെ ആത്മഹത്യചെയ്യുകയാണ് അവരുടെ രീതി. കൗമാരകാലത്തെ ആത്മഹത്യകൾ പരാമർശിക്കുന്ന എത്രയോ പത്രക്കുറിപ്പുകൾ ഇതിനു തെളിവായി ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു.

സാമ്പത്തികമായ ഉച്ചനീചത്വം കൊണ്ട് കോകില എന്നും ഗിരിജയ്ക്കു വശംവദയായിട്ടിരിക്കുന്നു. കോകില കുടുംബിനിയായി കുട്ടികളുമായി ജീവിക്കുവാൻ എപ്പോഴും ആഗ്രഹിക്കുന്നു. ഗിരിജയോടുള്ള ഭയം കൊണ്ട് സ്വവർഗപ്രണയത്തെ നിലനിർത്തിപ്പോരുകയും ചെയ്യുന്നു. ഇവിടെ അധികാരബന്ധമാണ് ഈ പ്രണയത്തെ മുന്നോട്ടു നയിക്കുന്നതെന്നു കാണാം. കോകിലയെ തന്റെ വീട്ടിലേക്കു ക്ഷണിച്ചുവരുത്തി അണിയിച്ചൊരുക്കുന്ന ഗിരിജ ആഭരണങ്ങളും വസ്ത്രങ്ങളും നൽകി അവളെ തന്നിലേക്ക് ആകർഷിക്കുകയാണ്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കോകില വേഷത്തിൽ മാത്രമല്ല. സ്വഭാവത്തിലും ഗിരിജയിൽ നിന്ന് വ്യത്യസ്തയാകുന്നു. തീരുമാനങ്ങൾ എടുക്കുന്നത് എന്നും ഗിരിജയായിരിക്കുകയും കോകില അതിനു വിധേയപ്പെട്ടും ഇരിക്കുന്നു. കോകിലയുടെ തെറ്റുകൾക്ക് മർദ്ദനനടപടികളാലാണ് ഗിരിജ ശിക്ഷവിധിക്കുന്നത്. കോകില സാറാവർക്കി എന്ന മറ്റൊരു പെൺകുട്ടിയുടെ പ്രണയത്തിനു പാത്രമാകുമ്പോൾ ഗിരിജ അവളുടെ കവിളത്ത് പുസ്തകം കൊണ്ട് ആഞ്ഞുതല്ലി പ്രതിഷേധിക്കുന്നു. കോകിലയെ അവൾ എന്തൊക്കെ ചെയ്തു എന്നറിയാനുള്ള ആകാംക്ഷയാണ് ഗിരിജയിൽ പ്രകടമാവുന്നത്. കോകിലയുടെ ശരീരത്തോടുള്ള അടക്കാനാവാത്ത തൃഷ്ണകളാണ് ഗിരിജ പ്രകടിപ്പിക്കുന്നത്. ഗിരിജ കോകിലയെ ഒരു പുരുഷനായി നിന്ന് നോക്കിക്കാണുകയാണ്. അവളുടെ ചോദ്യങ്ങൾക്കുമുമ്പിൽ തലതാഴ്ത്തി ലജ്ജിച്ചു നിൽക്കുന്ന കോകില കാലങ്ങളായി

പുരുഷാധിപത്യം ഊട്ടിയുറപ്പിച്ച സ്ത്രീസങ്കല്പത്തിനകത്ത് ഭദ്രമായി വിശ്രമിക്കുന്നു. ഒരാണായി ചമഞ്ഞുകൊണ്ടാണ് ഗിരിജ കോകിലയ്ക്ക് പ്രണയലേഖനങ്ങൾ എഴുതുന്നത്.രണ്ടുപെൺകുട്ടികളുടെ പഠനം നിർവഹിച്ച ടി.പി. കിഷോർ ഗിരിജ-കോകിലമരെ ലെസ്ബിയനി (Butch) ബുച്ച്, ഫെം (Fem) എന്നീ വിഭാഗങ്ങളിലായി ക്രമപ്പെടുത്തിയിരിക്കുന്നു. ഗിരിജയെ ബുച്ച് എന്ന് വിശേഷിപ്പിക്കുന്നത് അവളുടെ നോട്ടവും ഭാവചേഷ്ടയും പുരുഷന്റേതുപോലെ തോന്നിക്കുന്നതുകൊണ്ടാണ്. കോകിലയാകട്ടെ സ്ത്രീ സഹജമായ നിഷ്കളങ്ക ബോധത്തിന് ചില സമയങ്ങളിൽ കീഴ്പ്പെടുന്നതിനാൽ അവളെ ഫെം എന്നു വിശേഷിപ്പിക്കുന്നു.

സമൂഹത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങുന്ന സ്ത്രീയാണ് കോകില. അതിനാൽ അവളുടെ ദൃഷ്ടിയിൽ ഭിന്നലൈംഗികത തന്നെയാണ് ശരിയായിട്ടുള്ളത്. പുരുഷ ശരീരത്തിലുള്ളത് പൗരുഷമാണെന്നും അത് ആഗ്രഹിക്കുന്നത് സ്ത്രൈണതയുള്ള സ്ത്രീശരീരത്തെയാണെന്നും ഉള്ള ചിന്ത കോകിലയിൽ ശക്തമാകുന്നുണ്ട്. ലൈംഗികതയെ ഒരിക്കലും മനുഷ്യനിൽ നിന്ന് ഇഴപിരിച്ചെടുക്കാനാവില്ല. പ്രാചീനകാലം മുതൽക്കേ കാമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പുരുഷൻ സ്വാതന്ത്ര്യവും സ്ത്രീ അടിമത്തവുമാണ് അനുഭവിച്ചിരുന്നതെന്നു കാണാം. സ്ത്രീകളുടെ പൂർണത മാതൃത്വത്തിലാണെന്നും ശാരീരികമായ സംതൃപ്തികൾ അവൾക്കില്ലെന്നുമുള്ള ചിന്തയെ കോകിലയിലൂടെ സ്ഥാപിച്ചെടുക്കുകയാണ് നന്ദകുമാർ. ലെസ്ബിയനിസത്തോടു തോന്നിയ കൗതുകം ഭിന്നലൈംഗികതയുടെ അടിസ്ഥാനത്തിൽ അതിനെ നിർവചിക്കാനുള്ള ശ്രമങ്ങളിൽ ചെന്നെത്തുകയും ലൈംഗികതയുടെ പരിവേഷത്തോടെ അതിനെ പ്രത്യക്ഷവൽക്കരിക്കുകയുമാണ് ഉണ്ടായത്. സ്ത്രീയ്ക്ക് പുരുഷനാണ് ആവശ്യം പുരുഷന്റെ ചൂടും കരുത്തുമാണാവശ്യം. അവസാനം ഗിരിജയുടേയും ശാപമോക്ഷം അവിടെത്തന്നെയായിരിക്കും എന്ന് നോവലിസ്റ്റ് പറഞ്ഞുവയ്ക്കുന്നത് കോകിലയിലൂടെയാണ്. ഭിന്നവർഗലൈംഗികതയുടെ സ്ഥാപനങ്ങളായ കുടുംബ-ദാമ്പത്യ ബന്ധങ്ങൾ നിലനിർത്തപ്പെടേണ്ടതിന്റെ ആവശ്യകതകൾ കൂടി നോവലിസ്റ്റ് ഇവിടെ സ്ഥാപിച്ചെടുക്കുന്നു.

ആണുങ്ങളോടും പെണ്ണുങ്ങളോടും വൈകാരികവും ലൈംഗികവും ശാരീരികവുമായ ആകർഷണം അനുഭവപ്പെടുന്നവരെ ദ്വിലൈംഗികർ, ഉഭയലിംഗരമികൾ (Bisexual) എന്നൊക്കെയുള്ള പദം കൊണ്ട് സൂചിപ്പിച്ചു കാണുന്നു. അങ്ങിനെ നോക്കിയാൽ കോകില ഉഭയലിംഗരമിയാണെന്നു കാണാം. ഏകലിംഗജീവികളുടെ ലൈംഗികതയെ ഓക്കാനമുണ്ടാക്കുന്ന തരത്തിലുള്ള ലൈംഗികവൈകൃതങ്ങൾക്കൊപ്പമാണ് റിച്ചാർഡ് ക്രാഫ്റ്റ് എബ്വിങ്ങ് ചേർത്തുവച്ചിരിക്കുന്നത് (കെ.ഇ.എൻ, 2010, 22). എന്തുകൊണ്ടാണ് ഒരാൾ സ്വവർഗരതി (Homosexual)യാകുന്നത് എന്നു കണ്ടെത്തിയശേഷം ചികിത്സിച്ചു ഭേദമാക്കി അവരെ ഭിന്നലൈംഗികതയിലേക്കു തിരിച്ചുകൊണ്ടുവരാൻ ശ്രമങ്ങൾ നടത്തുകയാണ് അക്കാലത്തെ പൊതുസമൂഹം. ഈ നോവലിൽ നന്ദകുമാറും സ്വവർഗരതകളായ പെൺകുട്ടികളോട് സഹിഷ്ണുത പ്രകടിപ്പിക്കുകയും അവരെ ചികിത്സിച്ചു സുഖപ്പെടുത്തുകയും ചെയ്യുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇതിനായി മനശ്ശാസ്ത്രത്തിൽ താത്പര്യമുള്ള ഡോക്ടർ ആയ ബാബു എന്ന ചെറുപ്പക്കാരനെത്തന്നെ ഗിരിജയ്ക്ക് വരനായി കണ്ടെ

ത്തുന്നു. ബാബു ദി ലെസ്ബിയൻ എന്ന പുസ്തകം വായിക്കുകയാണെന്ന പരാമർശം നോവലിലുണ്ട്. ഇപ്പോഴത്തെ പെൺകുട്ടികൾക്കൊക്കെ മാനസികമായി എന്തെല്ലാമോ തകരാറുകളുണ്ട് എന്ന് ബാബു പറയുന്നത് അക്കാലത്തെ മനഃശ്ശാസ്ത്രപഠനങ്ങളുടെ ധാരണകൾ പിൻപറ്റിക്കൊണ്ടാണ്. കോകിലയുടെ വിവാഹവാർത്തയിൽ മനംനൊന്ത് ആത്മഹത്യയ്ക്ക് ഒരുങ്ങിയ ഗിരിജയ്ക്ക് സ്ത്രീയ്ക്ക് പുരുഷൻ വേണമെന്നതാണ് പ്രകൃതി നിയമമെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കുകയാണ് ബാബു. ഗിരിജ തന്റെ പ്രവർത്തിയിൽ ലജ്ജയും കുറ്റബോധവും തോന്നി ബാബുവിന്റെ മാറിൽ ചേർന്ന് അനുഭൂതിയും നിർവൃതിയും ഏറ്റുവാങ്ങുന്നതായി ചിത്രീകരിച്ചുകൊണ്ടാണ് നോവൽ അവസാനിപ്പിക്കുന്നത്.

ജന്മനാ സ്വവർഗാനുരാഗിയായ ഒരു പെൺകുട്ടിക്ക് ഒരിക്കലും തന്റെ ലൈംഗികചോദനകളെ മാറ്റുവാൻ സാധ്യമല്ല എന്ന വാസ്തവം നിലനിൽക്കേ നന്ദകുമാർ അവതരിപ്പിച്ച കഥാപാത്രങ്ങൾ ലെസ്ബിയൻ വ്യക്തിത്വങ്ങളായിരുന്നില്ല എന്ന് ഇന്നു വായിക്കുമ്പോൾ വ്യക്തമാവുന്നു. സാഹചര്യങ്ങളാൽ ലെസ്ബിയനായിത്തീരുന്നവരെ സെക്സ് കൗൺസിലിങ്ങിലൂടെ ആ മാനസികാവസ്ഥയിൽ നിന്നും പുറത്തുകൊണ്ടുവരാനാകുമെന്നും അവർ ഭിന്നലൈംഗികജീവിതം നയിച്ച് സംതൃപ്തിയണയുമെന്നുമാണ് നന്ദകുമാർ ഈ നോവലിലൂടെ പറഞ്ഞുവെച്ചത്. സ്വവർഗപ്രണയം കണ്ടെത്തി ചികിത്സിക്കുവാനുള്ള അധികാരം മനശ്ശാസ്ത്രവും വൈദ്യശാസ്ത്രവും ഉപയോഗിക്കുമ്പോൾ സ്വശരീരത്തെക്കുറിച്ചറിയാനും ലൈംഗികതയുടെ വ്യത്യസ്തമാർഗങ്ങൾ തേടാനുമുള്ള സ്വവർഗാനുരാഗികളുടെ അവകാശം നിഷേധിക്കപ്പെടുകയാണുണ്ടായത്.

വിവാഹത്തിന്റേയും പുനരുല്പാദനത്തിന്റേയും ചട്ടക്കൂടിനകത്തുമാത്രമേ ലൈംഗികബന്ധം നിലനിൽക്കുകയുള്ളൂ എന്ന ഭിന്നലൈംഗികതയുടെ ധാരണകളെ പങ്കുവച്ച് പിത്രാധികാരത്തെ സ്ഥാപിച്ചെടുക്കുകയായിരുന്നു ഈ നോവൽ. സ്ത്രീക്കു കുടുംബത്തോടുള്ള ധാർമികമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിന് ആൺകോയ്മയിലധിഷ്ഠിതമായ വിവാഹബന്ധം നിർണ്ണായകമാണ്. ലൈംഗികസംയമനം പാലിക്കുന്നിടത്തു മാത്രമല്ല, പരിലാളനവും അച്ചടക്കവും പ്രദാനം ചെയ്യുന്ന സാമൂഹ്യശക്തിയാവാനുള്ള വിധിയും സ്ത്രീയ്ക്ക് കല്പിക്കുന്നു. സ്വന്തം കർതൃത്വത്തെ തിരിച്ചറിയാൻ സ്ത്രീക്ക് അവളുടെ ലൈംഗികതയെ തുറന്നുപറയാനുള്ള വിലക്കുകളെ അതിജീവിക്കേണ്ടി വരുന്നു. ഇത് പുരുഷസമൂഹം ഒരിക്കലും അംഗീകരിക്കില്ല. ഭിന്നലൈംഗികതയുടെ പ്രക്രിയാബന്ധങ്ങൾ സ്വവർഗരതിയിലാരോപിച്ച് സുഖം തേടുന്ന എഴുത്തുകാർ അതിന്റെ യാഥാർത്ഥ്യങ്ങൾ മനപ്പൂർവം തിരസ്ക്കരിക്കുകയായിരുന്നു.

1972 ൽ ജോർജ് വിൻസ് ബർഗാണ് സ്വവർഗഭീതി (HomoPhobia) എന്ന പദം ഉപയോഗിക്കുന്നത്. യഥാർത്ഥഭീതിയും സ്വവർഗഭീതിയും തമ്മിലുള്ള മൗലികവ്യത്യാസങ്ങൾ അക്കമിട്ടു നിരത്തുന്ന അദ്ദേഹം പറയുന്നത്, യഥാർത്ഥഭീതി പേടിയിൽ അവസാനിക്കുമ്പോൾ സ്വവർഗഭീതി രാഷ്ട്രീയമായ അജൻഡകളെ കൂടി ഉൾക്കൊള്ളുന്നുണ്ടെന്നാണ് (കെ.ഇ.എൻ, 2010, 22). രണ്ടു ലെസ്ബിയനുകൾക്കിടയിൽ പുരുഷനു പ്രസക്തിയില്ലാത്തതിനാലും ലെസ്ബിയനിസത്തിൽ സ്ത്രീ സൃഷ്ടിച്ചെടുക്കുന്ന അധികാരഘടനയിൽ പുരുഷസമൂഹത്തിനു സ്ഥാനനഷ്ടം സംഭവിക്കുമെന്നതിനാലും സ്ത്രീലൈംഗികതയെ

പിത്രാധിപത്യസമൂഹം പരിഹാസത്തോടെ മാത്രമേ വീക്ഷിക്കുകയുള്ളൂ. (കപട)സദാചാരപാലനത്തിനുള്ള വ്യഗ്രതകൾ, മതസ്ഥാപനങ്ങളുടെ സങ്കുചിതധാരണകളെ ഉയർത്തിപ്പിടിക്കൽ, പുരുഷാധികാര ഘടനകളുടെ നിലനിർത്തൽ എന്നിങ്ങനെ ധാരാളം ലക്ഷ്യങ്ങൾ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീ പുരുഷൻ എന്നീ വിഭജനങ്ങൾ ആത്യന്തികമല്ല. ചില സാമൂഹിക റോളുകൾ നിർവഹിക്കാനും വിവാഹം, രക്ഷാകർതൃത്വം തുടങ്ങിയ സ്ഥാപനങ്ങൾ സംരക്ഷിക്കാനും സ്വത്തിനു നിയമപരമായ അവകാശികളെ സൃഷ്ടിച്ചെടുക്കുവാനും വേണ്ടി സമൂഹം നിർമിച്ചെടുത്ത വിഭജനങ്ങളാണിവ. വസ്ത്രധാരണരീതി, സമൂഹത്തിൽ നിർവഹിക്കുന്ന പങ്ക് , തൊഴിൽവിഭജനം, പരിശീലിപ്പിക്കപ്പെട്ട പെരുമാറ്റം എന്നീ മാർഗങ്ങളിലൂടെ സ്ത്രീയെ സ്ത്രീയാക്കിയും പുരുഷനെ പുരുഷനാക്കിയും സമൂഹം മാറ്റിയെടുക്കുന്നു. എതിർലിംഗവുമായി മാത്രമേ ആകർഷണം തോന്നാവൂ എന്ന് പറഞ്ഞുപഠിപ്പിക്കുന്നു. അതിനാൽ തന്നെ പാപമായി മതവും കുറ്റകൃത്യമായി നിയമവും മാനസികവൈകൃതമായി പരമ്പരാഗത മനശ്ശാസ്ത്രവും ഹോർമോൺ തകരാറായി വൈദ്യശാസ്ത്രവും സ്വന്തം കുടുംബത്തിനകത്തെ അഭിമാനക്ഷതമായി സമൂഹവും സ്വവർഗപ്രണയത്തെ കാണുന്നു. ഇങ്ങനെ നോക്കുമ്പോൾ പുരുഷലൈംഗികതയെ നിരസിക്കുന്ന സ്ത്രീ രൂപങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് പുരുഷൻ സൃഷ്ടിച്ച പരമ്പരാഗത സ്ത്രീരൂപങ്ങളെ സമൂഹത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് സ്വവർഗസ്ത്രീരതിയുടെ യഥാർത്ഥമുഖം മറച്ചുപിടിച്ചുകൊണ്ട് സ്ത്രീയുടെ ലൈംഗിക സ്വാതന്ത്ര്യത്തെ നിയന്ത്രിച്ചു നിർത്തേണ്ടതാണെന്ന ധാരണയെ സമൂഹത്തിൽ ഊട്ടിയുറപ്പിക്കുകയായിരുന്നു വി.ടി. നന്ദകുമാറിന്റെ രണ്ടു പെൺകുട്ടികൾ എന്ന നോവൽ.

## ഉപസംഹാരം

കൗമാരഘട്ടത്തിലുണ്ടാകുന്ന ലൈംഗികതയെക്കുറിച്ചുള്ള കൗതുകങ്ങളും ലൈംഗികതയുടെ ആന്തരാർത്ഥങ്ങൾ തേടുന്ന അപക്വമായ അന്വേഷണങ്ങളും വിദ്യാർത്ഥികളെ ലൈംഗികാഭിമുഖ്യത്തിൽ എത്തിക്കുമെന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടുമാത്രം ലെസ്ബിയനിസത്തെ വായിച്ചെടുക്കുകയായിരുന്നു നന്ദകുമാർ. ഗിരിജയുടേയും കോകിലയുടേയും ശരീരവർണ്ണനകളിലൂടെയും ലൈംഗികബന്ധ ചിത്രീകരണങ്ങളിലൂടെയും സ്വവർഗ സ്ത്രീരതി എന്നാൽ സ്ത്രീകളുടെ ലൈംഗിക ബന്ധം മാത്രമാണെന്നു വന്നുകൂടി. ലെസ്ബിയൻ ബന്ധത്തിന്റെ തീവ്രത ആൺകൗതുകങ്ങളിൽ ഒരു കൗൺസിലിംഗ് കൊണ്ട് മാറ്റിയെടുക്കാവുന്ന ബന്ധമായി മാറി. സമൂഹനിർമിതമായ പദവികൾക്കപ്പുറത്തേക്ക് സ്വതന്ത്രമായ അസ്തിത്വം നേടുവാനായി നിരന്തരം സമരത്തിലേർപ്പെട്ടിരിക്കുന്ന ലെസ്ബിയനുകളെ സംബന്ധിച്ചുപഠിക്കുമ്പോൾ ഈ നോവൽ ഒരു ലെസ്ബിയൻ നോവലായി കരുതാൻ ഇന്ന് പ്രയാസമാണ്. മറിച്ച്, ലെസ്ബിയൻ ബന്ധങ്ങളിലെ അസ്ഥിരതകൾ ഉയർത്തിക്കാണിച്ചുകൊണ്ട് കുടുംബ- ദാമ്പത്യ ബന്ധങ്ങൾ നിലനിർത്തപ്പെടേണ്ടതിന്റെ ആവശ്യതകളെ അവതരിപ്പിക്കുന്ന ഒരു നോവലാണ് വി.ടി. നന്ദകുമാറിന്റെ രണ്ടുപെൺകുട്ടികൾ.

## ഗ്രന്ഥസൂചി


1. *അനിൽകുമാർ.കെ.എസ്,രശ്മി.ജി, 2014, ആണെഴുത്തിലെ ലെസ്ബിയനിസം, ദേശാഭിമാനി വാരിക, ജൂൺ 8.*

2. *ഉഷാകുമാരി.ജി., 2014, വഴുതുന്ന ബഹുവചനങ്ങൾ, സംഘടിത, മാർച്ച് 9, വാല്യം 7, ലക്കം 3*

3. *ജയകൃഷ്ണൻ. എൻ.(സമാഹരണം), 2011, ഫെമിനിസം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം*

4. *മായ.എസ്, 2004, ലെസ്ബിയനിസം ചരിത്രവും സിദ്ധാന്തവും, ഭാഷാപോഷിണി, സെപ്തംബർ, പുസ്തകം 28, ലക്കം 4.*

5. *നന്ദകുമാർ. വി. ടി. 2011, രണ്ടുപെൺകുട്ടികൾ, ഡി.സി.ബുക്സ്, കോട്ടയം.*

6. *രശ്മി.ജി, അനിൽകുമാർ.കെ.എസ്, 2016, വിമതലൈംഗികത ചരിത്രം സിദ്ധാന്തം രാഷ്ട്രീയം, ചിന്താപബ്ലിഷേഴ്സ്, തിരുവനന്തപുരം.*

7. *രേഷ്മഭരദ്വാജ്(എഡി), 2009, മിഥ്യകൾക്കൊപ്പം സ്വവർഗലൈംഗികത കേരളത്തിൽ, ഡി.സി.ബുക്സ്, കോട്ടയം*

# ഭാഷ വേറിട്ടൊരു നോട്ടം

ഇ.എസ്. റഷീദ്*

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഭാഷയെ ശാസ്ത്രീയമായും സമഗ്രമായും പഠിക്കാനാരംഭിച്ചതിന്റെ ചരിത്രം നമുക്കറിയാം. എൽ.എസ്. വിഗോട്സ്കി (L.S. Vigotsky), ജാൺ പിയാഷെ (Jean Piaget) ആർ. ഷാഫർ (R. Schaffer), ജി. ബട്ടർവർത്ത് (G. Butterworth), ജെറോം എസ്. ബ്രൂണർ (Jerome Seymour Bruner), ജെ. ബൗൾബി (J. Boulby), നോം ചോംസ്കി (Noam Chomsky) തുടങ്ങിയ ഭാഷാ ശാസ്ത്രജ്ഞർ ഭാഷയുടെ അടിസ്ഥാന ആശയവിനിമയ ശേഷിയെ മുൻനിർത്തി ശാസ്ത്രീയമായി പഠിക്കാൻ ശ്രമിച്ചു. ഭാഷയുടെ ഘടനാപരമായ പ്രത്യേകതകളെ വ്യാകരണം ബാഹ്യമായി ചർച്ച ചെയ്തപ്പോൾ ഭാഷാ ശാസ്ത്രം സൂക്ഷ്മതലത്തിൽ ആന്തരികമായി പരിശോധിച്ചു. സ്വന സ്വനിമ സാഹചര്യങ്ങളും രൂപ രൂപിമ സാഹചര്യങ്ങളും വാക്യാർത്ഥ സാഹചര്യങ്ങളും ഘടനാത്മകമായും സമഗ്രമായും വിലയിരുത്താനുള്ള മുന്നൊരുക്കമിട്ടു.

അതിനപ്പുറം ജ്ഞാനനിർമ്മിതിയുടെ ഭാഗമായി മനുഷ്യനാർജ്ജിച്ച ആശയങ്ങളെ പുരോഗനാത്മകമായ അന്വേഷണ മണ്ഡലത്തിലേക്ക് വികസിപ്പിക്കാൻ ഭാഷക്ക് ശേഷിയുണ്ടെന്ന് സവിശേഷമായ അപഗ്രഥനത്തിൽ മനസ്സിലാക്കാൻ കഴിയും.

## ഭാഷ – ചിന്ത : ജൈവികം സാംസ്ക്കാരികം

ഭാഷയും ചിന്തയും മനുഷ്യസഹജമാണ്; സർഗാത്മകമാണ്. ഇതരജീവികളുടേത് ജീവിക്കാനുള്ള വ്യവഹാരമാണ് ഭാഷയും ചിന്തയുമെങ്കിൽ മനുഷ്യന്റേത് അന്വേഷിക്കാനും കണ്ടെത്താനും സ്വപ്നം കാണാനും ഉള്ള ശേഷിയാണ്. ജീവിതത്തിന്റെ സമഗ്രമായ അനുഭാവം മനുഷ്യഭാഷകൾ പ്രദാനം ചെയ്യുന്നു. ഓരോ കൂട്ടായ്മയുടെയും ചരിത്രപരമായ

* *അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, മഹാരാജാസ് കോളേജ്, എറണാകുളം*

വികാസത്തെ സർഗാത്മകമാക്കുന്നത് ഭാഷയാണ്. ഓരോ കൂട്ടായ്മയുടെയും ചരിത്രപരമായ വികാസത്തെ സർഗാത്മകമാക്കുന്നത് ഭാഷയാണ്. ഒന്നരക്കിലോ ജെല്ലിയായ തലച്ചോറിൽ നടക്കുന്ന സവിശേഷമായ ഊർജ്ജപ്രവാഹങ്ങളിലൂടെ ഭാഷയുടെയും ചിന്തയുടെയും ഭേദിക്കാൻ പറ്റാത്ത സംയോജനം ചരിത്രപരമായി സംഭവിക്കുന്നു. ഭാഷാവസ്തുതകളുടെ ജൈവികവും സാംസ്ക്കാരികവുമായ ഒരു വ്യവസ്ഥയാണ് ഭാഷ; അതുപോലെ ചിന്തയും.

ലോകത്തിലെ ഏതു മനുഷ്യശിശുവും ഭാഷ പഠിച്ചുതുടങ്ങുന്നത് 12–18 മാസങ്ങളിലാണ്. 2–12 വയസ്സുകൾക്കിടയിലാണ് ഭാഷാർജ്ജനം ഏറ്റവും തീവ്രമായ രീതിയിൽ മനുഷ്യക്കുട്ടിയിൽ നടക്കുന്നത്. കുട്ടിയുടെ തലച്ചോറ് ചിന്തിക്കാൻ പാകമാകുന്നതും പക്വമാകുന്നതും ഈ കാലയളവിലാണ്. ഏറെക്കുറെ പ്രവചിക്കാൻ കഴിയുംവിധമാണ് ലോകത്തിലെ എല്ലാ ഭാഷകളും സാദൃശ്യമുള്ളവയും വ്യത്യസ്തവുമാകുന്നത്. തലച്ചോറിലെ ന്യൂറോണുകളുടെ ചലനാത്മകമായ സംവേദനങ്ങളാണ് ആശയങ്ങളെ ഏകീകരിക്കുന്നത്; വസ്തുക്കളെയും വസ്തുതകളെയും നിർദ്ധാരണം ചെയ്യുന്നത് ഒരു വ്യക്തിയുടെ, സമൂഹത്തിന്റെ ജനിതകം നിർണ്ണയിക്കുന്നത് ഭാഷയാണ്.

ജീവികൾ പ്രകൃതിപരമായി എങ്ങനെയാണ് പ്രതിഭാസമായി മാറുന്നത് എന്നത് ആ ജീവികളുടെ സവിശേഷമായ ജൈവികതയിലൂന്നിയാണ്. ഇന്ദ്രിയാനുഭവങ്ങളെല്ലാം സഹജമായ രീതിയിൽ പ്രവർത്തനക്ഷമമാകുന്നതാണ് ജൈവികത. ഈ ജൈവികത വർത്തമാനകാലത്ത് അഥവാ ജീവസ്പന്ദനങ്ങൾ തുടിക്കുന്ന കാലത്തോളം നിലനിൽക്കുന്ന സഹജമായ സ്വഭാവമാണ്. ഈ സ്വഭാവം പരിവർത്തന വിധേയമല്ല. ജൈവിക വ്യവഹാരങ്ങളായി അതു ജീവജനുസ്സിൽ നിലയുറപ്പിക്കുന്നു.

എന്നാൽ മനുഷ്യമസ്തിഷ്ക്കത്തിന്റെ വളർച്ചയുടെ ഒരു ഘട്ടത്തിൽ ചിന്തകളുടെ വ്യവഹാര രൂപങ്ങൾ കഴിഞ്ഞുപോയ കാലത്തിലേക്കും വരാനിരിക്കുന്ന കാലത്തേക്കും വർത്തമാന കാലത്തുനിന്നും ചരിത്രപരമായി പിന്നേറുകയും മുന്നേറുകയും ചെയ്യുന്നു. ഭാഷയിലെ സർഗാത്മകത തെളിയുന്നത് ഈ പ്രതിഭാസത്തിലാണ്. മനുഷ്യപ്രകൃതി മാനവസംസ്കൃതിയാകുന്നത് ഈ സാംസ്കാരിക പ്രക്രിയ വഴിയാണ്. സാമൂഹിക ജീവിതത്തിൽ സഹകരണാത്മകമായ അവസ്ഥ രൂപപ്പെടുന്നത് ഈ സാംസ്ക്കാരിക യുക്തിയാണ്. മൗനം കനംവെച്ച ജീവിവർഗ്ഗങ്ങളിൽ നിന്നും വേറിട്ടവനാകുന്നത് മനുഷ്യന്റെ ഈ ചിന്താവിവേചന ശീലമാണ്.

പ്രകൃതി പ്രതിഭാസങ്ങളായ ജീവിവർഗ്ഗങ്ങളുടെ ഏതൊരു ജീവിത വ്യവഹാരത്തിനും നൈസർഗിമകമായ വിചിന്തനം ആവശ്യമാണെങ്കിലും സവിശേഷമായ ഒരു ജീവി എന്ന നിലയിൽ മനുഷ്യനെ വ്യതിരിക്തമാക്കുന്നത് സർഗാത്മകമായ വിചിന്തനമാണ്. ഈ വിചിന്തനശേഷിക്ക് പ്രകടമായ രണ്ട് സ്വഭാവങ്ങളുണ്ട്; ഒന്ന് യുക്തിയും മറ്റേത് യുക്തിവൽക്കരണവും.

## യുക്തി – യുക്തിവൽക്കരണം

ലോകത്തിലിന്നുവരെ പുലർന്ന എല്ലാ മാനുഷിക ചിന്താ പദ്ധതികളുടേയും ആശ്രയം യുക്തിയാണ്. വസ്തുതകളെയും വസ്തുക്കളെയും ക്രിയാത്മകമായി നിർദ്ധാരണം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ് യുക്തി. 'ചോർച്ച', 'യോജ്യത', 'കാരണം'

എന്നൊക്കെയാണ് 'യുക്തി' കൊണ്ടർത്ഥമാക്കുന്ന പദബോധമെങ്കിലും അതൊരന്വേഷണ മാർഗമായുരുത്തിരിയുമ്പോൾ വസ്തുനിഷ്ഠമായ, ശാസ്ത്രീയമായ ഒരപഗ്രഥനത്തിന്റെ അടിത്തറയായി വർത്തിക്കുന്നു. അതുകൊണ്ടുതന്നെ യുക്തചിന്ത സൈദ്ധാന്തികമായി ഒരു തത്ത്വശാസ്ത്രമായി മാറുന്നു.

അറിവിന്റെയും അനുഭവത്തിന്റെയും നിരീക്ഷണത്തിന്റെയും പരീക്ഷണത്തിന്റെയും തലത്തിൽ, തെളിവുകൾ സമാഹരിച്ച് യാഥാർത്ഥ്യത്തെ സൂക്ഷ്മമായി, ശാസ്ത്രീയമായി പരിശോധിക്കുന്നതിന് യുക്ത പ്രചോദനമായി മാറുന്നു. ഈ പ്രചോദനം പ്രകടമായ ഒരു വ്യവഹാരതലത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നു. അതാണ് ഭാഷ. മനുഷ്യന്റെ യുക്തി ഭദ്രമായ ചിന്തകളെ പ്രകാശിപ്പിക്കുന്നത് അവന്റെ തനതു ഭാഷകളിലൂടെയാണ്. ആശയ പ്രകാശനോപാധിയായ ഭാഷ മനുഷ്യ പുരോഗതിയിലേക്ക് നയിക്കുന്ന ആശയങ്ങളാൽ സമ്പന്നമായിരിക്കണം. പുരോഗതിക്കാധാരമായ ആശയങ്ങൾ യുക്തിഭദ്രമായിരിക്കും.

എന്നാൽ ഈ യുക്തിയുടെ അടിത്തറ തന്നെ തകർക്കുന്നവിധം യുക്തിവൽക്കരണ പ്രക്രിയ ഇന്ന് വർദ്ധിച്ചുവരുന്നു ഭാഷയിലൂടെ, ചിന്തയിലൂടെ. പുരോഗതിയെ പ്രതിസന്ധിയിലാക്കുന്ന മിത്തുകൾ നിറഞ്ഞ അസംബന്ധങ്ങളായ, അന്ധമായ ആശയങ്ങൾ ഭാഷയിലും ചിന്തയിലും നിറഞ്ഞുനിൽക്കുന്നു. ഭാഷയിലുറഞ്ഞുകിടക്കുന്ന ഈ നൈതിക പ്രതിസന്ധിയെ അതിജീവിക്കാൻ മാനവയുക്തിക്കു സാധ്യമാകുംവിധം ഈ ശാസ്ത്രയുഗത്തിൽ സാമൂഹ്യ സാഹചര്യം ഒരുങ്ങുന്നുണ്ട്. ഭാഷ ആ രീതിയിൽ പരിവർത്തനവിധേയമായിക്കൊണ്ടിരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

## ഫിലോസഫി കാലം - സയൻസ് യുഗം

ഫിലോസഫി എന്നാൽ തത്ത്വശാസ്ത്രം. 'ഫിലീൻ' 'സോഫിയ' എന്നീ ഗ്രീക്ക് വാക്കുകളിൽ നിന്ന് നിഷ്പാദിപ്പിക്കപ്പെട്ടതാണ് ഫിലോസഫി. 'സോഫിയ' എന്നാൽ ജ്ഞാനമെന്നും 'ഫിലീൻ' എന്നാൽ സ്നേഹിക്കുക എന്നും അർത്ഥം.

ഫിലോസഫിയുടെ നാൾവഴികൾ ചരിത്രപരമായി പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് എല്ലാ ഭൗതിക ശാസ്ത്രമേഖലകൾക്കുമപ്പുറം അതീന്ദ്രിയമായി വർത്തിക്കുന്നു എന്നവകാശപ്പെടുന്ന ഒരു ശക്തിവിശേഷത്തെക്കുറിച്ചുള്ള അന്ധമായ അന്വേഷണമാണ്. ഈ അന്വേഷണധാരക്ക് ഇന്നുവരെ ശാസ്ത്രീയമായി യാതൊരു അടിസ്ഥാന തെളിവുകളും ലഭിച്ചിട്ടില്ല. ഇത്തരം മിത്തോളജിക്കലായ, പുരാവൃത്തപരമായ, ഐതിഹ്യപരമായ, അടിസ്ഥാനരഹിത യുക്തികൾ അവതരിപ്പിക്കാനും നിലനിർത്താനും ഓരോ ലോകഭാഷാ സമൂഹത്തിനും സാധിക്കുന്നു. യാഥാർത്ഥ്യത്തിനു നിരക്കാത്ത ബാലിശമായ അറിവുകൾ ശരിയായ ജ്ഞാനമാണെന്നു പ്രചരിപ്പിക്കുന്ന ഒരു ചരിത്രയുഗമാണ് ശാസ്ത്രയുക്തിയുടെ മുന്നേറ്റത്തിനുമുൻപ് മനുഷ്യസമൂഹത്തിൽ ഭാഷയിലധിഷ്ഠിതമായി നിലനിന്നത്. ആശയാവലികളുടെ സമാഹാരമാണ് എല്ലാ ലോകമതങ്ങളും ലോകദൈവങ്ങളും. യഥാർത്ഥ ജ്ഞാനസമ്പാദന മാർഗമായി ഫിലോസഫിയെ പുരോഗമനപരമെന്ന രീതിയിൽ ആധുനികാനന്തര സന്ദർഭത്തിലും ചില ചിന്തകൾ അവതരിപ്പിക്കാറുണ്ട്.

എന്നാൽ പ്രകൃതിയും പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള വൈരുദ്ധ്യം കുറച്ചുകൊണ്ടുവരുന്ന ജ്ഞാനമാർഗ്ഗമാണ് യാഥാർത്ഥ്യത്തിനു നിരക്കുന്ന ഭൗതിക പദാർത്ഥത്തി

ലധിഷ്ഠിതമായ മാനവയുക്തി. ഈ യുക്തിയാണ് ശാസ്ത്രയുഗത്തിലേക്ക് മനുഷ്യനെ നയിച്ചത്. അറിവിന്റെ ശാസ്ത്രീയമായ അന്വേഷണമാണ് മാനവനെ എന്നും ആധുനികനായിരിക്കാൻ പ്രേരിപ്പിക്കുന്നത്. അതിനു പാകമായ ഭാഷയാണ് ആധുനിക സമൂഹത്തിനാവശ്യം. പൂർവാർജിത ജ്ഞാനമാതൃകകളിൽ ഏറ്റവും ശാസ്ത്രീയമായ, ആശയധാരകളായ മനുഷ്യമോചന മൂല്യങ്ങൾ മാനവനാർജിച്ച് അന്ധമായ മുന്നനുഭവങ്ങളെ നിരാകരിച്ച് പുതിയ സാഹചര്യത്തിൽ പ്രയോഗിച്ച് മുന്നേറുന്ന യുക്തിഭദ്രമായ, നീതിയുക്തമായ അറിവ് ഉൽപ്പാദിപ്പിക്കുന്ന പ്രായോഗിക ഭാഷയിലാണ് ഉള്ളടങ്ങിയിരിക്കുന്നത്. ഓരോ അന്വേഷകനെ സംബന്ധിച്ചിടത്തോളം പ്രസക്തവും സ്വയംപ്രചോദിതവുമായ ശാസ്ത്രീയപഠന പ്രവർത്തനങ്ങൾക്ക് ജ്ഞാനനിർമ്മിതിയിൽ അടിസ്ഥാനപരമായ സ്ഥാനവും സാധ്യതയുമുണ്ട്. അന്വേഷണത്തിന്റെ സൗന്ദര്യാത്മകയുക്തിയിൽ യാഥാർത്ഥ്യത്തിനും സ്വാതന്ത്ര്യത്തിനും നിരക്കാത്ത എല്ലാ ഫിലോസഫികളും കാലഹരണപ്പെട്ടതാണ്. ഭൗതികയാഥാർത്ഥ്യത്തിലധിഷ്ഠിതമായ എല്ലാ ഫിലോസഫികളും കാലത്തിനു നിരക്കുന്നതാണെന്നർത്ഥം. ജന്മസിദ്ധമായ മനുഷ്യഭാഷ തലച്ചോറിൽ വികസിച്ചുവന്ന ജനിതകവളർച്ചയുടെ ഭാഗമാണ്. എല്ലാ അന്ധവും അസംബന്ധവുമായ പ്രാഥമികയുക്തിതലത്തിൽ നിന്നും പുരോഗമനപരമായ യുക്തിബോധത്തിലേക്ക്, ഭാഷയിലെ അന്വേഷണാത്മക ജ്ഞാതൃവ്യവസ്ഥ വളർന്നു നിൽക്കുന്നു. ഇത് മനുഷ്യയുക്തിയുടെ ഏറ്റവും ശാസ്ത്രീയവും നവീകരിക്കപ്പെട്ടതുമായ അവസ്ഥയാണ്. മാനവികതയുടെ നാൾവഴികളിൽ ഏറ്റവും പരിഷ്കൃതമായ അവസ്ഥയും വ്യവസ്ഥയും ഭാഷയിലുള്ളടങ്ങിയ വിചിന്തനശേഷിയെ രൂപപ്പെടുത്തുന്നു. ശാസ്ത്രയുഗത്തിനായൊരുങ്ങുന്ന ഭാഷാ സവിശേഷതയാണിത്.

### റഫറൻസ്


1. *ഡോ. കെ. വേലായുധൻ നായർ, നാം ജീവിക്കുന്ന ലോകം - തത്ത്വചിന്ത, ഡിസി. ബുക്സ്, കോട്ടയം 1985*
2. *പ്രൊഫ. സി. രവിചന്ദ്രൻ, മസ്തിഷ്ക്കം കഥ പറയുന്നു, ഡി.സി. ബുക്സ്, കോട്ടയം 2018*
3. *രാജഗോപാൽ വാകത്താനം, യുക്തിചിന്ത,ചിന്താ പബ്ലിക്കേഷൻസസ്, തിരുവനന്തപുരം, 2007*
4. *കെ. വേണു, പ്രകൃതി ജനാധിപത്യം സ്വാതന്ത്ര്യം, ഡി.സി. ബുക്സ്, കോട്ടയം. 2017*
5. *ഡോ. വി.ആർ. പ്രബോധചന്ദ്രൻ, നാം ജീവിക്കുന്ന ലോകം - ലോകഭാഷകൾ ഡി.സി. ബുക്സ്, കോട്ടയം 1987*
6. *കെ.എം. പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994*
7. *കെ.എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്ര വിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, കറന്റ് ബുക്സ്, കോട്ടയം, 2002*
8. *കെ. വേണു, സ്വാതന്ത്ര്യത്തിന്റെ സാക്ഷാൽക്കാരം ഖനി ബുക്സ്, ആലുവ, 1990*
9. *പവനൻ (ചീഫ് എഡിറ്റർ), യുക്തിദർശനം, കേരള യുക്തിവാദി സംഘം പ്രസിദ്ധീകരണം, കോഴിക്കോട്, 1982.*

# നവോത്ഥാനവും മാതൃഭാഷയും

ടി.കെ. സൗമ്യ*

ഭാഷ എന്നത് വെറും ഉപകരണമല്ല, സാമൂഹ്യവും ചരിത്രപരവും സൗന്ദര്യാത്മകവും രാഷ്ട്രീയവുമായ ഒരു പ്രതിഭാസമാണ്. അത് സർഗാത്മക ശക്തിയാണ്. ജനിച്ചുവീണ പാടെ ഒരു ശിശുവിനെ സമൂഹത്തിൽനിന്ന് വേർപെടുത്തി ഒറ്റയ്ക്ക് ജീവിക്കാൻ വിട്ടാൽ അതിന് സ്വയമൊരു ഭാഷ രൂപപ്പെടുത്താനാവില്ല. ഭാഷ ജന്മസിദ്ധമാണ് എന്നതിലുപരി സാമൂഹ്യമായ ഒരു ശേഷിയാണ്. അർത്ഥബോധമുളവാക്കുന്ന ശബ്ദത്തെ മാത്രമേ ഭാഷയെന്നു വ്യവഹരിക്കപ്പെടുന്നുള്ളൂ. മഹാകവി ഉള്ളൂർ ഭാഷയെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. 'ഒരുവൻ തന്റെ അന്തർഗ്ഗതം അന്യനെ ഗ്രഹിപ്പിക്കുന്നതിനുവേണ്ടി ഉച്ചരിക്കുന്നതും ആ അന്തർഗ്ഗതം ഏതെങ്കിലും ഒരു ജനസമുദായത്തിലെ സങ്കേതമനുസരിച്ച് അന്യനെ ഗ്രഹിക്കുവാൻ പര്യാപ്തവുമായ വർണ്ണാത്മക ശബ്ദങ്ങളുടെ സമൂഹമാകുന്നു ഭാഷ.' ഭാഷ വ്യവഹാരലോകത്തെ സൃഷ്ടിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യാനുള്ള ശേഷി മാതൃഭാഷക്കേ ഉള്ളൂ. വിദ്യാഭ്യാസം മാതൃഭാഷയിൽ ആയാലേ വ്യവഹരിക ലോകത്ത് ഇടപെടാൻ സാധിക്കൂ. ഈ ആശയം നവോത്ഥാന നായകൻമാർ മുന്നേ പറഞ്ഞിട്ടുള്ള ആശയമാണ്. ഭാഷയെ നിർവചനങ്ങൾക്ക് അധീതമാണ്. ഭാഷ എളുപ്പത്തിൽ സ്വായത്തമാക്കണമെങ്കിൽ മാതൃഭാഷയിലൂടെയുള്ള ബോധനമാണ് വേണ്ടത്. ജോർജ്ജ് മാത്തൻ, മക്തിതങ്ങൾ, ശ്രീനാരായണഗുരു എന്നിവരുടെ ആശയങ്ങളെ മുൻനിർത്തി വിലയിരുത്താനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

* *ഗവേഷണ വിദ്യാർത്ഥി, മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്*

### നവോത്ഥാനം

ഒരു സമൂഹത്തിന്റെ ചിന്തയേയും മൂല്യബോധത്തെയും രൂപപ്പെടുത്തുക അല്ലെങ്കിൽ മാറ്റിത്തീർക്കുകയോ ചെയ്യുന്ന പ്രക്രിയയാണ് നവോത്ഥാനം. എന്നാൽ ഭാഷ ഒരു പ്രത്യയ ശാസ്ത്ര ഉപകരണമാണ്. ജനങ്ങൾ പരസ്പരം സംവധിക്കുന്നതും നിലവിലെ കോയ്മയെ തിരിച്ചറിയുന്നതും ഭാഷയിലൂടെയാണ്. സാമൂഹിക പ്രക്രിയകളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള നമ്മുടെ വിചാരങ്ങളെ വ്യവസ്ഥപ്പെടുത്തുന്നതും ഭാഷയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്തും ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലും വരെയാണ് പൊതുവെ കേരളീയ നവോത്ഥാനം ഘട്ടമായി ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നത്.

റിനൈൻസ് എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായിട്ടാണ് ഇന്ന് പലരും മലയാളത്തിൽ നവോത്ഥാനം എന്ന പദം ഉപയോഗിക്കുന്നത്. ഇംഗ്ലീഷിൽ ഉള്ളതിനേക്കാൾ വിശാലമായ അർത്ഥമാണ് മലയാളത്തിൽ നവോത്ഥാന സങ്കല്പത്തിന് കിട്ടുന്നത്. ഇന്ത്യൻ ചരിത്രത്തിലും സമൂഹത്തിലും ഉൾച്ചേർന്നിരുന്ന ചില ഘടകങ്ങളുടെ സ്വഭാവിക പരിണാമമായിരുന്നു ഇന്ത്യൻ നവോത്ഥാനമെന്നും അതിന് നേതൃത്വം കൊടുത്തവർ ഇന്ത്യക്കാരായിരുന്നു എന്നും കെ.എം. പണിക്കർ വ്യക്തമാക്കുന്നുണ്ട്. ഇന്ന് യൂറോപ്യൻ നവോത്ഥാനത്തെക്കുറിച്ചുള്ള അഘാതമായ പഠനത്തിന്റെ പരിണിത ഫലമാണ് മാനവികതാവാദം. ഈ വാദം ഇന്ന് ഒരു സിദ്ധാന്ത പദവിയിലേക്കുതന്നെ ഉയർന്നു കഴിഞ്ഞിരിക്കുന്നു. യൂറോപ്യൻ നവോത്ഥാനത്തിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് കേരള നവോത്ഥാനത്തിന്റെ ആശയങ്ങൾ. മതസഹിഷ്ണുതാ ജാതീയപരമായ ഉച്ചനീചത്വം ഇല്ലായ്മ ചെയ്യൽ, സ്ത്രീ പുരുഷ പങ്കാളിത്വം ഉറപ്പിക്കൽ, സാമൂഹിക പദവി, വിദ്യാഭ്യാസം, ശാസ്ത്രബോധം, യുക്തിബോധം, ജനാധിപത്യബോധം ഇതെല്ലാം ഉൾചേർന്നതാണ് കേരളീയ നവോത്ഥാനം. ഇന്ത്യയിൽ നവോത്ഥാനത്തിന്റെ ആദ്യ സ്ഫുരണങ്ങൾ കണ്ടുതുടങ്ങിയത് ബംഗാളിൽ ആണ്. എന്നാൽ ഇതിന്റെ അലയൊലികൾ കേരളത്തിൽ എത്തുന്നത് വളരെ വൈകി മാത്രമാണ്. ബംഗാളിലെ നവോത്ഥാന സങ്കല്പത്തിലെ ആശയങ്ങളിൽ നിന്ന് ഭിന്നമാണ് കേരള നവോത്ഥാനത്തിന്റേത്. ബംഗാളിൽ നവോത്ഥാനം ഉന്നത വിഭാഗത്തിൽ നിന്നാണ് ആരംഭിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ പിന്നോക്ക ജാതിക്കാരിൽ നിന്നാണ് നവോത്ഥാനം ആരംഭിക്കുന്നത്.

### നവോത്ഥാനവും മാതൃഭാഷയും

ദാന്തെയെയാണ് ലോക നവോത്ഥാനത്തിന്റെ നായകനായി അവരോധിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹമാണ് മാതൃഭാഷയെ സാമൂഹികമായ അർത്ഥത്തിൽ ആദ്യമായി നിർവ്വചിക്കുന്നത്. ലോകത്തിലേതിനു പകരം ദേശഭാഷയായ ഇറ്റാലിയനെ കാവ്യഭാഷയായി ഉപയോഗിക്കുന്ന സന്ദർഭത്തിലാണ് നവോത്ഥാനം ആരംഭിക്കുന്നത്. "സ്വതന്ത്ര ഭാഷകളെന്ന നിലയ്ക്ക് വളർന്നുവരാൻ തുടങ്ങിയ മിക്കവാറും എല്ലാ ഭാഷകളിലെയും സാഹിത്യത്തിന്റെ ആശയപരമായ ഉള്ളടക്കം ഒന്നുതന്നെയാണ്. ഹിന്ദു ധർമ്മ ശാസ്ത്രം പ്രചരിപ്പിക്കുക - സംസ്കൃതത്തിലെ അധികാരിക കൃതികളിലടങ്ങിയ ഈ ആശയങ്ങൾ വിവിധ സംസാര ഭാഷകൾ ഉപയോഗിച്ചും അവ വളർത്തിയും ജനങ്ങൾക്കിടയിൽ

പ്രചരിപ്പിക്കപ്പെട്ടു. "ക്രിസ്ത്യൻ മിഷണറിമാരുടെ ഭാഷാ പ്രവർത്തനങ്ങളാണ് കേരളത്തിലെ സാംസ്ക്കാരിക മണ്ഡലത്തിൽ നവോത്ഥാന പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യം ഉണ്ടായി. ഇതെക്കുറിച്ച് മുമ്പ് സൂചിപ്പിക്കുകയുണ്ടായി. മിഷണറിമാരുടെ വിവിധ മണ്ഡലങ്ങളിലുള്ള ഇടപെടലുകൾ നവോത്ഥാന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. മിഷണറിമാരുടെ ഭാഷാ പോഷണത്തിന്റെ ലക്ഷ്യം മത പ്രചരണമായിരുന്നു. എങ്കിലും ആത്യന്തിക ഫലം മതനിരപേക്ഷതയും ജനാധിപത്യവുമായിരുന്നു.

വ്യക്തി, ദേശീയത, രാഷ്ട്രം തുടങ്ങിയ ആധുനിക സങ്കല്പങ്ങൾ മാതൃഭാഷയിലൂടെയാണ് പരിചയപ്പെടുത്തിയത്. മാതൃഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സമുദായ നവീകരണത്തിനു ശ്രമിച്ച പരിഷ്കർത്താക്കൾക്കും മതപ്രചാരകർക്കും അറിയാമായിരുന്നു. ഈ ആശയങ്ങൾ മുന്നോട്ടുവെച്ചവരിൽ പ്രധാനികളാണ് ജോർജ്ജ് മാത്തൻ, മക്തി തങ്ങൾ, ശ്രീനാരായണ ഗുരു, അയ്യൻകാളി എന്നിവർ.

മലയാള ഭാഷയ്ക്ക് ഒരു വ്യവഹാര പദവി കൈവരുന്നത് പത്തൊമ്പതാം നൂറ്റാണ്ടോടെയാണ്. നമ്മുടെ ഭാഷയുടെ വളർച്ചയ്ക്ക് പാശ്ചാത്യഭാഷാ ശക്തികളുടെ സ്വാധീനവും ഒരു കാരണമായി... 19-ാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണ് ബ്രിട്ടനിൽ നിന്നും മിഷണറിമാർ കേരളത്തിൽ വന്നു പ്രവർത്തനമാരംഭിച്ചത്. ഇവരുടെ പ്രധാന ആസ്ഥാനം കോട്ടയമായിരുന്നു. ഈ മിഷണറി പ്രവർത്തകരിൽ നിന്നാണ് സമൂഹത്തിലെ സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസത്തിനുള്ള ആദ്യശ്രമങ്ങൾ തുടങ്ങിയത്. അതിനായി അവർ ആദ്യം സ്കൂളുകൾ സ്ഥാപിച്ചു. കൂടാതെ അച്ചടി നടപ്പാക്കിയതും ഇവർ തന്നെയായിരുന്നു. ഇത് വലിയൊരു വിപ്ലവത്തിനു തന്നെ കാരണമായി. ആദ്യകാലങ്ങളിൽ നിഘണ്ടു, വ്യാകരണം എന്നിവയുടെ രചനകളിലാണ് അവർ വ്യാപൃതരായത്. ക്രിസ്തീയ വേദപുസ്തകം മലയാളത്തിൽ വിവർത്തനം ചെയ്തതും മിഷണറി പ്രവർത്തകർ തന്നെയാണ്. വിദേശ മിഷണറിമാരുടെ വിദ്യാഭ്യാസത്തിന്റെ ഫലമായി, മി. ഫെൻ റവ. മാത്തൻ തുടങ്ങിയവർ ഉത്കൃഷ്ടമായ സാഹിത്യ സംരംഭങ്ങളിൽ ഏർപ്പെട്ടു.

'മതപരമായ ലക്ഷ്യങ്ങളിൽ മിഷണറിമാർക്ക് ഐക്യമുണ്ടെങ്കിലും സംസ്കാരം, ഭാഷ, സാഹിത്യം, പൊതുവിജ്ഞാനം, സാമൂഹികാദർശം തുടങ്ങിയവയിൽ വ്യത്യസ്ത കാഴ്ചപ്പാടായിരുന്നു. മിഷണറിമാരിൽ നാട്ടുകാരും വിദേശികളും ഉൾപ്പെട്ടിരുന്നു. നാട്ടുകാരായ കരിയാറ്റിൽ മല്പാൻ പാറേമ്മാക്കൽ തോമാകത്തനാർ, ജോർജ് മാത്തൻ തുടങ്ങിയവരും വിദേശികളായ മെനേസിസ്, റോസ് ബെയിലി, ഗുണ്ടർട്ട് എന്നിവരും ഇവരിൽ പ്രധാനികളാണ്. ഇവരുടെ പൊതുവായ ലക്ഷ്യം ക്രിസ്തുമത പ്രചാരണമായിരുന്നു. ഓരോ മിഷണറി ഗദ്യകൃതികൾക്കും വൈദേശികച്ചുവയെക്കാൾ നാടോടിച്ചുവയാണ് കൂടുതൽ ഉള്ളത്. കൂടാതെ മിഷണറി ഗദ്യത്തിന്റെ പ്രധാന സവിശേഷത വാമൊഴിയോടു പൊതുത്തപ്പെടുന്ന വരമൊഴി മിഷണറിമാർ വൈദേശിക ആശയാവലികൾ അവതരിപ്പിക്കാൻ ഭാഷയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി. വാമൊഴിയോടു ചേർന്നുപോകുന്ന വരമൊഴിയിലൂടെയാണ് അവർ ആശയങ്ങൾ പകർന്നുകൊടുത്തത്. പറച്ചിലിന്റെ ഭംഗിയെക്കാൾ പറയുന്ന കാര്യത്തിന്റെ കൃത്യതയിലും വ്യക്തതയിലും മിഷണറിമാർ ശ്രദ്ധ പതിപ്പിച്ചു. ഇതിന്റെയൊക്കെ ഫലമായി ഗദ്യരചന ഭാഷാ വ്യവഹാരത്തിലെ മുഖ്യധാരയായി മാറുന്നത് മിഷണറി ഗദ്യത്തിലൂടെയാണ്.'

നമ്മുടെ ഭാഷയുടെ വളർച്ചയ്ക്ക് പാശ്ചാത്യ ഭാഷകളുടെ സ്വാധീനവും ഒരു കാരണമായിരുന്നു. പാശ്ചാത്യ ഭാഷകളിൽ നിന്നും തർജ്ജമ മുഖേനയും മറ്റു പരകീയ പദങ്ങൾ ധാരാളം തത്ഭവ തത്സമ രൂപത്തിൽ മലയാളത്തിന് ലഭിക്കുകയുണ്ടായി. ഇംഗ്ലീഷ് വാക്കുകൾ മാത്രമല്ല, ആംഗല ശൈലി പോലും നാം അതുപോലെ സ്വീകരിച്ചിട്ടുണ്ട്.

'മതപ്രചരണ ലക്ഷ്യത്തോടെ നടത്തപ്പെട്ട ഈ സംരംഭങ്ങളിൽ വിപ്ലവകരമായ ഒരു മഹാസാദ്ധ്യതയും കൂടിയുണ്ടായിരുന്നു. സമൂഹത്തിന്റെ അധഃസ്ഥലത്തെ കേന്ദ്രമാക്കിയായിരുന്നു അവരുടെ സംരംഭങ്ങൾ. മുഷ്യജീവിതത്തിന്റെ ചലനാത്മകതയാണ് ഭാഷയുടെ വളർച്ചയ്ക്കുള്ള വളവും ജലവും എന്ന സത്യം തത്വത്തിലല്ലെങ്കിലും ഫലത്തിൽ ഈ പാതിരിമാർ പ്രയോഗക്ഷമമാക്കി. ഏതോ ത്രിശ്ശങ്കു സ്വർഗ്ഗത്തിൽ നിന്ന ആട്ടക്കഥാകാരന്റേയും ചമ്പുകാരന്റേയും മലയാം സംസ്കൃതത്തിൽ നിന്ന് വ്യതിരിക്തവും, കേരളത്തിന്റെ മണ്ണിന്റെ മണം ഉൾക്കൊള്ളുന്നതുമായ ഒരു മലയാള ഭാഷയ്ക്ക് പാതിരിമാർ നിരവധി വിദേശ ഭാഷകളിൽ അവഗാഹമുണ്ടായിരുന്ന ഇവർ കേരളീയ ജീവിതത്തിൽ നിന്നു പെറുക്കിയെടുത്ത പദങ്ങളെക്കൊണ്ടാണ് ഈ പുത്തൻ മലയാളത്തിന്റെ അടിത്തര കെട്ടിയത്. ചരിത്രപരമായി നോക്കുമ്പോൾ മതപ്രചരണവും പ്രവർത്തനവും അതിനുള്ള പ്രായോഗിക പരീക്ഷണ ശാലയായിരുന്നു.'

പാശ്ചാത്യ ഭാഷയുമായി കൂടുതൽ അടുക്കാൻ കേരളീയർക്ക് അവസരം ലഭിച്ചു. അതുകൊണ്ടുതന്നെ സാഹിത്യത്തിലെ ആധുനിക പ്രവണതകളും പ്രസ്ഥാനങ്ങളിലൂടെ അവയ്ക്കു കൈവന്ന അഭിവൃദ്ധിയും കേരളീയർക്ക് ഫലപ്രദമായ അറിവുകളാണ് നല്കിയത്. ഇവരുമായുള്ള സമ്പർക്കം കേരളീയർക്ക് വലിയ പരിവർത്തനമാണ് ഉണ്ടാക്കിയത്.

ആദ്യ ഘട്ടത്തിലെ ഭാഷാരീതിയുടെ ഏകദേശ രൂപം മനസ്സിലാക്കാൻ 'ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ' പരിശോധിച്ചാൽ മതി. ലത്തീൻ ഭാഷയിൽനിന്നും മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്തതാണ് ഇത്. കേരളത്തിലെ 'അന്ധവിശ്വാസ' ങ്ങളേയും 'അനാചാര'ങ്ങളേയും ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി 1599 ൽ 'ഉദയം പേരൂർ പള്ളിയിൽ വെച്ച് ആർച്ചു ബിഷപ്പ് മെനസിസ് മെത്രാപ്പൊലീത്തയുടെ ആധിപത്യത്തിലായിരുന്നു ഈ സമ്മേളനം നടന്നത്. 153 വൈദികരും 671 ജന പ്രതിനിധികളും പങ്കെടുത്ത ഈ സമ്മേളനത്തിന്റെ തീരുമാനങ്ങളാണ് 'കാനോന'കളായി പ്രസിദ്ധീകരിച്ചത്. ആ മഹാസമ്മേളനത്തിൽ ദ്വിഭാഷ പണ്ഡിതനായിരുന്ന യാക്കോ കത്തനാരാണ് കാനോനകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്. അതുകൊണ്ട് ആ കാലഘട്ടത്തിലെ ഭാഷ മനസ്സിലാക്കാൻ സാധിച്ചു. സാധാരണക്കാരന്റെ വ്യവഹാരഭാഷയിൽ വിവർത്തനം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥത്തിൽ ഭാഷാപരമായ നിരവധി പ്രത്യേകതകൾ ഉണ്ട്. ശുദ്ധ മലയാള പദങ്ങളോടൊപ്പം വൈദേശിക ഭാഷാ സമ്പർക്കംമൂലം വന്നുകയറിയ വിലക്ഷണ വിഭക്തിരൂപങ്ങളും പ്രാചീന ഭാഷാരൂപവും കാണാവുന്നതാണ്. പിൽക്കാലത്ത് സ്വതന്ത്ര വളർച്ചയെത്തിയ ആധുനിക മലയാള ഗദ്യശൈലിയുടെ ആരംഭമാണ് ഇവിടെ കാണുന്നത്.

ഈ കാലഘട്ടത്തിൽ ഉണ്ടായ മറ്റൊരു കൃതിയാണ് 'ഹോർത്തൂസ് മലബാറിക്കസ്'. സസ്യശാസ്ത്രത്തെ സംബന്ധിക്കുന്ന ഒരു കൃതിയാണ് ഇത്. വാന്റീഡ് എന്ന സായി

പ്പിന്റെ നേതൃത്വത്തിലാണ് ഈ കൃതി പ്രസിദ്ധീകരിച്ചത്. അന്നത്തെ സർക്കാർ ഭാഷയിൽ നിന്നും ഭിന്നമല്ലാത്ത ഭാഷയാണ് 'ഹോർത്തൂസ് മലബാറിക്കസി'ൽ കാണുന്നതെന്നും മലയാള ഗദ്യരചനയുടെ ആദ്യഘട്ടത്തെ ഇതു കുറിക്കുന്നുവെന്നും ഡോ. പി.ജെ. തോമസ് പ്രസ്താവിക്കുന്നു."

ഭാരതത്തിലെത്തിയ പാശ്ചാത്യ മിഷണറിമാർ വിവിധ ഭാരതീയ ഭാഷകളിൽ പ്രാവീണ്യം നേടി. അതുകൊണ്ടുതന്നെ വിവിധ ഭാഷകളെക്കുറിച്ച് താരതമ്യ പഠനത്തിനും ശാസ്ത്രീയ വീക്ഷണത്തിനും വഴിതെളിച്ചു. തെലുങ്കു ഭാഷയിൽ ബ്രൗണും തമിഴിൽ വിൻസ്ളോയും, കന്നടയിൽ കിറ്റെലും, മലയാള ഭാഷയിൽ ഹെർമ്മൻ ഗുണ്ടർട്ടും ബെയ്ലിയും ഗണ്യ മായ സംഭാവനകൾ നൽകി. പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നിവരാണ് കേരളത്തിലെത്തിയ പാശ്ചാത്യർ. ഇവരിൽ പോർച്ചുഗീസുകാരും ഇംഗ്ലീഷുകാരുമാണ് വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലത്തിൽ അവരുടെ കഴിവു തെളിയിച്ചത്.

ഗദ്യകൃതികൾ മതപ്രചരണാർത്ഥം രചിക്കേണ്ടതിന്റെ ആവശ്യകത മിഷണറിമാർക്കു ബോദ്ധ്യമായി. റോമിലെ വിദ്യാകേന്ദ്രങ്ങളിൽ പഠിച്ചു വിജ്ഞാനവും പാണ്ഡിത്യവും നേടിയ മിഷണറിമാരാണ് കൊടുങ്ങല്ലൂർ, വാരാപ്പുഴ, കൊച്ചി, വൈപ്പിൻകോട്ട മുതലായ സെമിനാറുകളിൽ അന്നു ശിക്ഷണം നടത്തിവന്നിരുന്നത്. പൗരസ്ത്യ ഭാഷകൾ പഠിക്കു വാൻ അവർ അത്യന്തം ശ്രമിച്ചിരുന്നു.

ക്രിസ്തുവർഷം 16-ാം ശതകത്തിന്റെ അന്ത്യം മുതൽ 19-ാം നൂറ്റാണ്ടുവരെയുള്ള കാല ഘട്ടത്തിൽ മലയാള ഭാഷയെ ഇത്രയധികം പ്രൗഢമായ സാഹിത്യമാക്കിത്തീർക്കുന്ന തിൽ മിഷണറിമാർ വളരെയധികം പ്രയത്നിച്ചിരുന്നു. ഈ കാലഘട്ടത്തെ പൊതുവെ മിഷണറി മലയാള യുഗമെന്ന് അറിയപ്പെടുന്നു. മതപരിവർത്തനത്തോടൊപ്പം ഭാഷാ പഠനത്തിൽ തൽപ്പരരായിരുന്ന മിഷണറിമാർക്ക് ഭാഷാപഠനത്തിനു സഹായിക്കുന്ന ശാസ്ത്രീയമായൊരു ഗ്രന്ഥങ്ങൾ ഇവിടെ ഉണ്ടായിരുന്നില്ല. ആ വിഷയത്തെ സമർത്ഥമായി അതിജീവിച്ച മിഷണറിമാർ അടിസ്ഥാനപരമായ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും രചിക്കു ന്നതിൽ ആദ്യം താല്പര്യം കാണിച്ചു. സംസ്കൃതത്തിലും മലയാളത്തിലും പരിജ്ഞാനം നേടിയ അർണോസ് പാതിരി മലയാലത്തിൽ 'ഗ്രന്ഥ ഭാഷയുടെ വ്യാകരണവും, നിഘണ്ടുവും രചിച്ചു. അദ്ദേഹത്തിന്റെ പ്രധാനകൃതി 'ചതുരന്ത്യം' എന്ന കാവ്യമാമ്. ഇതു കൂടാതെ 'മലയാളം-പോർച്ചുഗീസ് നിഘണ്ടു', 'യുധിഷ്ഠിര വിജയം', 'മശിഹാചരിതം', 'പുത്തൻപാത', ഉമ്മാപർവ്വം' എന്നിവയും രചിച്ചിട്ടുണ്ട്.

ബഹുഭാഷാ പണ്ഡിതനായ പൗലിനോസ് പാതിരി കർമ്മലീത്താ സഭയിൽ അംഗമാ യിച്ചേർന്ന് വേദ പ്രചാരണത്തിനായിട്ടാണ് അദ്ദേഹം ഇന്ത്യയിൽ എത്തിയത്. 17777-ൽ വാരാപ്പുഴ താമസമുറപ്പിച്ച തിരുവിതാംകൂർ രാജാക്കന്മാരുമായി ഉണ്ടായിരുന്ന ബന്ധംമൂലം മിഷണറിമാർക്ക് കുറേ ഭൂമി കരമൊഴിവാക്കി കൊടുത്തു. അനേകം പദ്യ കൃതികളും ഗദ്യ ഗ്രന്ഥങ്ങളും രചിച്ചു. അദ്ദേഹത്തിന്റെ മലയാള വ്യാകരണവും, മലയാണ്മ ലത്തീൻ – ഇംഗ്ലീഷ് അകാരാദി' എന്ന നിഘണ്ടുവും പ്രത്യേക പ്രാധാന്യമർഹിക്കുന്നവയാണ്. വേദാഷൾഗുണം, ത്രേസ്യാചരിതം എന്നിവ പ്രധാന കവിതകളാണ്. മലയാളത്തിലെ

പഴഞ്ചൊല്ലുകളെ അധികരിച്ച് അദ്ദേഹമെഴുതിയ ഗ്രന്ഥമാണ് 'Adagia Malabarica' ലത്തീൻ പരിഭാഷയോടുകൂടി നൂറിലധികം പഴഞ്ചൊല്ലുകൾ ചേർത്തിരിക്കുന്ന ഈ കൃതിയിലെ ആദ്യത്തെ വാക്യം 'പഴഞ്ചൊല്ലിൽ പൊളിയുണ്ടെങ്കിൽ പാലും കയ്ക്കും' എന്നതാണ്.

മലയാളത്തിന്, സംസ്കൃതത്തിലും ചില യൂറോപ്യൻ ഭാഷകളിലുമാണ് ആദ്യകാലത്ത് വ്യാകരണങ്ങൾ ഉണ്ടായത്. മിഷണറിമാരുടെ ആഗമനത്തിനു മുമ്പ് സംസ്കൃതത്തിൽ എഴുതപ്പെട്ട 'ലീലാതിലകം' മാത്രമായിരുന്നു പ്രാമാണിക ഗ്രന്ഥങ്ങൾ ഒന്നുംതന്നെ ഉണ്ടാ യിരുന്നില്ല എന്നത് മിഷണറിമാരെ സംബന്ധിച്ച് ഒരു വലിയ പ്രശ്നം തന്നെയായിരുന്നു. ഈ ഒരു പ്രശ്നം തന്നെയായിരുന്നു. ഈ ഒരു പ്രശ്നം ഒരു പരിധിവരെ ഇല്ലാതാക്കിയത് മിഷണറിമാരാണ് എന്ന് പറയേണ്ടിവരും.

1543-ൽ ദക്ഷിണ തിരുവിതാംകൂറിൽ ക്രിസ്തുമതം പ്രചരിപ്പിച്ച സെന്റ് ഫ്രാൻസിസ് സേവിയരുടെ സഹപ്രവർത്തകനായിരുന്ന എന്റിഗ്വെസ് എന്ന പാതിരി മലബാർ ഭാഷയ്ക്ക് എഴുതിയ വ്യാകരണമായിരിക്കണം മിഷണറിമാരുടെ പ്രഥമ വ്യാകരണ ഗ്രന്ഥം. യൂറോ പ്യൻ ഭാഷകളിലും മലയാളത്തിലും ഭാഷയ്ക്കുവേണ്ടി വ്യാകരണ കൃതികളെഴുതിയ പാശ്ചാത്യരിൽ ആഞ്ചലോ ഫ്രാൻസിസ് മെത്രാപ്പൊലീത്താ, ഫാറോസ് പാതിരി, റവ. ജോസഫ് പിറ്റ്, ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, റോബർട്ട് ഡ്രമണ്ട്, എഫ്. സ്പ്രിംഗ്, ഗാർത്ത വേറ്റ് എന്നിവരെ വിസ്മരിക്കാനാവില്ല.

'പതിനേഴാം നൂറ്റാണ്ടിൽ ഒരു കർമ്മലീത്താ പാതിരിയായി കേരളത്തിൽ വന്നുചേർന്ന ആഞ്ചലോ ഫ്രാൻസിസ് 1700-നും 1712-നും മദ്ധ്യേ രചിച്ച വ്യാകരണമാണ് ഭാഷയിലെ വ്യാകരണമെന്നഭിപ്രായപ്പെടുന്ന പണ്ഡിതന്മാരും ഉണ്ട്.' 1775- ൽ ഫാറോസ് പാതിരി ഒരു മലയാള വ്യാകരണം രചിക്കുകയുണ്ടായി. അദ്ദേഹത്തിന് തമിഴ് ഭാഷയിലും പരി ജ്ഞാനം നേടിയിരുന്നു. വ്യാകരണം കൂടാതെ ഒരു നിഘണ്ടുവും രചിക്കുകയുണ്ടായി. 1799 ൽ ബോംബെയിലെ കുറിയർ പ്രസ്സിൽ അച്ചടിച്ച 'മലയാള ഭാഷയുടെ വ്യാകരണം' റോബർട്ട് ഡ്രമ്മണ്ടാണ് രചിച്ചത്. ഇംഗ്ലണ്ടിലെ ചർച്ച് മിഷണറി സമൂഹത്തിന്റെ അംഗ മായിരുന്ന ജോസഫ് പിറ്റ് 1833-ൽ ഒരു വ്യാകരണം ഗ്രന്ഥമെഴുതി. പിന്നീട് 1851-ൽ ഒരു വ്യാകരണ ഗ്രന്ഥം മലയാളികൾക്ക് സംഭാവന ചെയ്തത് 'ഹെർമ്മൻ ഗുണ്ടർട്ടാണ്' ഭാഷ യിലെ ഒരു പ്രാമാണിക വ്യാകരണാകൃതിയായി പണ്ഡിതന്മാർ ഇതിനെ പരിഗണിക്കുന്നു. അദ്ദേഹത്തിന്റെ വ്യാകരണ കൃതിയാണ് 'മലയാള ഭാഷാവ്യാകരണം' എ.ആർ. രാജരാജ വർമ്മ കേരളപാണിനീയത്തിന്റെ രചനയ്ക്ക് അവലംബമായി ഉപയോഗിച്ചത് ഗുണ്ടർട്ടിന്റെ വ്യാകരണകൃതിയാണ്. മദിരാശി സംസ്ഥാനത്തിലെ സ്കൂൾ ഇൻസ്പെക്ടറായിരുന്ന എൻ. ഗാർത്തുവേറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള 'വ്യാകരണ ചോദ്യോത്തരം', ഗുണ്ടർട്ടിന്റെ വ്യാകരണ കൃതിയെ പരിഷ്കരിച്ചു വിപുലീകരിച്ചതാണ്. അയർലൻഡിൽ ജനിച്ച മദ്രാസിൽ വന്ന് മിഷണറി പ്രവർത്തനം നടത്തിയ 'റോബർട്ട് കാൻഡ്വൽ' എഴുതിയ കൃതിയാണ് 'ദ്രാവിഡ ഭാഷകളുടെ താരതമ്യ വ്യാകരണം'. 1799 -ൽ റോബർട്ട് ഡ്രമണ്ടും 1839-ൽ സ്പ്രിംഗും വ്യാകരണ സംബന്ധമായ ലഘുഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഈ കൃതികളെല്ലാം തന്നെ നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും പുതിയ വീക്ഷണത്തിനും വളർച്ചയ്ക്കും കാരണമായി.

നിഘണ്ടുകളുടെ അഭാവവും മലയാള ഭാഷാ പഠനത്തിന് മിഷണറിമാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കി. ഗുണ്ടർട്ടിനെക്കാൾ മുൻപെത്തിയ ബെഞ്ചമിൻ ബെയിലി ഭാഷയെ കുറവു പരിഹരിക്കുവാൻ പ്രയത്നിച്ചു. അതിന്റെ ഫലമായി 1846-ൽ മലയാളം -ഇംഗ്ലീഷ് നിഘണ്ടുവും, 1849 ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും ബെയ്‌ലി പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന് ഇത്രമാത്രം പ്രാധാന്യം ലഭിക്കാൻ കാരണം അച്ചടിയുടെ രംഗത്ത് അദ്ദേഹം നൽകിയ സംഭാവനകളാണ്. 1872 ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിച്ചു. ഈ കൃതി വ്യാകരണത്തിന് കിട്ടിയ വലിയൊരു സംഭാവനയാണ്. അതുകൊണ്ടുതന്നെ ഭാഷയുടെ അടിത്തറ ഉറപ്പിച്ച മിഷണറിമാരിൽ പ്രധാനികളാണ്. 1867 വരെ കോട്ടയം സി.എം.എസ്. കോളേജിൽ പ്രിൻസിപ്പലായിരുന്ന റവ. റിച്ചാർഡ് കോളിൻസ് രചിച്ച നിഘണ്ടുവാണ് മലയാള നിഘണ്ടു.' കൂടാതെ ആദ്യത്തെ ഏകഭാഷാ നിഘണ്ടു എന്ന പ്രത്യേകതയും ഈ കൃതിക്കുണ്ട്.

അച്ചടിയുടെ കാര്യത്തിലും മിഷണറിമാരാണ് മാർഗ്ഗദർശനം നൽകിയത്. 1577-ൽ ജെസ്യൂട്ട് പാതിരിമാർ ഗോവയിൽ ഒരു അച്ചടിശാല സ്ഥാപിച്ചു. 'ക്രിസ്തീയവേദോപദേശം' എന്ന കൃതി അവിടെ അച്ചടിച്ചു. മലയാളം അച്ചുകൾ ഉണ്ടാക്കിയാണ് അച്ചടിച്ചത്. 1772-ൽ ക്ലമന്റ് പാതിരി സംക്ഷേപവേദാർത്ഥം റോമിൽ അച്ചടിപ്പിച്ചു. ഇത് മുദ്രണ വിദ്യയിലെ ഒരു നവീന കാൽവെപ്പായി കരുതാം. ക്രിസ്തുമത സിദ്ധാന്തങ്ങളുടെ ഒരു വിവരണമാണ് ഈ കൃതിയിലെ ഉള്ളടക്കം. എ.ഡി. 1811-ൽ ഇന്ത്യയിൽ മലയാളം അച്ചടി ആദ്യമായി നടന്നത് ബോംബെയിലെ കുറിയർ പ്രസ്സിലാണ്. അക്ഷരങ്ങൾ കൊത്തിയുണ്ടാക്കിയാണ് അച്ചടിച്ചത്. ആദ്യം അച്ചടിച്ചത് സുവിശേഷങ്ങളായിരുന്നു.

വിജ്ഞാനം പകരുന്നതിൽ വലിയ പങ്കുവഹിച്ച മാധ്യമമാണ് പത്രമാസികകൾ. കേരളത്തിലെ പത്രപ്രവർത്തനത്തിന് ഒരു നൂറ്റാണ്ടിൽപരം വർഷത്തെ ചരിത്രമുണ്ട്. ക്രൈസ്തവ മിഷണറിമാർ തന്നെയാണ് ഈ സംരംഭത്തിന്റെയും മാർഗ്ഗദർശികൾ. പത്രപ്രവർത്തന രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചതിൽ പ്രധാനികൾ ഗുണ്ടർട്ടും, ബെയിലിയുമായിരുന്നു. 'രാജ്യസമാചാരം' എന്ന പേരിലാണ് ആദ്യത്തെ പത്രമാസിക പുറത്തുവന്നത്. ഇതിന്റെ പത്രാധിപർ ഹെർമ്മൻ ഗുണ്ടർട്ടായിരുന്നു. കല്ലച്ചിലായിരുന്നു അച്ചടിച്ചിരുന്നത്. ബാസൽ മിഷന്റെ പ്രവർത്തന കേന്ദ്രമായിരുന്ന തലശ്ശേരി ഇല്ലിക്കുന്നിൽ നിന്നും 1847 ജൂണിലാണ് രാജ്യസമാചാരം പുറത്തുവന്നത്. പശ്ചിമോദയമാണ് രണ്ടാമത്തെ വൃത്താന്തപത്രം. 1847 ഒക്ടോബറിലാണ് ഈ പത്രം പ്രസിദ്ധീകരിച്ചത്.

കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചർച്ചു മിഷണറിയുടെ പ്രസിദ്ധീകരണമാണ് 'ജ്ഞാനനിക്ഷേപം'. 1848 ൽ പുറത്തിറങ്ങിയ ഈ പത്രം മൂന്നാമത്തെ വൃത്താന്തപത്രമാണ്. ജ്ഞാന നിക്ഷേപമാണ് അച്ചടിച്ച ഒന്നാമത്തെ മാസിക. നാട്ടുവർത്തമാനങ്ങളും സർക്കാർ അറിയിപ്പുകളും ആദ്യമായി പ്രസിദ്ധീകരിച്ച മാസിക എന്ന നിലയ്ക്കും ജ്ഞാനനിക്ഷേപത്തിന് പത്രമാസികാ ചരിത്രത്തിൽ വലിയ പ്രാധാന്യമാണുള്ളത്. ഈ പത്രത്തിന് ഭാഷാപരമായ നിരവധി പ്രത്യേകതകളും ഉണ്ട്. ദീർഘാക്ഷരങ്ങൾക്ക് പകരം ഹ്രസ്വാക്ഷരങ്ങൾ ഉപയോഗിച്ചിരിക്കുന്നു. 'ഉ' കാരണത്തിന്റെ പ്രായേണയുള്ള ലോപം എന്നിവയാണ്.

ലാറ്റിൻ, ഇംഗ്ലീഷ്, സുറിയാനി മുതലായ ഭാഷയുമായുള്ള ബന്ധം കാരണം പാശ്ചാത്യ മിഷണറിമാരുടെ ഭാഷയുടെ മേൻമകൾ ആ കാലഘട്ടത്തിലെ ഓരോ കൃതിയിലും വ്യക്തമാണ്. കേരള പാണിനീയത്തിന്റെ കർത്താവായ എ.ആർ. രാജരാജവർമ്മയ്ക്കുപോലും വസ്തുനിഷ്ഠമായ ഭാഷാപഠനത്തിന് വഴിതെളിച്ചത് മിഷണറിമാരാണ്. മൂന്ന് നൂറ്റാണ്ടുകൾ നമ്മുടെ ഭാഷയെ ധന്യമാക്കിയ മിഷണറിമാരുടെ ഭാഷാ സേവനങ്ങൾ വിസ്മരിക്കാവുന്നതല്ല.

**മാതൃഭാഷ**

മാതൃഭാഷ എന്നത് ഒരു ജനിതക സങ്കല്പമല്ല, സാമൂഹ്യമായ സങ്കല്പമാണ്.

മറ്റുള്ള ഭാഷകൾ കേവലം ധാത്രമാർ

മർത്യന് പെറ്റമ്മ തൻ ഭാഷ താൻ.

ദേശീയ സമരത്തിന്റെ മൂല്യം ഉൾക്കൊണ്ട് വള്ളത്തോൾ എഴുതിയ ഈ വരികൾ മാതൃഭാഷയെ നിർവ്വചിക്കാൻ പലരും ഉപയോഗിക്കുന്നു. പെറ്റമ്മയും പോറ്റമ്മയും തമ്മിലുള്ള വ്യത്യാസം തന്നെയാണ് ഇവിടെ വിശദീകരിക്കുന്നത്.

മാതൃഭാഷയുടെ നവോത്ഥാനവും ജനാധിപത്യവും തമ്മിൽ ഏറ്റവും കൂടുതൽ ബന്ധം സൂക്ഷിക്കപ്പെടുന്നത് കേരളത്തിലാണ്. ഭക്തിപ്രസ്ഥാനകാലത്തു തന്നെ മലയാളം കേരളത്തിൽ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും ഭക്തിയുടെ ഭാഷയായിരുന്നു. മാതൃഭാഷ ഒരു നവോത്ഥാന സങ്കല്പമാണ്. നവോത്ഥാനത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരിക തലങ്ങളെ പ്രതിനിധീകരിക്കുന്ന സങ്കല്പമാണ്. 'ഏതു ഭാഷയാണോ ശിശു തൊട്ടടുത്ത സാഹചര്യങ്ങളിൽ നിന്ന് ആർജ്ജിക്കുന്നത് ആ ഭാഷയ്ക്ക് മാതൃഭാഷ 2' വ്യക്തിപരിസരമല്ല, സാമൂഹ്യപരിസരമാണ് ഭാഷയെ മാതൃഭാഷയാക്കുന്നതെന്നു പറയാം.

ലോക നവോത്ഥാനത്തിന്റെ ആദ്യ നായകനായി കണക്കാക്കപ്പെടുന്ന ദാന്തെയാണ് മാതൃഭാഷയെ സാമൂഹ്യമായ അർത്ഥത്തിൽ ആദ്യമായി നിർവ്വചിച്ചത്. 'ഡിവൾഗാരി ഇലക്വൻഷ്യ' (1306/529) എന്ന പ്രബന്ധത്തിലാണ് ദാന്തെ ഇക്കാര്യം പറയുന്നത്. ഏതൊരു ഭാഷയാണോ നാം ശിശുക്കളായിരുന്ന കാലത്ത് നമ്മുടെ ആയമാർ നമ്മോട് സംസാരിച്ചിരുന്നത് ആ ഭാഷയാണ് മാതൃഭാഷ എന്നാണ് അദ്ദേഹം പറഞ്ഞത്. ഭാഷ ബോധപൂർവ്വമായ പ്രക്രിയ മാത്രമാണ് എന്ന് ധരിക്കുന്നവരാണ് അന്യഭാഷ മാതൃഭാഷയും തമ്മിൽ ഭേദമില്ല എന്നു കരുതുന്നത്. മാതൃഭാഷാപരമായ വിദ്യാഭ്യാസം വൈകാരികമായ വിദ്യാഭ്യാസമാണ്.

**മാതൃഭാഷയും സംസ്ക്കാരവും തമ്മിലുള്ള ബന്ധം**

ഏതൊരു വ്യക്തിക്കും ഭാഷയുമായുള്ള ബന്ധം ജീവിത വ്യവഹാരത്തിന് അത്യന്താപേക്ഷിതമാണ്. വ്യക്തിയും ഭാഷയും ഒരു നാണയത്തിന്റെ ഇരുവശം പോലെയാണ്. ഭാഷ ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്നു. അതുകൊണ്ടുതന്നെ വസ്തുലോകത്തെ ഉൾക്കൊള്ളുന്ന പോലെ ഓരോ മനുഷ്യന്റെ വൈകാരിക തലത്തെയും ഉൾക്കൊള്ളാൻ പര്യാപ്തമാണ്.

ഭാഷ ഒരു വികാരമാണ്, അതു കൈകാര്യം ചെയ്യുന്ന ജനങ്ങളുടെ ഹൃദയത്തിൽ അലിഞ്ഞുചേർന്ന ഒരു വികാരം. മലയാളിക്കു മലയാളിയോട്, തമിഴന് തമിഴിനോട്, ബംഗാളിക്ക് ബംഗാളിയോട് തോന്നുന്ന ഈ അടുപ്പത്തിന് കാരണം ഭാഷയുടെ ഈ വൈകാരികത തന്നെയാണ്. ഓരോ ഭാഷ സംസാരിക്കുന്ന ജനങ്ങൾ തമ്മിൽ തമ്മിലുള്ള വൈകാരികമായ ചേർച്ചയ്ക്കു കാരണം അവർ ഒരേ സംസ്കാരമുള്ളവരാണ്. അതുകൊണ്ടുതന്നെ ഭാഷ സംസ്കാരമാണെന്ന് നിസ്സംശയം പറയാം.

ഭാഷയും സംസ്ക്കാരവും തമ്മിൽ അഭേദ്യമായ ബന്ധമാണ് ഉള്ളത്. തൊഴിലും ആചാരവും അനുഷ്ഠാനവും ജീവിതവും തുടങ്ങി സമസ്ത മേഖലകളും ഉൾക്കൊള്ളുന്നതാണ് സംസ്ക്കാരം. ജീവിതമാണ് സംസ്ക്കാരത്തിന് ആധാരം. ഈ ജീവിതത്തിൽ നിന്ന് നാം അകലുമ്പോൾ സംസ്ക്കാരത്തിൽ നിന്ന് അകലുന്നു. സംസ്ക്കാരത്തിൽ നിന്നുള്ള നമ്മുടെ ഈ അകൽച്ച ഭാഷയിൽ നിന്നുള്ള അകൽച്ചയ്ക്ക് കാരണമാണ്. ജീവിതവും ഭാഷയും സംസ്ക്കാരവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ഭാഷയ്ക്ക് ഒരു സാമ്രാജ്യം സൃഷ്ടിക്കുവാനുള്ള കഴിവുതന്നെയുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ വ്യക്തിയുമായുള്ള ബന്ധം, പ്രാഥമിക പരിഗണനയായി മാറിയതോടെ ഭാഷ മാതൃഭാഷയായി അംഗീകരിക്കപ്പെട്ടു എന്നുതന്നെ പറയാം.

ശ്രേഷ്ഠഭാഷയായ മലയാളം നമ്മുടെ മാതൃഭാഷയാണ്. മാതാവിന്റെ സ്നേഹ വാത്സല്യവും മുലപ്പാലിന്റെ മാധുര്യവും വൈശിഷ്ട്യവും അതിനുണ്ട്. ഓരോ വ്യക്തിക്കും അവൻ ജീവിക്കുന്ന പരിസരത്തുനിന്നും ആർജ്ജിച്ചെടുക്കുന്നതാണ് അവന്റെ മാതൃഭാഷ. എന്നാൽ മറ്റു ഭാഷയെല്ലാം രണ്ടാംതരമാണ് എന്നു പറയുന്നത് ശരിയല്ല. ഓരോ വ്യക്തിക്കും അവന്റെ പുരോഗതിയ്ക്ക് അന്യഭാഷ സ്വാംശീകരിക്കാം. അത് ഈ സ്വാംശീകരണം മാതൃഭാഷയുടെ പുരോഗതിക്ക് സഹായിക്കുന്നു. മിഷണറി പ്രവർത്തകനായ ജോർജ്ജ് മാത്തൻ മാതൃഭാഷാ പഠനത്തിന്റെ ആവശ്യകത മുമ്പെ മനസ്സിലാക്കിയിരിക്കുന്നു.

മലയാള സാഹിത്യത്തിനു ശക്തമായ ഒരടിത്തറ പാകിയത് റവ. ജോർജ് മാത്തനാണ്. 19-ാം നൂറ്റാണ്ടിൽ കേരളത്തിന്റെ സാമൂഹ്യവും സാംസ്ക്കാരികവും മതപരവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ നിരവധി പരിവർത്തനങ്ങളാണ് സംഭവിച്ചത്. അതിന് വിദേശികളും സ്വദേശികളുമായ മിഷണറിമാർ കാരണമായിത്തീർന്നിട്ടുണ്ട്. 'പാറമ്മേക്കാൽ തോമ്മാക്കത്തനാർ നട്ടതും ഡോ. ഗുണ്ടർട്ട് മുതൽപേർ നനച്ചതുമായ ആധുനിക മലയാള ഗദ്യശൈലി വളർന്നു പുഷ്ടി പ്രാപിച്ചത് റവ. ജോർജ് മാത്തൻ പാതിരിയുടെ കരലാളനങ്ങളാലാണ്.'12 ആധ്യാത്മിക രംഗത്തായിരുന്നു മാത്തൻ ആദ്യം പ്രവർത്തിച്ചിരുന്നത്. 1868-ൽ മലയാള ഭാഷയുടെ ഉന്നതിക്കുവേണ്ടി ആയില്യം തിരുന്നാൾ മഹാരാജാവും മന്ത്രി മാധവരായരും കൂടി ആവിഷ്ക്കരിച്ച ആധുനിക വിദ്യാഭ്യാസ രീതി നടപ്പിൽ വരുത്തുന്നതിന് ജോർജു മാത്തനും വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്. പാശ്ചാത്യ വിദ്യാഭ്യാസം നേടിയ വ്യക്തിയായിരുന്നു ജോർജ് മാത്തൻ. അദ്ദേഹം നേടിയെടുത്ത അറിവുകളെ സ്വാശീകരിച്ച് സ്വന്തമായ ഒരു ശൈലിയിലൂടെ കാര്യങ്ങൾ നാട്ടുകാർക്ക് പകർന്നുകൊടുക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ ഈ പ്രവർത്തന ഫലമായാണ് ഒട്ടനവധി കൃതികൾ സാഹിത്യലോകത്തിന് ലഭിച്ചത്. 'പാശ്ചാത്യ സമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ രൂഢമൂല

മാകത്തക്കവണ്ണം വിവിധ വിഷയങ്ങളെ അധികരിച്ചു പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ച ഒന്നാമത്തെ കേരളീയൻ അദ്ദേഹമാണ്.'

## ജോർജ് മാത്തന്റെ ലഘു ജീവചരിത്രം

റവറന്റ് ജോർജ് മാത്തൻ 1819 സെപ്തംബർ 25 ന് തെക്കേക്കര എന്ന സ്ഥലത്തു ജനിച്ചു. ശൈശവത്തിൽ തന്നെ അച്ഛൻ മരിച്ചു. കത്തനാരായ അമ്മാവനായിരുന്നു വളർത്തിയത്. അവർ ജോർജ് മാത്തനു വേണ്ട വിദ്യാഭ്യാസം നൽകി. പിന്നീട് സിറിയൻ പള്ളിയിൽ സബ് ഡീക്കനായി നിയമനം ലഭിച്ചു. 1837 കാലഘട്ടത്തിൽ കോട്ടയം കോളേജിൽ പ്രവർത്തിച്ചു. അവിടുത്തെ പ്രിൻസിപ്പൽ റവറണ്ട് പിറ്റ് സായിപ്പ് അദ്ദേഹത്തെ മദ്രാസിൽ പഠിക്കുന്നതിനായി അയച്ചു. മദ്രാസ് മിഷ്യനിൽ തിയോളജിക്കൽ പാഠശാലയിൽ കുറേനാൾ പഠിച്ചു. ഇംഗ്ലീഷ്, ലാറ്റിൻ ഭാഷകളിലും തിയോളജിയിലും ഗണിത ശാസ്ത്രത്തിലും അദ്ദേഹം പാണ്ഡിത്യം തെളിയിച്ചു. 1844-ൽ അദ്ദേഹത്തെ ബിഷോപ്പ് സ്പെൻഡർ ഡീക്കനായി അവരോധിച്ചു. മദ്രാസിൽ നിന്നു തിരിച്ചെത്തിയ ജോർജ് മാത്തനെ മൂന്നുവർഷം മാവേലിക്കരയുടെ പ്രീസ്റ്റായി നിയമിച്ചു. പിന്നീട് കുറച്ചു കാലങ്ങൾക്കുശേഷം കോട്ടയം കേംബ്രിഡ്ജ് നിക്കൽസൻ പാഠശാലയിൽ ആക്റ്റിംഗ് പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. ഈ കാലത്താണ് മാത്തൻ തിരുവിതാംകൂർ ദിവാൻജിയെയും മറ്റും പരിചയപ്പെടുന്നത്. 1869-ൽ മദ്രാസിൽ ലാർഡ് ബിഷോപ്പ് ചാപ്ലനായി അവരോധിച്ചു. നിരവധി മേഖലയിൽ പ്രവർത്തിച്ചിരുന്ന മാത്തൻ 1870 മാർച്ച് 4 ന് അന്തരിച്ചു.

## ജോർജ് മാത്തന്റെ പ്രധാന കൃതികൾ

ജോർജ് മാത്തൻ പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവും മതപരവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിച്ച പ്രതിഭയായിരുന്നു. ആധുനിക മലയാള ശൈലി വളർന്നു വികസിച്ചത് മാത്തന്റെ കാലത്തായിരുന്നു. ആദ്യകാലത്ത് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് അധ്യാത്മിക കാര്യങ്ങളിലായിരുന്നു.

1860 നും 1870 നും ഇടയ്ക്കാണ് അദ്ദേഹം സാഹിത്യ രചനയിൽ വ്യാപൃതനായത്. സത്യവാദഖേടം (1861), മലയാഴ്മയുടെ വ്യാകരണം (1863), സംയുക്തി (1866), ബാലാഭ്യസനം (1867) എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. ഈ ഗ്രന്ഥങ്ങൾക്കു പുറമെ കോട്ടയം കോളേജ് മാസികയായ വിദ്യാസംഗ്രഹത്തിൽ സൻമാർഗ്ഗോപദേശം (1864), സാധാരണ ചികിത്സാശാല (1864), അന്തരീക്ഷം (1865), ഭൂമി ഉരുണ്ടതാകുന്നു (1865) കൊഴുമുതലാണ്മ (1865) എന്നീ വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങളും എഴുതിയിട്ടുണ്ട്. മതപ്രചരണം മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. ഭാഷയുടെ ഉന്നമനത്തിനു വേണ്ടിയും മലയാളിയെ ആധുനീകരിക്കുന്നതിനുവേണ്ടിയും അദ്ദേഹം വളരെയധികം പ്രയത്നിച്ചു.

കേരളത്തിന്റെ ആധുനീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും ഘട്ടത്തിൽ തന്നെ മാതൃഭാഷയുടെ പ്രസക്തി ഉറപ്പിക്കപ്പെട്ടിരുന്നു. മാത്തൻ മലയാള ഭാഷയുടെ പ്രാധാന്യ

ത്തെക്കുറിച്ചും മലയാളം പഠിക്കേണ്ട ആവശ്യകതയെക്കുറിച്ചും അദ്ദേഹത്തിന്റെ ബാലാഭ്യാസനത്തിൽ പറയുന്നുണ്ട്. 1867-ലാണ് 'ബാലാഭ്യാസനം' എന്ന പ്രഭാഷണ ലേഖനം എഴുതുന്നത്. അതിൽ മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. 1867-ലാണ് 'ബാലാഭ്യാസം' എന്ന പ്രഭാഷണ ലേഖനം എഴുതുന്നത്. അതിൽ മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. അന്യഭാഷയിലൂടെയുള്ള പഠനം വളഞ്ഞതും അധ്വാനമേറിയതും കൃത്രിമവുമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഓരോ ഗ്രന്ഥത്തിലും ഭാഷയിലും സംസ്കാരത്തിലും അടിയുറച്ച വീക്ഷണങ്ങളും ആശയങ്ങളും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്.

കോടതികളിലെ ഭാഷയും മലയാളമാകണമെന്ന് അദ്ദേഹം വാദിക്കുന്നുണ്ട്. അന്യഭാഷയിലൂടെയുള്ള പഠനം പ്രയാസമേറിയതും അധ്വാനമേറിയതുമാണെന്ന് വ്യക്തമാക്കുന്നതിന് അദ്ദേഹം അഭിപ്രായപ്പെടുന്നത് ഇങ്ങനെയാണ്. “അധ്വാനവും പഠനവും കൂടാതെ മാതൃഭാഷയിൽ അറിവുണ്ട്. മാവേലിക്കര നിന്നു ഇവിടേക്കു കരുനാഗപ്പള്ളിയിൽകൂടെ നേർവഴിയെ വരാനാകുമ്പോൾ കാർത്തികപ്പള്ളിയിൽ കൂടെ എന്തിനു ചുറ്റുന്നു. അന്യഭാഷ പഠിക്കുന്നതിനു വേണ്ടിവരുന്ന സമയത്തെ ഉപകാരമുള്ള കാര്യങ്ങളെ വശമാക്കുന്നതിൽ ചിലവിടാമല്ലോ” (ബാലാഭ്യാസനം) കൂടാതെ ഭാഷാശാസ്ത്രപരവും മനഃശാസ്ത്രപരവുമായ നിർണായകമായ കാര്യത്തെക്കുറിച്ച് മാത്തൻ പറയുകയുണ്ടായി. ഭാഷയുടെ രണ്ടുതരം അർത്ഥത്തെപ്പറ്റിയുള്ള സിദ്ധാന്തമാണിത്. 'എല്ലാ ഭാഷയിലും ചില മൊഴികൾക്കു പദാർത്ഥം കൂടാതെ ഭാവാർത്ഥവുമുണ്ട്. ചെറുക്കൻ എന്നും ബാലൻ എന്നുമുള്ള നാമങ്ങൾക്കു പദാർത്ഥം ഒന്നുവെന്നുവരികിലും ചെറുക്കൻ എന്നതിൽ ഒരു നിന്ദാഭാവവും കൂടെ മനസ്സിൽ ഉളവാകുന്നു. അങ്ങനെ തന്നെ അമ്മ എന്നും മാതാവു എന്നുമുള്ളവ പദാർത്ഥത്തിൽ തുല്യം തന്നെയെങ്കിലും ഭാവാർത്ഥപ്രകാരം അമ്മ എന്നതിൽ മാനവും ആകുന്നു. ഉള്ളിൽ അധികമായി ഉദിക്കുന്നതു ഇതുപോലുള്ള ഭാവാർത്ഥങ്ങൾ കൊച്ചിലേ കേട്ടുശീലിച്ചിരിക്കുന്ന ജന്മ ഭാഷാപദങ്ങളോടു അല്ലാതെ അഭ്യസനത്താൽ വശമാകുന്ന അന്യഭാഷയിൽ മൊഴികളോടു ചിന്തയിൽ അനുഭവപ്പെട്ടു വരികയില്ല. ആകയാൽ ദേഷ്യത്തോടു വെറുപ്പും ഗുണത്തോടു സ്നേഹവും വലിപ്പത്തോടു മാനവും ആപത്തോടു ഭയവും ഇങ്ങനെയുള്ള വികാരങ്ങളെ മനസ്സിൽ ഉദിപ്പിക്കുന്നതിനു അന്യഭാഷ ജന്മ ഭാഷയോളം ഫലിക്കയില്ല എന്നതു തെളിവുതന്നെ. എന്നാൽ അഭ്യസനത്തിന്റെ മുഖ്യസാധ്യം വിദ്യാവർദ്ധനം അല്ല, സുശീലനമാകയാൽ ഇങ്ങനത്തെ ഫലം കുറവായിരിക്കുന്നതു വലിയ ഊനതയല്ലോ' ഇന്നും മാതൃഭാഷാ മാധ്യമ പഠനത്തിന് വേണ്ടിയുള്ള ശക്തമായ വാദമായി അദ്ദേഹത്തിന്റെ ഈ ലേഖനം നിലകൊള്ളുന്നുണ്ട്. മാതൃഭാഷയുടെ ശക്തിയെയും സൗന്ദര്യത്തെയും ജോർജ് മാത്തൻ തിരിച്ചറിയുകയും അതിനെ അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. മാതൃഭാഷ എന്നത് ഒരു ശിശുവിന്റെ ഭാവപരവും സാംസ്കാരികവുമായ അവയവമാണെന്ന് വർഷങ്ങൾക്കു മുമ്പുതന്നെ അദ്ദേഹം മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. അന്യഭാഷയിൽ എത്ര പരിശീലനം നേടിയാലും ആ ഭാഷയിലെ വൈകാരികമായ അനുഭൂതിയുടെ തലം മാതൃഭാഷയിൽ നിന്ന് ലഭിക്കുന്നതുപോലെയാവില്ല. മറ്റു ഭാഷകൾ നന്നായി മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും മാതൃഭാഷയിലെ പരിജ്ഞാനമാണ്

ആദ്യം വേണ്ടത്. അതിനുശേഷം ഏതു ഭാഷയും അനായാസം പഠിക്കാൻ കഴിയും. ഭാഷയുടെ അഭിവൃദ്ധിക്ക് മാതൃഭാഷയിലൂടെയുള്ള പഠനമാണ് ആവശ്യമെന്ന് അദ്ദേഹം അടിവരയിട്ടുറപ്പിക്കുന്നു.

### മക്തി തങ്ങൾ (1847 – 1812)

കാലഗണന നോക്കിയാൽ മാത്തനുശേഷം വന്നെത്തിയ നവോത്ഥാന നായകൻമാരിൽ ഒരാളാണ് സനാവുല്ല മുക്തി തങ്ങൾ. അദ്ദേഹം മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുകയും അവിടുത്തെ മുസ്ലിം ജനതയോട് മലയാളം പഠിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സങ്കല്പമനുസരിച്ച് ഒരു നല്ല വിശ്വാസി ആകണമെങ്കിൽ മാതൃഭാഷ നന്നായി പഠിക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നുണ്ട്. മാതൃഭാഷയിൽ പരിജ്ഞാനം ഇല്ലാതായാൽ ഉണ്ടാവുന്ന ദോഷത്തെക്കുറിച്ചും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അറബി മാത്രം പഠിച്ചാൽ അറബിയിലോ, മലയാളത്തിലോ എഴുതാൻ കഴിയാതെ വരുന്നു. കൂടാതെ ഒരു സദസ്സിൽ തെറ്റുകൂടാതെ സംസാരിക്കാനുള്ള കഴിവും ഇല്ലാതാവുന്നു. മലയാളം പഠിക്കുന്നതിൽ മത വിരോധം ഉണ്ടെന്നുള്ള ധാരണ അഹങ്കാരമാണെന്നും അദ്ദേഹം പറയുന്നു.

### ശ്രീനാരായണഗുരു (1856 – 1928)

'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ആസയത്തിന്റെ വക്താവാണ് ശ്രീനാരായണഗുരു. ക്രിസ്തീയ സമുദായത്തോട് ജോർജ്ജ് മാത്തനും മുസ്ലിം സമുദായത്തോട് മക്തി തങ്ങളും ഉദ്ബോധിപ്പിച്ച ആശയങ്ങൾ തന്നെയാണ് ശ്രീനാരായണ ഗുരുവിന് ഹിന്ദു സമുദായത്തോട് പറഞ്ഞതും. 1888-ൽ ശ്രീനാരായണഗുരു അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിയതോടെയാണ് അദ്ദേഹത്തിന്റെ നവോത്ഥാന സങ്കല്പങ്ങൾ ശക്തിയാർജ്ജിച്ചത്. ഏതു ഭാഷയിൽ കൂടിയാലും വിദ്യാഭ്യാസം വേണമെന്ന് ഗുരുവിന് നിർബന്ധം ഉണ്ടായിരുന്നു. മാതൃഭാഷയിൽ പ്രാവീണ്യം നേടിയാൽ മറ്റ് ഭാഷയിലും അവഗാഹമുണ്ടാവുമെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. സമുദായത്തിനകത്ത് അനാചാരങ്ങൾ കൊടികുത്തി വാണിരുന്ന കാലഘട്ടത്തിലാണ് ഗുരുവിന്റെ ആശയങ്ങൾ ശ്രദ്ധിക്കപ്പെടുന്നത്. ഭരണഭാഷയായും ആരാധനാ ഭാഷയായും വിജ്ഞാന ഭാഷയായും സംസ്കൃതം മലയാളത്തിന് മേൽ ആധിപത്യം ഉറപ്പിച്ചും ഇത്തരത്തിൽ ഹിന്ദുമതത്തിനകത്ത് നിലനിന്നിരുന്ന ചിഹ്നങ്ങളെ തിരസ്കരിച്ചു. പൊതുജനത്തിന് പ്രാപ്യമായ ഭാഷയിൽ ആശയം വിനിമയം ചെയ്യേണ്ടതെന്ന് അദ്ദേഹം വാദിക്കുന്നു. പല സ്ഥലങ്ങളിലും ഗുരുവിന്റെ സംസ്കൃത പാണ്ഡിത്യം ചോദ്യം ചെയ്യപ്പെട്ടു. ഗുരുവിനെ തോൽപ്പിക്കാൻ കടത്തനാട്ടെ നീലകണ്ഠൻ മൂസ്സത് സംസ്കൃതത്തിൽ വാദിക്കാൻ ഒരുങ്ങി. നമുക്ക് ജനങ്ങൾക്ക് മനസ്സിലാകുന്ന മലയാളത്തിൽ സംസാരിക്കാം എന്ന് പറഞ്ഞ്, മലയാളത്തിൽ സംസാരിക്കാൻ പ്രേരിപ്പിക്കുന്നു.

ജാതി, മത, ഭേദമെന്യേ കേരളത്തിലെ ജനതയെ ഏകീകരിക്കാൻ ശക്തിയുള്ളത് മലയാളം എന്ന മാതൃഭാഷയാണ്. ഹിന്ദുവിനും മുസ്ലിമിനും ക്രിസ്ത്യാനിക്കും പൊതുവായുള്ള ഈ ഭാഷ മതേതരമായ നമ്മുടെ പൊതുമണ്ഡലത്തെ ഉറപ്പിച്ചു നിർത്തുന്നു. ജോർജ്ജ് മാത്തനും, മുക്തി തങ്ങളും, ശ്രീനാരായണഗുരുവും മാതൃഭാഷയിലൂടെയുള്ള

ഉദ്ബോധത്തിനാണ് പ്രാധാന്യം നൽകുന്നത്. താനറിയാത്ത ഭാഷയിൽ പഠിക്കുന്നതിനെക്കാൾ നല്ലത്, തന്റെ മാതൃഭാഷയിൽ പഠിക്കുന്നതാണ് നല്ലത്. മാതൃഭാഷയിൽ പഠിക്കുമ്പോഴാണ് ഒരാൾ വിഷയം മനസ്സിൽ തട്ടി പഠിക്കുന്നത്. മാതൃഭാഷ നാട്ടറിവുകളുടെയും പാരമ്പര്യ അറിവുകളുടെയും കലവറയാണ്. ഇതെല്ലാം ആളുകൾക്ക് മനസ്സിലാക്കാൻ പറ്റുന്ന ഏറ്റവും നല്ല മാധ്യമം മാതൃഭാഷയാണ്.

നമ്മുടെ സമ്പന്നമായ സാംസ്കാരിക വൈവിധ്യം നമ്മുടെ ജനാധിപത്യബോധത്തെ മലയാളത്തിലൂടെ ഉറപ്പിച്ചു നിർത്തുന്നു. ഒരന്യഭാഷ കൊണ്ടും അത് പകരം വെയ്ക്കാനാവില്ല. മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരങ്ങളും വാദങ്ങളും ഇന്ന് ശക്തിയാർജ്ജിച്ചിരിക്കുകയാണ്. ഓരോ വ്യക്തിയുടെയും മാതൃഭാഷയോടുള്ള സമീപനം വ്യത്യസ്തമാണ്. എങ്കിലും മാതൃഭാഷാ സങ്കല്പം നമ്മെ ഏകീകരിക്കുന്നു. നാം നമ്മെ തിരിച്ചറിയാൻ തുടങ്ങുന്നതെന്നാണ് അന്നേ മാതൃഭാഷയുടെ പ്രാധാന്യവും തിരിച്ചറിയൂ. നമുക്ക് ജീവിക്കാൻ ജലം, വായു, ഭക്ഷണം എന്നിവ അത്യന്താപേക്ഷിതമാണ്. അതുപോലെയാണ് മാതൃഭാഷാ സ്വാംശീകരണവും. മുമ്പേ നടന്നുപോയ നവോത്ഥാന നായകൻമാർ ഇതെല്ലാം മനസ്സിലാക്കിയിരിക്കുന്നു. ഭാഷയിലും ജീവിത രീതിയിലും വേറിട്ട് നിൽക്കുന്ന മലയാളിയെ ഏക മലയാളിയായി ഉയർന്നുവരാൻ കഴിയട്ടെ. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ മാതൃഭാഷാ വാദത്തിൽ ഊന്നിയുള്ള നവോത്ഥാന സങ്കല്പങ്ങളാണ് ഉണ്ടായിരുന്നത്. ഈ തലമുറ ഈ സങ്കല്പനത്തെ മനസ്സിലാക്കാൻ വൈകിയിരിക്കുന്നു. അതുതന്നെയാണ് മാതൃഭാഷയ്ക്കുവേണ്ടിയുള്ള അവകാശ ജാഥ ശക്തിയാർജ്ജിച്ച് ഇന്ന് മുന്നോട്ട് വന്നിരിക്കുന്നത്. ആ ശക്തിയിൽ നിന്ന് ഊർജ്ജം കൊണ്ട് മാതൃഭാഷയ്ക്ക് ഒരു പുനഃരുജ്ജീവനം ഉണ്ടാവുമെന്ന് പ്രത്യാശിക്കാം.

## കുറിപ്പുകൾ

1. *ഉള്ളൂർ (കേരള സാഹിത്യചരിത്രം)*
2. *പവിത്രൻ പി. (മാതൃഭാഷക്കുവേണ്ടിയുള്ള സമരം. ചെറുതുരുത്തി. 17)*
3. *ജോർജ്ജ് മാത്തൻ 'ബാലാഭ്യസനം' റവറന്റ് ജോർജ്ജ് മാത്തന്റെ കൃതികളും പഠനവും സാമുവൽ ചന്ദനപ്പള്ളി (എഡി) ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചന്ദനപ്പള്ളി. 436)*

## സഹായക ഗ്രന്ഥങ്ങൾ


1. *ഇ.എം.എസ്; നമ്മുടെ ഭാഷ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1997*
2. *കെ.ഇ.എൻ. കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും. ലീഡ് ബുക്സ്, കോഴിക്കോട് 2012*
3. *പവിത്രൻ പി., മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം. ചെറുതുരുത്തി: മലയാള ഐക്യവേദി, 2004*
4. *മക്തി തങ്ങൾ; മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ. കോഴിക്കോട്; വചനം ബുക്സ് – 2006*
5. *സാമുവൽ ചന്ദനപ്പള്ളി; റവ. ജോർജ്ജ് മാത്തൻ കൃതികളും പഠനവും. ചന്ദനപ്പള്ളി; ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് – 1992*

# തിരശ്ശീലയിലെ 'ട്രാൻസ്സെക്ഷ്വൽ' ആവിഷ്ക്കാരങ്ങൾ: 'ഇരട്ടജീവിതം', 'ഞാൻ മേരിക്കുട്ടി' എന്നീ സിനിമകളെ മുൻനിർത്തിയുള്ള അന്വേഷണം

മേഘ രാധാകൃഷ്ണൻ*

**ആമുഖം**

സമൂഹത്തിലെ അടിച്ചമർത്തപ്പെടുകയും അരികുവത്കരിക്കപ്പെടുകയും ചെയ്യുന്ന വിഭാഗങ്ങളാണ് 'ട്രാൻസ്സെക്ഷ്വൽസ്' (Transsexuals). ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ജന്റർ പോളിസിക്ക് തുടക്കം കുറിച്ചത് കേരളത്തിലാണ്. ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളും പൊതു സമൂഹത്തിൽ അവരെപ്പറ്റി നിലനിൽക്കുന്ന മുൻവിധികളെ മാറ്റിയെടുക്കാനുമുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. "ജന്മനായുള്ള ലിംഗ വ്യക്തിത്വത്തിൽ നിന്നും തന്റെ ശാരീരിക മാനസിക ചോദനകളെ അടിസ്ഥാനമാക്കി മറ്റൊരു ലിംഗാവസ്ഥയിലേക്ക് പരിവർത്തനം ചെയ്യുന്നവരെയാണ് ട്രാൻസ് സെക്ഷ്വൽസ് (Transsexuals) എന്ന് പറയുന്നത്." (2016 : 131) ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെയോ പ്രാകൃതമായ 'തായമ്മ നിർവ്വാൺ' എന്ന രീതിയിലൂടെയോ ആൺ ട്രാൻസ്ജെന്റുകൾ, ട്രാൻസ് വുമൺ (Transwomen) അല്ലെങ്കിൽ ട്രൻസ്മെൻ (Transmen) ആയി മാറുന്നത്. ട്രാൻസ്ജന്ററായി തന്നെ നിലനിൽക്കാൻ ആഗ്രഹിക്കുന്നവരുമുണ്ട്. ഇക്കൂട്ടർ ശസ്ത്രക്രിയക്ക് വിധേയരാവില്ല.

സമൂഹത്തെ വലിയ അളവിൽ സ്വാധീനിക്കുന്ന മാധ്യമമാണ് സിനിമ. കച്ചവട സിനിമ, കലാസിനിമ എന്നീ തരംതിരിവുകൾ എന്നും ചർച്ചാവിഷയവുമാണ്. സിനിമയിലെ പ്രമേയവും കഥാപാത്രങ്ങളും ഡയലോഗുകളും എല്ലാം സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ പല വിഷയങ്ങളെയും സംബന്ധിച്ച് സിനിമ എടുക്കുന്ന

* ഗവേഷക, മലയാള വിഭാഗം, ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ

നിലപാട് പ്രസക്തവുമാണ്. ഏതൊരു വിഷയത്തെയും സംബന്ധിച്ച പൊതുധാരണകളെ അപനിർമ്മാനും അതിനോട് വിയോജിച്ച് രേഖപ്പെടുത്താനും അനുകൂലമായി നിലകൊള്ളാനും സിനിമക്ക് സാധിക്കും.

മലയാളത്തിലെ പല കൊമേർഷ്യൽ സിനിമകളിലും ഹാസ്യ-പരിഹാസ കഥാപാത്രങ്ങളായും വില്ലൻ വേഷങ്ങളിലും അയുക്തികരമായ രീതിയിൽ, 'ട്രാൻസ്ഫോബിക്' ആയ ഒരു വലിയ വിഭാഗത്തെ തൃപ്തിപ്പെടുത്തുന്ന രീതിയിലാണ് ട്രാൻസ്ജന്ററുകളെ ആവിഷ്ക്കരിച്ചത്. 'ചാന്തുപൊട്ട്' എന്ന പരിഹാസപ്പേര് പോലും മലയാളസിനിമയുടെ നിർമ്മിതിയാണ്. ഇത്തരമൊരു സാഹചര്യത്തിൽ കൊമേർഷ്യൽ സിനിമ തങ്ങളുടെ കാഴ്ചപ്പാടുകൾ അവ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ആ മാറിനടപ്പ് 'തിര' യിലും 'മായാനദി' യിലുമൊക്കെ കാണാൻ തുടങ്ങിയിരിക്കുന്നു. വിജയപത്മ സംവിധാനം ചെയ്ത 'നർത്തകി' (2011) ബി. എസ്. ലിംഗദേവരുവിന്റെ 'നാൻ അവനല്ല അവളു' (2014) എന്നീ ഇന്ത്യൻ സിനിമകൾ ട്രാൻസ്സെക്ഷ്വൽസിന്റെ കഥ ആവിഷ്ക്കരിക്കുന്നവയാണ്.

2018 ലാണ് സുരേഷ് നാരായണൻ സംവിധാനം ചെയ്ത സ്വതന്ത്ര സിനിമാവിഷ്കാരമായ 'ഇരട്ടജീവിതം' പുറത്തിറങ്ങുന്നത്. ബോക്സോഫീസ് ഹിറ്റായ രഞ്ജിത്ത് ശങ്കർ ചിത്രം 'ഞാൻ മേരിക്കുട്ടി' യും അതേ വർഷം പുറത്തിറങ്ങി. ലിംഗമാറ്റം നടത്തി പുരുഷനും സ്ത്രീയും ആയി മാറിയ ട്രാൻസ്സെക്ഷ്വൽസിന്റെ കഥയാണ് രണ്ടു സിനിമകളിലും ആവിഷ്ക്കരിച്ചിരിക്കുന്നത്. മാത്തുക്കുട്ടി മേരിക്കുട്ടിയായി മാറുകയാണ് 'ഞാൻ മേരിക്കുട്ടി'യിൽ 'ഇരട്ട ജീവിത'ത്തിലെ ആമിന അദ്രുമാനായി ജീവിതം നയിക്കുകയാണ്. 'ട്രാൻസ്പക്ഷത്തു നിൽക്കുന്ന സിനിമ' എന്ന വാദത്തോടെയാണ് ഈ രണ്ടു സിനിമകളും പുറത്തിറങ്ങിയത്. വിമർശനാത്മകമായും ആധികാരികമായും ഈ വാദത്തെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ. ഒരേ വിഷയം കൈകാര്യം ചെയ്യുന്ന രണ്ടു സിനിമകൾ പുലർത്തുന്ന വ്യത്യസ്തങ്ങളായ സമീപനരീതികൾ, ശൈലികൾ എന്നിവ കണ്ടെത്താൻ ശ്രമിക്കുന്നു. ട്രാൻസ്സെക്ഷ്വൽസിന്റെ ജീവിതത്തെ എങ്ങനെയാണ് രണ്ടു സിനിമകളും ആവിഷ്ക്കരിച്ചതെന്ന് പരിശോധിക്കുന്നു. പ്രമേയം, കഥാപാത്ര നിർമ്മിതി, സംഭാഷണം, ബിംബങ്ങൾ തുടങ്ങിയവ പരിശോധിച്ച് സിനിമകളെ വിശകലനത്തിന് വിധേയമാക്കുന്നു.

## ഇരട്ടജീവിതം

സുരേഷ് നാരായണൻ രചനയും സംവിധാനവും നിർവ്വഹിച്ച സിനിമയാണ് 2018-ൽ പുറത്തിറങ്ങിയ 'ഇരട്ട ജീവിതം' കച്ചവട സിനിമാ സങ്കല്പങ്ങളിൽ നിന്നുമാറി, താരനിരയുടെ അകമ്പടിയില്ലാതെ സമാന്തര സിനിമാ പ്രദർശനരീതി അവലംബിച്ചാണ് ഇരട്ടജീവിതം തിരശ്ശീലയിൽ എത്തിയത്. ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ ഇരട്ട ജീവിതത്തിന്റെ നൂറു പ്രദർശനങ്ങൾ സ്വതന്ത്രസിനിമാ പ്രദർശനശൈലിയിൽ നടത്തുക എന്നതാണ് അണിയറ പ്രവർത്തകരുടെ ലക്ഷ്യം. അഹമ്മദ് മൊയിനുദ്ദീന്റെ 'ഇരട്ട ജീവിതം' എന്ന കഥയിൽ നിന്നും ചില അംശങ്ങൾ സിനിമക്കായി സുരേഷ് നാരായണൻ സ്വീകരിച്ചിട്ടുണ്ട്.

## പെണ്ണുടലിലെ ആണും ആണുടലിലെ പെണ്ണും

രണ്ടു പെൺകുട്ടികളുടെ സൗഹൃദത്തിലൂടെ സിനിമ സഞ്ചരിക്കുന്നു. സൈനുവും ആമിനയും. സൈനുവിന്റെ ഉറ്റ സുഹൃത്തും കാവലാളുമൊക്കെയാണ് ആമിന. കൗമാര ദശയിൽ ആമിന നാടുവിട്ടു പോകുന്നു. ഇതിനിടെ സൈനു വിവാഹിതയാകുന്നു. നാടുവിട്ടുപോയ ആമിന, അദ്രുമാനായി വർഷങ്ങൾക്കുശേഷം സ്വന്തം നാട്ടിലേക്ക് തിരിച്ചെത്തുകയാണ്. നാടുവിട്ട് പോകുംമുമ്പ് ആമിനയിൽ പുരുഷത്വം ഉണ്ടെന്ന് വീട്ടുകാർക്കോ നാട്ടുകാർക്കോ ഉറ്റ സുഹൃത്തായ സൈനുവിനു പോലും അറിയില്ലായിരുന്നു. ട്രാൻസ്സെക്ഷ്വലായി (Female to Male) തന്റെ ഗ്രാമത്തിൽ തിരിച്ചെത്തുന്ന അദ്രുമാൻ നേരിടേണ്ടിവരുന്ന വെല്ലുവിളികളും സംഘർഷങ്ങളും അവന്റെ ചുറ്റിലും ജീവിക്കുന്നവരുടെ കഥയുമാണ് ഇരട്ടജീവിതത്തിലൂടെ സുരേഷ് നാരായണൻ വരച്ചിടുന്നത്. തികച്ചും യാഥാസ്ഥികരായ, മത്സ്യബന്ധനം ഉപജീവനമാക്കിയ ആളുകൾ ജീവിക്കുന്ന ഒരു കടലോര ഗ്രാമമാണ് പശ്ചാത്തലം.

## സൂക്ഷ്മമായ കഥാപാത്ര നിർമ്മിതി

സ്ത്രീ സ്വത്വത്തിൽ നിന്ന് പുരുഷസ്വത്വം തിരഞ്ഞെടുത്ത ഒരു വ്യക്തി തന്റെ നിലനിൽപ്പിനായി, അതിജീവനത്തിനായി പൊരുതുന്നു. മാനസികവും സാമൂഹികവുമായ ഒരുപാട് വെല്ലുവിളികൾ അദ്രുമാൻ നേരിടുന്നുണ്ട്. 'ആത്മജ' യാണ് ആമിന-അദ്രുമാൻ കഥാപാത്രങ്ങളുടെ കൗമാരകാലം അവതരിപ്പിച്ചിരിക്കുന്നത്. പെണ്ണുടലിൽ ആമിന നേരിടുന്ന ആശയ കുഴപ്പങ്ങളും, പുരുഷനായി മാറാനുള്ള അവളുടെ താത്പര്യവും പല ദൃശ്യബിംബങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

ആമിനയുടെ ഉറ്റ സുഹൃത്തായ സൈനു, നാടുവിട്ടുപോയ കൂട്ടുകാരിയെ വർഷങ്ങൾക്കു ശേഷം പുരുഷരൂപത്തിൽ കണ്ടപ്പോൾ ആദ്യം അത്ഭുതപ്പെടുകയും പിന്നെ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കേണ്ടിടത്ത്, പുരുഷനാണ് എല്ലാത്തിനും മുകളിൽ എന്ന ചിന്താഗതി പുലർത്തുന്ന, ഒരു വിഭാഗം ട്രാൻസ് കമ്മ്യൂണിറ്റിയെ അവഹേളിക്കുകയാണ്. പരമ്പരാഗതമായി പുരുഷാധികാരത്തിൽ ഊന്നിയ സാമൂഹിക വ്യവസ്ഥിതി നൽകിപ്പോന്ന ആനുകൂല്യങ്ങൾ അനുഭവിക്കുന്നവരെ ചോദ്യം ചെയ്യുകയാണ് ആ ഡയലോഗിലൂടെ പുഷ്പ. ട്രാൻസ്സെക്ഷ്വൽ ആയ അദ്രുമാനെ ജീവിക്കാൻ അനുവദിക്കാത്തവർക്കെതിരെയുള്ള വിമർശനമാണത്. "ഓനെ ഞാൻ ഇനി മോളേന്നു വിളിക്കണോ മോനേന്നു വിളിക്കണോ' എന്ന് ശങ്കിക്കുകയാണ് അദ്രുമാന്റെ ഉമ്മ. എല്ലാവരാലും അംഗീകരിക്കപ്പെടുക എന്നത് തന്നെയാണ് ട്രാൻസ് സമൂഹം നേരിടുന്ന വെല്ലുവിളി.

## സാമൂഹ്യനിർമ്മിതിയായ ലിംഗപദവി/ലിംഗബോധം

ലിംഗപദവി ഒരു പെർഫോർമാറ്റീവ് (Performative) സംവർഗ്ഗം ആണെന്നാണ് ജൂഡിത്ത് ബട്ട്ലറുടെ വാദം. ഇത് സൂചിപ്പിക്കുന്നത് ഒരു വ്യക്തിയുടെ ലിംഗസ്വത്വം (Gender identity) പെർഫോർമിറ്റിയും റോൾ പ്ലേയിംഗും ആണ് എന്നതാണ്. ആവർത്തിക്കുക എന്നത് (repetition) ഇതിൽ ഏറെ പ്രധാനമാണ്. ആവർത്തിച്ചിട്ടുള്ള അവതരണത്തിലൂടെയാണ്

വ്യക്തിക്ക് കെട്ടുറപ്പുള്ള സ്വത്വം (coherent identity) നേടിയെടുക്കുന്നതായ തോന്നലുണ്ടാവുന്നത്. ഒരു സംസ്ക്കാരം അതിലെ അംഗങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്തോ അത് ആവർത്തനത്തിലൂടെ സ്ഥാപിച്ചെടുക്കാനാണ് പ്രാമുഖ്യമുള്ള പ്രത്യയശാസ്ത്രം ലൈംഗിക പെരുമാറ്റം (sexual behaviour) നിയന്ത്രണ വിധേയമാകുന്നതിലൂടെ ശ്രമിക്കുന്നത്. ജൻഡർ റോൾ (Gender Role) എന്നത് ഒരു വ്യക്തിക്ക് നൈസർഗികമായി ഉണ്ടാവുന്നതോ സ്വയം തിരഞ്ഞെടുക്കാൻ കഴിയുന്നതോ അല്ല. മറിച്ച് വിവിധങ്ങളായ സാംസ്ക്കാരിക വ്യവഹാരങ്ങളുടെ നിർമ്മിക്കപ്പെടുന്നതാണ്. (സത്യൻ എം. 'ലിംഗപദവിയും അധികാരവും' 2017). അദ്രുമാനാകുന്ന ആമിനക്ക് തന്റെ പുരുഷ സ്വത്വം ഉറപ്പാക്കാൻ ബീഡി വലിക്കുകയും മുണ്ട് മടക്കിക്കുത്തുകയും ചെയ്യേണ്ടിവരുന്നുണ്ട്. സ്ത്രീ സ്വത്വത്തിന്റെ പ്രത്യേകതകളായി കണക്കാക്കപ്പെടുന്ന ചില പ്രത്യേകതകൾ സൈനുവിൽ ഊട്ടിയുറപ്പിക്കുന്നു. (കടലിനോടുള്ള പേടി, വഴക്ക് - തല്ലുകൂടൽ എന്നിവയോടുള്ള അനിഷ്ടം, മൈലാഞ്ചിയോട് സൈനു കാണിക്കുന്ന ഇഷ്ടം) കുട്ടിക്കാലത്ത് ആമിന ആൺകുട്ടികളോടൊപ്പം ഫുട്ബോൾ കളിക്കുമ്പോൾ അവളുടെ കൂട്ടുകാരികൾ മാറിയിരുന്ന് കളി കാണുക മാത്രമാണ് ചെയ്യുന്നത്. പെൺകുട്ടികളുടെ കൂട്ടത്തിൽ ആദ്യം സൈക്കിൾ ഓടിക്കാൻ പഠിക്കുന്നത് ആമിനയാണ്. കടലിലേക്ക് തോണിയിൽ സൈനുവിനെ കൂട്ടി തുഴഞ്ഞ് പോകുന്നുണ്ട് ആമിന. ഇത്തരത്തിൽ പല ബിംബങ്ങളിലൂടെ സംവിധായകൻ പ്രേക്ഷകരോട് സംവദിക്കുന്നു.

### ഞാൻ മേരിക്കുട്ടി

രഞ്ജിത്ത് ശങ്കർ രചനയും സംവിധാനവും നിർവഹിച്ച സിനിമയാണ് 'ഞാൻ മേരിക്കുട്ടി'. ജയസൂര്യയാണ് പ്രധാന കഥാപാത്രമായ മേരിക്കുട്ടിയെ അവതരിപ്പിക്കുന്നത്. 2018-ലെ ഹിറ്റു ചിത്രങ്ങളിൽ ഒന്നായി ഞാൻ മേരിക്കുട്ടി മാറി. സമൂഹ മാധ്യമങ്ങളിലും ചാനലുകളിലും ഏറെ സജീവമായ ചർച്ചകൾ ഈ സിനിമയെ സംബന്ധിച്ച് നടക്കുകയുണ്ടായി. ട്രാൻസ്പക്ഷത്ത് നിൽക്കുന്ന സിനിമ എന്ന പൂർണ്ണതയിലേക്ക് 'ഞാൻ മേരിക്കുട്ടി' എന്ന സിനിമ വായിക്കപ്പെട്ടു.

### പ്രമേയത്തിൽ ചർച്ച ചെയ്യപ്പെടുന്ന 'ട്രാൻസ്' പ്രശ്നങ്ങൾ

ട്രാൻസ് സ്വത്വത്തിൽ ജീവിക്കുന്നതിനാൽ എല്ലാവരാലും നിന്ദിക്കപ്പെട്ട് അപഹാസങ്ങൾ കേട്ട് ജീവിതം വെല്ലുവിളികൾ നിറഞ്ഞതാവുമ്പോഴും സധൈര്യം മുന്നോട്ട് കുതിക്കുന്ന, വിദ്യാഭ്യാസത്തിലൂടെയും അറിവിലൂടെയും ഇച്ഛാശക്തിയോടെ തന്റെ ലക്ഷ്യം നേടിയെടുക്കുന്ന ട്രാൻസ് സെക്ഷ്വലായ മേരിക്കുട്ടിയുടെ കഥയാണ് ഞാൻ മേരിക്കുട്ടി. ബാംഗ്ലൂരിലെ വിപ്രോ കമ്പനിയിൽ ഉണ്ടായിരുന്ന ജോലി ഉപേക്ഷിച്ച് സ്വന്തം നാട്ടിലേക്ക് തിരികെയെത്തുകയാണ് മേരി. തന്നെ അവഗണിക്കുന്ന കുടുംബത്തിനുമുന്നിൽ, സമൂഹത്തിനു മുന്നിൽ തലകുനിക്കാതെ സ്വയംപര്യാപ്തത നേടി ജീവിക്കാനാണ് മേരി ആഗ്രഹിക്കുന്നത്. അവിടെ വില്ലൻ വേഷത്തിൽ വരുന്നു. അധികാരത്തിന്റെ പല രൂപങ്ങളും ഇത്തരത്തിൽ അരികുവത്കരിക്കപ്പെടുന്നവരുടെ മുകളിൽ ചവിട്ടിയാണ് നിൽക്കുന്നത്. ഫൂക്കോ പ്രതിപാദിക്കുന്ന നിയമാധിഷ്ഠിത അധികാരവും ജീവിതത്തിനുമേലുള്ള അധികാരവും ഇവിടെ പ്രവർത്തിക്കുന്നു. നിരോധനം, ശിക്ഷ എന്നിങ്ങനെയുള്ള രീതികളിലാണ് നിയമാധിഷ്ഠിത

അധികാരം പ്രവർത്തിക്കുന്നത്. നിയമം, പോലീസ് തുടങ്ങിയ ഔദ്യോഗിക സ്ഥാപനങ്ങളാണ് ഇവയുടെ അധികാര കേന്ദ്രങ്ങൾ. ജോജു ജോർജ്ജ് അവതരിപ്പിക്കുന്ന സബ് ഇൻസ്പെക്ടർ കഥാപാത്രം, ഇതിനൊരു ഉദാഹരണമാണ്. മേരിക്കുട്ടിയെ കള്ളക്കേസിൽ കുടുക്കുന്ന, ലൈംഗികച്ചുവയോടെ നോക്കുന്ന, അശ്ലീലം പറയുന്ന, മർദ്ദിക്കുന്ന അധികാരരൂപം. ശിക്ഷണം, ജൈവരാഷ്ട്രീയ നിർവ്വഹണം എന്നിങ്ങനെയുള്ള രൂപത്തിൽ വരുന്ന ജീവിതത്തിനുമേലുള്ള അധികാര രൂപങ്ങൾ ഉണ്ട്. മാനകങ്ങൾ രൂപപ്പെടുത്തുകയാണ് ഇതിന്റെ രീതി. മാനകങ്ങൾക്ക് അനുസരിച്ച് വ്യക്തിയെ ക്രമപ്പെടുത്താനാണ് ഈ സമൂഹം അധികാര പ്രയോഗം നടത്തുന്നത്. സ്ത്രീസ്വത്വം ചെറുപ്പത്തിൽ മാത്തുക്കുട്ടി പ്രകടിപ്പിക്കുമ്പോൾ അവനെ അടിക്കുന്ന, വഴക്കു പറയുന്ന അച്ഛൻ. പൊട്ടും സാരിയും വലിച്ചെറിഞ്ഞ് നീയൊരാണെന്ന് നിരന്തരം ഓർമ്മിപ്പിക്കുകയാണ് ആ പിതാവ്. സമൂഹത്തിലെ സദാചാര സംരക്ഷകരുടെ കുപ്പായമിട്ട് കടന്നുവരുന്നവരും മേരിക്കുട്ടിക്ക് മേൽ അധികാര പ്രയോഗം നടത്തുന്നുണ്ട്. പോലീസ് സബ് ഇൻസ്പെക്ടറായി മേരിക്കുട്ടി ജീവിതത്തിനുമുമ്പിൽ വിജയിയായി മാറുന്നുണ്ട്. മാത്തുക്കുട്ടി മേരിക്കുട്ടിയായി മാറുമ്പോൾ കഥാപാത്രത്തെ പൂർണ്ണതയിലേക്ക് എത്തിക്കാൻ നടനു സാധിച്ചിട്ടുണ്ട്. ശരീരഭാഷ, ചലനങ്ങൾ, സംഭാഷണ രീതി എന്നിവയിലെല്ലാം ആ സൂക്ഷ്മത പ്രകടമാണ്. കൈവിരലുകളുടെ ചലനം, ചുണ്ടിന്റെ ചലനം, മിതമായ ഭാവപ്രകടനം എല്ലാംകൊണ്ട് പരകായ പ്രവേശനത്തിൽ പ്രധാന കഥാപാത്രം വിജയിച്ചിരിക്കുന്നു. വിദ്യാഭ്യാസമാണ് മേരിക്കുട്ടിയുടെ വിജയത്തിനു പ്രധാന കാരണം. അറിവിലൂടെയാണ് അവൾ മുന്നേറുന്നത്. തന്റെ അനുവാദമില്ലാതെ ശരീരത്തിൽ തൊടുന്നവർക്കുമുമ്പിൽ ചൂളിപ്പോവുന്നില്ല മേരിക്കുട്ടി. അതിനെ കൃത്യമായി പ്രതിരോധിക്കുന്നുണ്ട്. വീണുപോകുന്ന ഘട്ടങ്ങളിലൊക്കെയും ശക്തമായി തിരിച്ചുവരുന്നുണ്ട്.

### വില്ലനാകുന്ന സമൂഹം

"സ്നേഹമില്ലാഞ്ഞിട്ടല്ല ധൈര്യമില്ലാഞ്ഞിട്ടാണ് അംഗീകരിക്കാൻ" എന്ന് കുറ്റബോധത്തോടെ സിനിമയുടെ അന്ത്യത്തിൽ മേരിയുടെ അപ്പൻ പറയുന്നുണ്ട്. സമൂഹത്തെയാണ് അയാൾ ഭയക്കുന്നത്. തന്റെ വിവാഹത്തിനു മേരിക്കുട്ടി തടസ്സമാകും എന്നു കരുതുമ്പോഴാണ് സഹോദരി പുരുഷമായി കുത്തുവാക്കുകൾ പറഞ്ഞ് മേരിയെ അകറ്റുന്നത്. വൈകാരികമായ പല രംഗങ്ങളിലൂടെ ഇവരെ നമ്മോട് ചേർത്തുപിടിക്കാനാണ് സിനിമ ആഹ്വാനം ചെയ്യുന്നത്. "സ്വത്തിനും പണത്തിനുമൊക്കെയപ്പുറത്ത് മാത്തുക്കുട്ടി എന്നു വിളിച്ച മാതാപിതാക്കൾ എന്നെയൊന്ന് മേരിക്കുട്ടി" എന്ന് വിളിക്കണം എന്ന് പറയുന്നുണ്ട്. 'അംഗീകരിക്കുക' എന്നതാണ് പ്രശ്നം. ആൺ-പെൺ പോലെ സ്വാഭാവികമായ ഒന്നായി ട്രാൻസ് സമൂഹത്തെ നോക്കിക്കാണുക, ചേർത്തുപിടിക്കുക എന്നതുതന്നെയാണ് ഇവിടെ വായിച്ചെടുക്കാൻ സാധിക്കുക.

### മേരിക്കുട്ടി അവശേഷിപ്പിക്കുന്ന ചോദ്യങ്ങൾ

പൂർണ്ണമായി ട്രാൻസ് സമൂഹത്തോട് ചേർന്നുനിൽക്കുന്നു എന്ന വാദം നിലനിൽക്കുമ്പോഴും ചില സംശയങ്ങൾ 'ഞാൻ മേരിക്കുട്ടി'യിൽ ഉയരുന്നുണ്ട്. ചില യുക്തിഭംഗങ്ങൾ കടന്നുകൂടുന്നുണ്ട്.

സിനിമയിൽ പോലീസ് കഥാപാത്രം (ജോജു ജോർജ്ജ്) ട്രാൻസ്ഫോബിക് ആണ്. ക്രിമിനൽ സ്വഭാവമുള്ളവനാണ്. മേരിക്കുട്ടി സബ് ഇൻസ്പെക്ടറായി പോലീസ് സേനയിൽ വരുന്നത് അയാൾക്ക് അംഗീകരിക്കാനാവുന്നില്ല. മേരിക്കുട്ടിയുടെ കരിയറിനെ തകർക്കാൻ അയാൾ ശ്രമിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ ട്രാൻസ് പക്ഷത്ത് നിലകൊള്ളുന്ന സുരാജ് വെഞ്ഞാറമൂട് അവതരിപ്പിക്കുന്ന കളക്ടർ കഥാപാത്രം പോലീസ് ഓഫീസറോട് ഇങ്ങനെ പറയുന്നു – "ആണും പെണ്ണും കെട്ടവർ ഒരുപാട് പേർ നിങ്ങൾക്കിടയിൽ തന്നെയുണ്ടല്ലോ" എന്ന ഡയലോഗ് സിനിമയിലുടനീളം സംവിധായകൻ പറഞ്ഞുവയ്ക്കുന്ന കാഴ്ചപ്പാടിന് വിരുദ്ധമാണ്. മേരിക്കുട്ടിയെ ട്രാൻസ്ജൻഡറെന്ന് വക്കീൽ (സിദ്ധാർത്ഥ ശിവ) വിളിക്കുമ്പോൾ താൻ ട്രാൻസ്ജൻഡറല്ല, ട്രാൻസ്സെക്ഷ്വൽ ആണ് എന്ന് മേരിക്കുട്ടി തിരുത്തുന്നുണ്ട്. എന്നാൽ പിന്നീട് കളക്ടർ, പി.എസ്.സി. കോച്ചിങ്ങ് സെന്ററിലെ അധ്യാപകനും ഒക്കെ മേരിയെ ട്രാൻസ് ജൻഡറായാണ് അഭിസംബോധന ചെയ്യുന്നത്. ആദ്യ ട്രാൻസ്ജൻഡർ സബ്ഇൻസ്പെക്ടറായി മേരി അറിയപ്പെടുന്നു. എന്നാൽ സിനിമ തുടക്കത്തിൽ പറഞ്ഞു വക്കുന്ന ട്രാൻസ്‌വുമൺ ആണ് മേരി. ആധാർ കാർഡിൽ 'ഫീമെയിൽ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ ചില മുഴച്ചുനിൽക്കലുകൾ സിനിമയിൽ കാണാം.

### ഉപസംഹാരം

ഞാൻ മേരിക്കുട്ടി കച്ചവടസിനിമാ വിഭാഗത്തിൽപ്പെടുന്നു. അതുകൊണ്ടുതന്നെ വിപണിമൂല്യം, ജനപ്രിയ സംസ്കാര ചേരുവകൾ എന്നിവയെപ്പറ്റി സംവിധായകന് കൃത്യമായ ധാരണയുണ്ട്. അത് പ്രധാന കഥാപാത്രത്തിന്റെ തിരഞ്ഞെടുപ്പ്, തൊലിയുടെ നിറം, താരമൂല്യം, കഥപറച്ചിലിന്റെ രീതി, വിപണനതന്ത്രം എന്നിവയിൽ അത് ദർശിക്കാൻ സാധിക്കും. ചില ന്യൂനതകൾ കണ്ടെത്താമെങ്കിലും വാർപ്പു മാതൃകകളെ പൊളിച്ചെഴുതാൻ 'ഞാൻ മേരിക്കുട്ടി'ക്ക് കഴിയുന്നുണ്ട്. ട്രാൻസ്പക്ഷത്ത് നിലകൊള്ളുന്ന സിനിമ കാലഘട്ടത്തിന്റെ ആവശ്യമാണ്. ആ നിലയിൽ ചില മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ മേരിക്കുട്ടിക്ക് കഴിയുന്നുണ്ട്. പൊതുസമൂഹത്തിന് ട്രാൻസ് സമൂഹത്തോടുള്ള പെരുമാറ്റവും മറ്റും കൃത്യമായി അവതരിക്കപ്പെട്ടിട്ടുണ്ട്. ആണും പെണ്ണും കെട്ടവർ, വ്യഭിചാരം നടത്തുന്നവർ, തുണി പൊക്കി കാണിക്കുന്നവർ എന്നിങ്ങനെ അവരെ അധിക്ഷേപിക്കുന്നവർ മനസ്സിലാക്കേണ്ട പല കാര്യങ്ങളും സിനിമയിൽ ചർച്ച ചെയ്യപ്പെടുന്നു. മികച്ച പദവികളിലെത്താൻ, വിദ്യാഭ്യാസം നേടാൻ എല്ലാം അവർക്കും തുല്യ അവകാശം ഉണ്ട്. ഈ ആശയം പ്രേക്ഷകരിൽ എത്തിക്കുന്നതിൽ സിനിമ വിജയിച്ചു. 'മേരിക്കുട്ടി' എന്ന കഥാപാത്രത്തെ വ്യക്തിത്വമുള്ളവളായി, മാതൃകയായി രഞ്ജിത്ത് ശങ്കർ അവതരിപ്പിച്ചു.

അരികുവത്കരിക്കപ്പെടുന്ന ഈ വിഭാഗത്തിൽ നിന്നുള്ളവർക്ക് ഏക ആശ്രയം വിദ്യാഭ്യാസമാണ്. മേരിക്കുട്ടിക്ക് പള്ളിയിൽ നിന്നും, സുഹൃത്തുക്കളിൽ നിന്നുമൊക്കെ സഹായവും, പിന്തുണയും ലഭിക്കുന്നുണ്ട്. എന്നാൽ ഇരട്ട ജീവിതത്തിലെ അദ്രുമാൻ നിസ്സഹായനാണ്. സാധാരണക്കാരനാണ്. ഉന്നത വിദ്യാഭ്യാസമില്ല. അത്തരത്തിൽ താഴെക്കിടയിൽ ജീവിക്കുന്ന ട്രാൻസെക്ഷ്വൽ വിഭാഗക്കാരുടെ അവസ്ഥയിലേക്കാണ് ഇരട്ട ജീവിതം വിരൽചൂണ്ടുന്നത്. എന്തെങ്കിലും ഒരു ജോലി ചെയ്ത് സ്വന്തം കാലിൽ നിൽക്കാ

നാണ് അദ്രുമാൻ ആഗ്രഹിക്കുന്നത്. അയാളുടെ കൂടെ നിൽക്കാൻ ആരുമില്ല. ട്രാൻസ് സമൂഹം ഒരു പ്രതിസന്ധി നേരിടുന്നുണ്ട്. അവയ്ക്കുള്ളിൽത്തന്നെ വീണ്ടും ചില പ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്. ജാതി, മതം, നിറം, സാമ്പത്തികശേഷി തുടങ്ങിയ ഘടകങ്ങൾ ഘഏആഠ കമ്മ്യൂണിറ്റിക്കുള്ളിലും പുറത്തും വിഭജനങ്ങൾക്ക് കാരണമാകുന്നുണ്ട്. രസക്കൂട്ടുകൾക്ക് അപ്പുറം നിസ്സഹായതയുടെ, അവഗണനയുടെ രൂക്ഷത 'ഇരട്ടജീവിത'ത്തിൽ കുറച്ചുകൂടെ ശക്തമാണ്. അതിജീവനമാണ് പ്രശ്നം. അത് മേരിക്കുട്ടിക്കും അദ്രുമാനും വ്യത്യസ്തമാണ്. വ്യത്യസ്ത സാഹചര്യങ്ങളും പശ്ചാത്തലവുമാണ് ഇരുവർക്കു മുന്നിലുമുള്ളത്. ട്രാൻസ്പ്രണയവും, ജീവിതവും, ലൈംഗികതയുമൊക്കെ ഇനിയുമിനിയും മലയാള സിനിമാലോകത്ത് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

### Notes:

*തായമ്മ നിർവ്വാൺ : പ്രാകൃതരീതിയിലുള്ള ലിംഗമാറ്റം നടത്തുന്ന രീതി. ലിംഗവൃഷണങ്ങൾ ഛേദിക്കുന്ന അനുഷ്ഠാനം. പാലിൽ തിളപ്പിച്ച കത്തിയെടുത്ത് ലിംഗച്ഛേദം നടത്തുന്നു. തായമ്മ നിർവ്വാണിൽ മരണപ്പെടാനുള്ള സാധ്യത അധികമാണ്.*

*ട്രാൻസ്ഫോബിയ : ട്രാൻസ്ജന്ററുകളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാതെ മുൻവിധികളോടുകൂടി അവരെ സമീപിക്കുമ്പോൾ ഉണ്ടാകുന്ന ഭയമാണ് ട്രാൻസ്ഫോബിയ. ജീവിതരീതികൾ, ലൈംഗിക പ്രക്രിയകൾ, ശാരീരിക ശുചിത്വം എന്നിവ സംബന്ധിച്ച മിഥ്യാധാരണകളാണ് ട്രാൻസ് ഫോബിയയുടെ അടിസ്ഥാനം.*

### Notes:


* *രശ്മി ജി., അനിൽകുമാർ കൊമ്പ് – ട്രാൻസ്ജന്റർ, ചരിത്രം, സംസ്ക്കാരം പ്രതിനിധാനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016 ജൂലൈ*
* *സത്യൻ എം., ലിംഗപദവിയും അധികാരവും – ദൃശ്യതാളം, വോള്യം–1, സെപ്തംബർ 15 – ഒക്ടോബർ 14*
* Michel Foucault, The history & sexuality, volume 1, Penguin Books. 2008 Ed.


□

# ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായരുടെ സാഹിത്യനിരൂപണം

പി.കെ. ജസീല*

## ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായരുടെ നിരൂപണ പ്രപഞ്ചം

ഇരുപതാംനൂറ്റാണ്ടിന്റെ മധ്യവർഷങ്ങളിൽ മലയാളസാഹിത്യത്തിലെ ആനുകാലികങ്ങളിൽ, വിശേഷിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഏറ്റവുമധികം പ്രത്യക്ഷപ്പെട്ടിരുന്ന പേരായിരുന്നു ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായരുടേത്. ജി.കെ.എൻ. ശാകല്യൻ, ഗോകുലനാരായണൻ, ശോഭന മുതലായ തൂലികാനാമങ്ങളിൽ അദ്ദേഹം എഴുതാറുണ്ടായിരുന്നു. ഗാന്ധിജിയുടെ അനുയായിയും സർവോദയപ്രസ്ഥാനത്തിന്റെ അനുഭാവിയുമായിരുന്ന ഗോവിന്ദൻകുട്ടിനായർ കവിത, നാടകം, ചെറുകഥ, ഭാഷാപഠനം, പഠനലേഖനം, ഗ്രന്ഥനിരൂപണം, അവതാരികകൾ എന്നിങ്ങനെ പല മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. തികഞ്ഞ ആസ്തികനും ശുഭാപ്തിവിശ്വാസിയും ഗാന്ധിയനുമായി ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ ഉപന്യാസകാരനും ആസ്വാദകനും നിരൂപകനുമെന്ന നിലയിലാണ് മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിയത്.

ഗോവിന്ദൻകുട്ടിനായരുടെ ഭാഷാസേവനത്തിന്റെ സിംഹഭാഗം വരുന്ന സാഹിത്യപഠനങ്ങളിൽ വളരെയൊന്നും സമാഹൃതമായിട്ടില്ല. അന്ന് പ്രചാരത്തിൽ ഉണ്ടായിരുന്ന പത്രമാസികകളിലും മറ്റുമായി അവ കിടക്കുന്നു. ഈ നിരൂപണ സംരംഭങ്ങളെ പ്രധാനമായി മൂന്ന് തരമായി തിരിക്കാം.

* *ഗവേഷക, മലയാള വിഭാഗം, ശ്രീ. കേരള വർമ്മകോളേജ്, തൃശ്ശൂർ*

1 - പഠന ലേഖനങ്ങൾ

2 - അവതാരികകൾ

3 - പുസ്താകാഭിപ്രായ പംക്തികളിലെ കുറിപ്പുകൾ

ഇവയിൽ ഒന്നാംവിഭാഗത്തിലെ ലേഖനങ്ങൾ പതിനൊന്ന് പുസ്തകങ്ങളിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. സുപ്രസിദ്ധ സംസ്കൃതപണ്ഡിതന്മാർ (1931),

കാവ്യാസ്വാദനം (1956), രൂപരേഖ (1956), സാഹിത്യസഞ്ചാരം (1957), വിശ്വകാന്തി (1957), ആധുനിക മലയാള സാഹിത്യം (1957), വിചാരദീപ്തി(1958), വിചാരധാര (1963), വിമർശനവും ആസ്വാദനവും (1966), നിശീഥിനി (1966), ഘണ്ടാപഥം (1968), എന്നിവയാണവ. ഇവയ്ക്ക്പുറമെ അക്കാലത്ത് പ്രസിദ്ധരായ എഴുത്തുകാരുടേതുമായി മുപ്പതോളംപുസ്തകങ്ങൾക്ക് പ്രൗഢമായ അവതാരികകളും ഇദ്ദേഹം എഴുതിയിട്ടുണ്ട്.

## സൈദ്ധാന്തിക നിരൂപണം

മലയാളത്തിലെ ആദ്യകാലനിരൂപകന്മാർ പലരും ഗ്രന്ഥനിരൂപണങ്ങളിലാണ് അധികം ശ്രദ്ധിച്ചത്. എന്നാൽ സാഹിത്യ നിരൂപണങ്ങളെ ഗൗരവപൂർവ്വം വീക്ഷിച്ച ഗോവിന്ദൻകുട്ടി നായർ സർഗാത്മകമായ സാഹിത്യകൃതികളെ വിലയിരുത്തുന്നതിനപ്പുറം പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യസിദ്ധാന്തങ്ങളുടെ അന്തസത്ത എന്തെന്ന് ആരായുന്നതിനും ശ്രമിച്ചിട്ടുണ്ട്. വിവിധ പ്രസ്ഥാനങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം രചിച്ച ലേഖനങ്ങൾ സാമാന്യമായ വായനക്കാർക്ക് സാഹിത്യത്തിന്റെ ഗതിവിഗതികളെക്കുറിച്ചുള്ള ധാരണ പകരാൻ പര്യാപ്തങ്ങളാണ്. 'സൗന്ദര്യബോധം', 'ക്ലാസിക്കൽ റിയലിസം', 'സിംബോളിസം', 'മിസ്റ്റിസിസം', 'സാഹിത്യവും മസോക്കിസവും', 'ഭാഷയിലെ അതിയാഥാതഥ്യ പ്രസ്ഥാനം', 'ഭാഷാസാഹിത്യത്തിന്റെ ഗതിവിഗതികൾ' എന്ന സമാഹാരവും ഈ അർത്ഥത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്. 'സാഹിത്യശിൽപം', 'പാത്രസൃഷ്ടി', 'ജീവിത ചിത്രീകരണം', 'സൗന്ദര്യബോധം' എന്നിങ്ങനെ സാങ്കേതിക പ്രധാനമായ ഘടകങ്ങളാണ് ഈ ലേഖനങ്ങളിൽ പരാമർശിക്കപ്പെടുന്നത്.

'ആനന്ദംകൊണ്ട് ഉദ്ദീപ്തമായ സൗന്ദര്യബോധം സർവ്വശക്തി കൈകൊള്ളുമ്പോൾ കല രൂപംകൊള്ളുന്നു' 1 എന്ന് സിദ്ധാന്തിക്കുകയും ഈ അളവ് കോൽവെച്ച് കലയെ ശുദ്ധകല, സാധാരണകല, ആദർശകല എന്നിങ്ങനെ തരംതിരിക്കുകയും ചെയ്യുന്നുണ്ട്. നാടോടിപ്പാട്ടുകൾ ഒന്നാമിനത്തിലും കാവ്യ നാടകാദികൾ രണ്ടാമിനത്തിലും ഇതിഹാസ പുരാണങ്ങൾ മൂന്നാം വകുപ്പിലുംപ്പെടും എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. കലാചരിത്രം ജീവചരിത്രം കൂടിയാകണം എന്ന കാഴ്ചപ്പാടിൽ നിൽക്കുന്ന അദ്ദേഹം മുപ്പതുകളിലെ മലയാളസാഹിത്യം നിത്യജീവിതത്തോട് ബന്ധമില്ലാത്തതായിരുന്നു എന്നുവിലയിരുത്തുന്നു. സ്വന്തം ആദർശങ്ങൾക്കനുസൃതമായ ജീവിതമാണ് അക്കാലത്ത് സാഹിത്യകൃതികളിലൂടെ കവികൾ അവതരിപ്പിക്കാൻ ശ്രമിച്ചു പോന്നത് എന്നുമഭിപ്രായപ്പെടുന്നുണ്ട്. 'മനുഷ്യവർഗം ഇനി ജീവിതവികാസത്തിന് സമുദായം, മതം എന്നിവയെ ഉപേക്ഷിച്ച് രാഷ്ട്രീയത്തെയാണ് സമാശ്രയിപ്പാൻ പോകുന്നതെന്ന് അദ്ദേഹം നേരത്തെ കണ്ടിരുന്നു.

പരിതസ്ഥിതികളെ സമാശ്രയിച്ചാണ് സാഹിത്യം മുന്നോട്ട് പോവുക എന്ന നിഗമനം സാധൂകരിക്കാൻ ജനത സാമൂഹ്യനിയന്ത്രണത്തിലേക്ക് മാറിയതിന്റെ സൂചനയാണ് പുരാണങ്ങൾ തരുന്നത്' 2 എന്ന് ചൂണ്ടിക്കാട്ടുന്നു. 'ആർദ്രതയും ആത്മവിസ്മൃതിയും അധികമാക്കാൻ പുരാണ കർത്താക്കൾ ശ്രമിച്ചതിന് കാരണം അവ ദൈവത്തിലേക്കുള്ള ഘണ്ടാപഥങ്ങൾ ആയതിനാലാണ് എന്ന് ഗോവിന്ദൻകുട്ടിനായർ വിശ്വസിക്കുന്നു'3. സാഹിത്യത്തിൽ പുരോഗമനം തുടരും എന്ന് വിശ്വസിച്ച അദ്ദേഹം ശാസ്ത്രം രാഷ്ട്രീയത്തെ പുറന്തള്ളി സാഹിത്യത്തിലേക്ക് കടന്നുവരുന്നു എന്ന് ദീർഘദർശനം ചെയ്തിട്ടുണ്ട്.

## മൂല്യവാദ നിരൂപണം

ഗ്രന്ഥാലോകത്തിൽ വന്ന 'നിരൂപണം' എന്ന ലേഖനത്തിൽ 'നിരൂപണം മനുഷ്യന്റെ ബുദ്ധിപരമായ വികാസത്തിന്റേയും ആസ്വാദനതൃഷ്ണയുടേയും സന്താനമാണ് എന്നും രസഹാനിക്ക് നിദാനമായ വസ്തുതകളെ അപഗ്രഥിച്ച് കാണിക്കുകയാണ് നിരൂപണം ചെയ്യുന്നത്, ഇത്തരം നിരൂപണങ്ങൾക്ക് ശാസ്ത്രത്തോടാണ് അധികം ചായ്വ്, നിരൂപണം കലയാകുമ്പോഴാകട്ടെ നിരൂപഹൃദയത്തിൽ കവിതയോ കഥയോ ഉണ്ടാക്കിയ പ്രതികരണത്തിന്റെ സത്യസന്ധമായ ആവിഷ്കാരമായിത്തീരുന്നു'4 എന്നും പറയുമ്പോൾ ഗോവിന്ദൻകുട്ടിനായർ നിരൂപണത്തിന്റെ വൈവിധ്യവും മർമ്മവും തൊട്ടറിയുകയാണ്. നിരൂപണം ഒരേ അവസരത്തിൽത്തന്നെ കലയും ശാസ്ത്രവുമാകുന്നു എന്നുകൂടി അദ്ദേഹം തറപ്പിച്ചു പറയുന്നുണ്ട്. 'കാൽപനികകാലഘട്ടത്തിൽ കാവ്യകല മുമ്പിലും നിരൂപണശാഖ പിന്നിലുമായിട്ടാണ് യാത്ര തുടർന്നതെന്നും ഇതിന്റെ കാരണം ആശാൻ, വള്ളത്തോൾ തുടങ്ങിയ കലാകാരന്മാർക്ക് എതിർനിൽക്കാവുന്ന വ്യക്തിത്വമുള്ള നിരൂപകന്മാർ ഉണ്ടാകാതിരിക്കുന്നതാണെന്നും പ്രസ്താവിക്കുമ്പോൾ നിരൂപകൻ കവിയെ നിയന്ത്രിക്കേണ്ടവനാണ് എന്ന തന്റെ ധാരണ വ്യക്തമാക്കുകയാണ് അദ്ദേഹം ചെയ്യുന്നത്.'5

സർഗ്ഗാത്മക സാഹിത്യകൃതികളെപ്പോലെ കലാമൂല്യമല്ല മറിച്ച് വ്യാകരണകൃതികളെപ്പോലെ ശാസ്ത്രീയാധിഷ്ഠിത മൂല്യബോധമാണ് നിരൂപണത്തെ നയിക്കേണ്ടത് എന്ന്അദ്ദേഹം വിശ്വസിച്ചുപോന്നു. നിരൂപണം ഒരു സർഗാത്മകരചനയാണെന്ന് അദ്ദേഹം വാദിക്കുന്നില്ല. 'കലയുടെ കടിഞ്ഞാൺ നിരൂപകന്റെ കയ്യിലാണ്' 6 എന്ന് സഞ്ജയൻ സമർത്ഥിച്ചു എന്ന് ഉള്ളാട്ടിൽ പറയുന്നു. കലയെക്കാളേറെ ജീവിതത്തേയും അതിന്റെ വിജയത്തിന്റെ ബീജം, ആസ്വാദനത്തിൽ മുഴുകി അന്തംവിട്ടുപോയ ആസ്വാദകനെ ആലോചനശീലനാക്കി അദ്ദേഹം, എന്നിങ്ങനെ ആവർത്തിക്കുമ്പോൾ മൂല്യവാദനിരൂപണം (Moral Criticism) എന്ന് പിൽക്കാലത്ത് വിളികൊണ്ട നിരൂപണപദ്ധതിയോടാണ് അദ്ദേഹം താൽപര്യം പുലർത്തിപോന്നത് എന്ന് വ്യക്തമാവുന്നു. സ്വതന്ത്രനിരൂപണലേഖനങ്ങളും അവതാരികകളും ഏതാണ്ട് ആയിരത്തോളം വരുന്ന അദ്ദേഹത്തിന്റെ പുസ്തകാഭിപ്രായക്കുറിപ്പുകളും ഈ വിശ്വാസത്തിന്റെ ബലവത്തായ തെളിവുകളായി നിൽക്കുന്നു.

## ഗ്രന്ഥനിരൂപകൻ

ഗോവിന്ദൻകുട്ടിനായരുടെ ലേഖനസമാഹാരങ്ങളോളം തന്നെ പ്രാധാന്യം അർഹിക്കുന്നവയും, എണ്ണംകൊണ്ട് അവയെ അതിശയിപ്പിക്കുന്നതുമായ ഗ്രന്ഥനിരൂപണങ്ങൾ

ഏതാണ്ട് മുഴുവനും പത്രമാസികകളിൽത്തന്നെ കിടക്കുന്നു. മലയാള ഭാഷയിൽ പത്ര സാഹിത്യനിരൂപണ (news paper criticism) രംഗത്തെ ആദ്യകാല പ്രവർത്തകരിൽ ആദരണീയനാണ് ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ. തന്റെ കയ്യിലെത്തുന്ന സാഹിത്യ കൃതി ശ്രദ്ധയോടെ വായിക്കുകയും സത്യസന്ധമായി വിലയിരുത്തുകയും ചെയ്തു പോന്നു അദ്ദേഹം. വിലിയിരുത്തുന്ന ഗ്രന്ഥത്തെയല്ലാതെ ഉള്ളാട്ടിൽ ഗ്രന്ഥകാരനെ വിമർശനവിധേയമാക്കിയതേയില്ല. ടി.എം. ചുമ്മാർ ഉള്ളാട്ടിലിന്റെ നിരൂപണസവിശേഷ തയെ താഴെ പറയുംപ്രകാരം വ്യക്തമാക്കുന്നു.

'നിരൂപണം ചെയ്യുന്ന കൃതിയെപ്പറ്റിയല്ലാതെ ആകൃതിയുടെ ഉടമസ്ഥന്റെ ജാതിമത വർഗവാദികളെ പറ്റിയുള്ള ചിന്ത ഗോവിന്ദൻകുട്ടിനായരിൽ കാണുകയില്ല. നമ്മുടെ പല നിരൂപകരിലും വളരെ കുറവായിക്കാണുന്ന വിശിഷ്ടഗുണമാണിത്. താൻ ഒരു വിമർശ കനാണെന്നുള്ള അഹന്തയോടുകൂടി എന്തും പറഞ്ഞു കളയാമെന്നുള്ള ധാർഷ്ട്യവും ഈ നിരൂപകനെ സ്പർശിച്ചട്ടില്ല. ആളുനോക്കിയും കോളുലാക്കാക്കിയും നിരൂപണം ചെയ്യുവാൻ അദ്ദേഹം പഠിച്ചിട്ടില്ല.'7

എഴുത്തുകാരെ നിർലോഭം പ്രോത്സാഹിപ്പിക്കുംവിധമായിരുന്നു ഗോവിന്ദൻകുട്ടിനായ രുടെ ഗ്രന്ഥവിമർശനങ്ങൾ ഏറെയും. വിശ്വംഭരന്റെ കൃതിയെ വിമർശിച്ചത് ആ രീതിക്ക് തെളിവാണ്.

'സാഹിത്യകൃതികളുടെ അവസാനവിധികർത്താക്കളാരാണ്? സഹൃദയ'രായ ആസ്വാ ദകരോ വിശകലനപടുക്കളായ വിമർശകരോ? സാഹിത്യം സൗന്ദര്യപ്രധാനമാണ് എന്ന വാദഗതി ശരിതന്നെ. എന്നാൽ അത്രത്തോളം തന്നെ അത് ജീവിതഗന്ധിയാണെന്ന വാസ്തവവും വിസ്മരിച്ചു കൂടാ ... ജീവിതമെന്നത് ചലനാത്മകമാണ്. ഈ ചലനം പുതിയ രുചിവിശേഷങ്ങളെയും മൂല്യബോധത്തെയും ഉണ്ടാക്കുന്നു. ഇതനുസരിച്ച് സൗന്ദര്യ ബോധത്തിലും ജീവിതവീക്ഷണത്തിലും മാറ്റമുണ്ടാകാതിരിക്കാൻ വയ്യ ... ഈ നിലയിൽ അതതുകാലത്തെ ആസ്വാദകരാണ് കൃതികളുടെ ശരിയായ വിധികർത്താക്കളെ ന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.'8 ഈ രീതിയിൽ പോകുന്നു ഉള്ളാട്ടിലിന്റെ വാക്കുകൾ.

**സമചിത്തതയാർന്ന വിമർശനം**

ലളിതമായ രീതയിൽ വിമർശനം നടത്താനും വിമർശനത്തിൽ ശാന്തത കൈവരി ക്കാനും ഉള്ളാട്ടിലിന് കഴിഞ്ഞു. 'നിരൂപണത്തിനിടെ മദപ്പാടിളകുന്ന ചില വിമർശക രുണ്ട് എന്നാൽ അവരിൽ നിന്നും തികച്ചും വ്യത്യസ്തനായ ഉള്ളാട്ടിൽ വിവാദങ്ങളെ ഇഷ്ടപ്പെട്ടില്ല. സമചിത്തതയും നിഷ്പക്ഷതയും അദ്ദേഹത്തിന്റെ നിരൂപണങ്ങളുടെ മുഖ്യ ധർമ്മങ്ങളാണ്. ദോഷപ്രഖ്യാപനം ഉണ്ടാകുമെങ്കിലും അതു സംസ്കാരത്തിന്റേതായ ഒരു നിലവാരത്തിലെ നാം കാണുകയുള്ളു'9 എന്ന് ടി.എം ചുമ്മാർ പറയുന്നു.

എം. ആർ നാരായണ പിള്ളയുടെ 'അന്തപുരത്തിലെ സന്യാസി' എന്ന കഥയേയും കെ.വി. എം.ന്റെ ഗ്രന്ഥനിരൂപണമായ 'ത്രിവേണി'യേയും വിലയിരുത്തുന്നതിലൂടെ സമചിത്തനായ നിരൂപകനെ കാണാം.

'ഒരേ കാവ്യത്തെപ്പറ്റി രണ്ടു നിരൂപകർ' വ്യത്യസ്താഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ അതുസ്വാഭാവികം മാത്രമാകുന്നു. കാരണം, നിരൂപകന്മാരുടെ വ്യക്തിഗതമായ ഇഷ്ടാനിഷ്ടങ്ങളറിയാതെ തന്റെ കാഴ്ചപ്പാടുകളിൽ സ്വാധീനം ചെലുത്തിക്കൂടായ്കയില്ല'10. എന്ന് കെ.വി.എം.ന്റെ 'ത്രിവേണി' എന്ന ഗ്രന്ഥനിരൂപണത്തെ ഉള്ളാട്ടിൽ വിലയിരുത്തുന്നു.

## സൗന്ദര്യാത്മക നിരൂപകൻ

സാഹിത്യത്തിന്റെ സൗന്ദര്യാത്മകമായ അംശത്തിൽ നിഷ്കർഷയുള്ള നിരൂപകനാണ് ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ. ലാവണ്യാംശത്തിന് ഭംഗം തട്ടാത്തതും മനഃസംസ്കരണം സാധിക്കുവാൻ പര്യാപത്മവുമായ സാഹിത്യത്തെ അദ്ദേഹം ഉത്കൃഷ്ട സാഹിത്യമായി കണക്കാക്കി. എന്നാൽ വിഷയം മനുഷ്യരുടെ ജീവിതവ്യാപാരങ്ങളെ പ്രചോദനം ചെയ്യുന്ന മാനസികവൃത്തികളായിരിക്കുകയും വേണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.

ഒരു കലാസൃഷ്ടിയുടെ ഘടകങ്ങൾ തൽ കർത്താവിന്റെ സൗന്ദര്യബോധവും ധർമ്മബോധവും ആണെന്ന് തിരിച്ചറിഞ്ഞ ഉള്ളാട്ടിൽ സൗന്ദര്യം വസ്തു നിഷ്ഠമെന്നതിനേക്കാൾ ആത്മനിഷ്ഠമാണ് എന്ന് പറയുന്നു. സത്യവും സൗന്ദര്യവും ഒന്നുതന്നെ എന്നും ഗാന്ധിജിയുടേയും ടാഗോറിന്റേയും ആശയം ഒന്നു തന്നെ എന്നും ഉള്ളാട്ടിൽ വ്യക്തമാക്കുന്നു.

അപ്പൻ തച്ചേർത്തിന്റെ 'പൂപ്പാലിക' എന്ന കവിതയ്ക്ക് അവതാരിക എഴുതിയ ഉള്ളാട്ടിൽ കവിയുടെ പ്രകൃതി വർണ്ണനയെ പ്രശംസിക്കുന്നുണ്ട്. കാട്ടൂർ പി.കെ. നമ്പ്യാരുടെ 'പ്രസന്ന പൂജ' എന്ന കവിതാസമാഹാരത്തിന് എഴുതിയ അവതാരികയിൽ ഉള്ളാട്ടിൽ പറയുന്നത് 'സൂക്ഷ്മമായ മനുഷ്യപ്രകൃതിയെന്ന പോലെ നവ്യമായ ബാഹ്യപ്രകൃതികളിലും കാണാം. സങ്കൽപ്പനത്തിന് കവിതയിലുള്ള സ്ഥാനത്തെപ്പറ്റി കാട്ടൂർ ബോധവാനാണ്'11 എന്നാണ്.

## ശൈലി

പട്ടാമ്പിയിൽ ജനിച്ച ശങ്കുണ്ണി നായരുടെ ശിഷ്യനാണ് ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ സംസ്കൃത സാഹിത്യപഠനം നടത്തിയ ഗോവിന്ദൻകുട്ടി നായരുടെ ഭാഷാശൈലി ലളിതമായിരുന്നു. സാധാരണക്കാരായ വായനക്കാർക്ക് വേണ്ടിയാണ് താൻ സാഹിത്യസേവനം നത്തുന്നത് എന്ന വിശ്വാസം ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർക്കുണ്ടായിരുന്നു.

വിഷയത്തെ സംബന്ധിച്ചു നിയതമായ അവബോധവും സ്വന്തമായ ദർശനവും ഉണ്ടെങ്കിൽമാത്രമേ ഉള്ളാട്ടിൽ എഴുതാനൊരുങ്ങുകയുള്ളൂ. ആശയവ്യക്തത ഭാഷയിലും പ്രകടമാണ്. എന്നാലും തന്റെ രചനയെപ്പറ്റി അമിതമായ അഭിമാനമോ അപ്രമാദിത്വമോ ഉള്ളാട്ടിൽ പുലർത്തിയിരുന്നില്ല. വ്യക്തി ജീവിതത്തിലെന്ന പോലെ വിനയാന്വിതമാണ് അദ്ദേഹത്തിന്റെ രചനാരീതിയും.

## പുരോഗമനസാഹിത്യത്തിന് നേരെ

ജി.ശങ്കരക്കുറുപ്പ്, പി.കുഞ്ഞിരാമൻനായർ വൈലോപ്പിള്ളി ശ്രീധരമേനോൻ ഇവരുടെ കാവ്യലോകം വിമർശനവിധേയമാക്കാനും ഗോവിന്ദൻകുട്ടിനായർ ശ്രദ്ധിച്ചിരുന്നു. അതിന് തെളിവാണ് 'അന്തർദാഹം', 'ഭദ്രദീപം', 'കന്നിക്കൊയ്ത്ത്' എന്നീ കൃതികളെ

സംബന്ധിക്കുന്ന പഠനങ്ങൾ. ശങ്കരക്കുറുപ്പിന്റെ ദാർശനിക വ്യഥയ്ക്ക് ആശാന്റെ ചിന്തകളോട് ബന്ധമുണ്ടെന്നും ഇത് പരമാത്മാവിനെ പ്രാപിക്കാൻ വെമ്പുന്ന ജീവിതാത്മാവിന്റെ വ്യഥയാണ് എന്നും ഗോവിന്ദൻകുട്ടിനായർ കണ്ടെത്തുന്നു. ഗീതം, ഗീതകം തുടങ്ങിയ കാവ്യരൂപങ്ങൾക്ക് അസാധാരണമായ വികാരവാഹനശേഷിയുണ്ടെന്ന് ഗോവിന്ദൻകുട്ടി നായർ തിരിച്ചറിയുന്നുണ്ട്.

'കാലോചിതമായ കൃത്യാകൃത്യങ്ങളെ ഉൽബോധിപ്പിച്ച് ജനതയെ പുരോഗമനത്തിനു പ്രേരിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം'12 എന്ന് മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ ലേഖനത്തിൽ (1937) ജീവത്സാഹിത്യ സംഘത്തിന്റെ സാഹിത്യ തത്വത്തെ ഉള്ളാട്ടിൽ വിശദീകരിക്കുന്നുണ്ട്.

## പൂർവ്വസൂരികളേയും പാരമ്പര്യത്തെയും കുറിച്ച്

അതീതകാലസാഹിത്യ രൂപങ്ങളെ ലക്ഷ്യബോധത്തോടും അവധാനതയോടും പരിശോധിച്ച്പോന്നിട്ടുണ്ട് ഗോവിന്ദൻകുട്ടിനായർ. 'മണിപ്രവാള സംസ്ക്കാരം' (1957), 'കുഞ്ചൻനമ്പ്യാരുടെ ഉൽപതിഷ്ണുത്വം' (1958) 'നൈഷധനിരൂപണം', 'ജ്ഞാനപ്പാന (1966) എന്നീ ലേഖനങ്ങൾ ഇതിന് തെളിവായി നിൽക്കുന്നു.

മണിപ്രവാളകവിതയുടെ ആത്മാവന്വേഷിച്ച്ചെല്ലുന്ന ഗോവിന്ദൻകുട്ടിനായർ ആനന്ദത്തിൽ കവിഞ്ഞ് മണിപ്രവാള കവികൾക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നില്ലെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. ഈ ആനന്ദപാതയുടെ പിന്മുറക്കാരായി വള്ളത്തോൾ, ചങ്ങമ്പുഴ എന്നിവരെ വിലയിരുത്താനും അദ്ദേഹം ശ്രമിക്കുന്നു. ആനന്ദസങ്കൽപത്തെ അകത്തു നിർത്തിക്കൊണ്ട്തന്നെ സാമൂഹ്യോന്നതിക്ക് മണിപ്രവാളകവിതയുടെ ശിൽപസൗകുമാര്യത്തെ എടുത്തുപയോഗിച്ചു വള്ളത്തോൾ എന്നതാണ് ഒരു വിലയിരുത്തൽ. ചങ്ങമ്പുഴ വള്ളത്തോളിന്റെ ഉദ്ദേശ്യപ്രാധാന്യത്തെ തള്ളുകയും പഴയ മണിപ്രവാളകവികളുടെ കേവലാനന്ദസങ്കൽപത്തെ കൊള്ളുകയുംചെയ്തു എന്ന് അദ്ദേഹം തിരിച്ചറിയുന്നുണ്ട്. ചങ്ങമ്പുഴ ജീവിക്കുന്നുവെങ്കിൽ ഭാവിയിൽ ജീവിക്കുമെങ്കിൽ അത് അദ്ദേഹത്തിന്റെ പുരോഗമനകൃതികളിലൂടെയായിരിക്കുകയില്ല എന്നു കൂട്ടിച്ചേർക്കുന്നുണ്ടദ്ദേഹം.

## കവിത്രയ പഠനങ്ങൾ

വള്ളത്തോൾകവിതയുടെ മർമ്മം കണ്ടറിയാൻ ഗോവിന്ദൻകുട്ടിനായർ നടത്തുന്ന പരിശ്രമത്തിന്റെ ഫലങ്ങളായി രണ്ടു ലേഖനങ്ങൾ 'കാവ്യാസ്വാദന'മെന്ന സമാഹാരത്തിലുണ്ട്. 'കവിത പുതിയതോ പഴയതോ എന്നല്ല അതിലൂടെ ആവിഷ്കരിക്കപ്പെടുന്ന ജീവിതം തണുത്തതോ ചൂടുള്ളതോ എന്നതാണ് കാവ്യാസ്വാദനത്തിലെ പ്രധാനംപ്രശ്നം. ആർഷകൽപിതങ്ങളായ കഥാപാത്രങ്ങളെ പുനരാവിഷ്കരിക്കുക അത്ര എളുപ്പമുള്ള പണിയല്ല എന്ന് പ്രഖ്യാപിക്കുമ്പോഴും'13

വള്ളത്തോൾ കവിതയിലെ പാത്രസൃഷ്ടിയിലെ പൂർണ്ണതയും വികാരസാമർത്ഥ്യവും അദ്ദേഹം കണ്ടറിയുന്നു. കാൽപനിക കവിതയുടെ ഭിന്നമുഖങ്ങളാണ് മലയാളകവിതയിൽ വള്ളത്തോളും ആശാനും പ്രകടമാക്കിയത്. ഇവരെ താരതമ്യം ചെയ്താണ് 'നളിനിയും രാധയും' എന്ന പ്രബന്ധത്തിൽ.

നാളിതുവരെയുള്ള മലയാളത്തിലെ സ്വതന്ത്ര സ്ത്രീകഥാപാത്രങ്ങളിൽ നമ്മുടെ ആദർശത്തെ കവിഞ്ഞ് ആരാധനയെ അർഹിക്കുന്ന, ജീവിതത്തിന്റെ വെളിച്ചം കാണിക്കുന്ന രണ്ടേ രണ്ട് വ്യക്തികൾ ആശാന്റെ 'നളിനിയും' വള്ളത്തോളിന്റെ രാധയുമാണ് എന്ന് ഗോവിന്ദൻകുട്ടി നായർ സംശയലേശമില്ലാതെ പ്രസ്ഥാവിക്കുന്നു 14. അവരിൽ ആർഷ പാരമ്പര്യത്തിന്റെ സ്പന്ദവും സ്ത്രീത്വത്തിന്റെ പൂജിക്കത്തക്ക സൗന്ദര്യവും കാണുന്നു എന്നതാണ് ഈ പ്രസ്താവത്തെ ന്യായീകരിക്കാനായി വച്ച വാക്യം. 'പ്രേമത്തിന്റെ ഭോഗവശം പോലെ ത്യാഗവശവും സുന്ദരമാണ്' എന്ന കൊച്ചു വാക്യം ആശാൻകവിതയുടെ മർമ്മം കണ്ടറിഞ്ഞെന്നാണെന്നതിൽ സംശയമില്ല.

## അവതാരികകൾ

ഏതാണ്ട് മുപ്പതോളംവരും ഗോവിന്ദൻകുട്ടിനായരുടെ അവതാരികകൾ. സർഗാത്മക സാഹിത്യത്തിന്റെ കാവൽക്കാരനായി നിൽക്കുന്ന നിരൂപകനായാണ് ഈ അവതാരികകളിൽ കാണാൻ കഴിയുക. ഉത്തമ സാഹിത്യകൃതികളോടുള്ള സമ്പർക്കാധിക്യവും ഉത്കൃഷ്ട കൃതികളുടെ മർമ്മങ്ങൾ കണ്ടെത്തി അനുവാചക സമക്ഷം അവതരിപ്പിക്കുന്നതിലെ പ്രാഗത്ഭ്യവും ഈ അവതാരികകളിലൂടെ ഗോവിന്ദൻ കുട്ടിനായർ വെളിപ്പെടുത്തുന്നു. സുകുമാർ അഴീക്കോടിന്റെ 'ആശാന്റെ സീതാകാവ്യം' അവതരിപ്പിച്ചുകൊണ്ട് ഗോവിന്ദൻകുട്ടിനായർ ആഴവും പരപ്പുമേറിയ ഒരു പഠനം തന്നെ തയ്യാറാക്കിയിട്ടുണ്ട്. സാംസ്ക്കാരികലോപം കൂടാതെ ആർഷ കഥാപാത്രത്തെ പുനഃപ്രകാശനം ചെയ്യുക എന്നത് എളുപ്പമുള്ള പണിയല്ല എന്ന് ഗോവിന്ദൻ കുട്ടിനായർ വിശ്വസിച്ചു. ചിന്താവിഷ്ടയായ സീതയെ ഉന്മൂലനം ചെയ്തു കാണിക്കുന്ന ഒരു ഉൽകൃഷ്ട നിബന്ധമാകുന്നു ഈ വിമർശനഗ്രന്ഥം. കവിയുടെ അന്തർമണ്ഡലത്തിലേക്ക് ആകാവുന്നിടത്തോളം ആഴത്തിൽ ഇറങ്ങിച്ചെല്ലുകയും അങ്ങനെ കാവ്യത്തിന്റെ ശിൽപപരമായ ഔൽകൃഷ്ട്യത്തിന് നിയാമകമായ വസ്തുതകളിലേക്ക് വേണ്ടത്ര വെളിച്ചം ചിതറുകയുമതെ അദ്ദേഹം ചെയ്തിരിക്കുന്നത് 15. നമ്മുടെ സാഹിത്യത്തിനും സംസ്കാരത്തിനും വിശ്വാസമായ ഒരു വാഗ്ദാനമാണ് മി.അഴീക്കോട്. എന്നിങ്ങനെ ദശാബ്ദങ്ങൾക്ക് മുമ്പുതന്നെ ഈ അവതാരികാലേഖനത്തിൽ വിലയിരുത്തിയിട്ടുണ്ട്. സാധാരണ നിരൂപകന്മാർ അവലംബിച്ചുപോന്ന വസ്തുനിഷ്ഠ രീതിയല്ല അഴീക്കോട് സീതാവിമർശനത്തിൽ അവലംബിച്ചിരിക്കുന്നതെന്നും തന്റെ മനഃശാസ്ത്രാഭിമുഖ്യം ആവോളം എടുത്തുപയോഗിച്ചിട്ടുണ്ടെന്നു കൂടി ഗോവിന്ദൻകുട്ടിനായർ വ്യക്തമാക്കുന്നുണ്ട്.

## കരുത്തും പരിമിതിയും

എണ്ണം കൊണ്ട് കാണുന്ന ഈ ധാരാളിത്തത്തിന്റെ ബലം തന്നെയാണ് ഗോവിന്ദൻകുട്ടിനായരുടെ സാഹിത്യസപര്യയുടെ ബലഹീനതയും. ഇക്കാര്യം അദ്ദേഹത്തിന്റെ 'ആധുനിക മലയാള സാഹിത്യം' വിമർശന വധേയമാക്കുമ്പോൾ മാതൃഭൂമി വാരികയിലെ ലേഖനത്തിൽ എം.ആർ ചന്ദ്രശേഖരൻ വെട്ടിത്തുറന്ന് പറയുന്നുണ്ട്.

'പരീക്ഷയ്ക്കെഴുതുന്ന അടിയുറപ്പില്ലാത്ത നിരൂപണ പ്രബന്ധങ്ങളോട് ഈ ലേഖനങ്ങൾ സാദൃശ്യം വഹിക്കുന്നു. ഇതിന് കാരണം പലതുണ്ട് ആധുനിക ഭാഷാ

സാഹിത്യത്തെപ്പറ്റി പണ്ഡിതോചിതമായ ഒരു കൃതി രചിക്കുക എന്ന ഉദ്ദേശമല്ല ഈ കൃതി. പലപ്പോഴായി എഴുതിയ നിരൂപണ ലേഖനങ്ങളാണിവ.... ഒരേ വിഷയം തന്നെ പല രൂപത്തിൽ ഒന്നിലധികം ലേഖനങ്ങളിൽ വന്നുപെടും.... ശ്രീ ഗോവിന്ദൻകുട്ടിനായരെപ്പോലുള്ള എഴുത്തുകാർ പത്രലേഖനസാഹിത്യ സേവനത്തിന്റെ മണ്ഡലത്തിൽ നിന്നകന്ന് നിന്ന് പരിശ്രമിച്ചെങ്കിൽ എന്ന് പ്രാർത്ഥിക്കാൻ തോന്നിപ്പോകുന്നു'.16

## നിഗമനങ്ങൾ

ഗോവിന്ദൻകുട്ടിനായരെ നയിച്ച രാഷ്ട്രീയ സാമൂഹികാവബോധം ഗാന്ധിയൻ ആദർശങ്ങളിൽ അധിഷ്ഠിതമാണ്. മാർക്സിയൻ ഭൗതികവാദത്തോട് പൊരുത്തപ്പെടാൻ ഗോവിന്ദൻകുട്ടിനായർക്ക് കഴിഞ്ഞിരുന്നില്ല. ഭൗതികവാദം ജനങ്ങളിൽ സ്പർദ്ധ വളർത്തുമെന്നതിനാൽ അതിലധിഷ്ഠിതമായി നിന്ന പുരോഗമനസാഹിത്യപ്രസ്ഥാനത്തെ അദ്ദേഹം എതിർത്തുപോന്നു. ആർഷസംസ്ക്കാരത്തോട് പ്രകടമായ ചായ്‌വ് അദ്ദേഹം പുലർത്തിയിരുന്നു. താൻ കൈകാര്യം ചെയ്യുന്ന വിഷയം സരളമായി അവതരിപ്പിക്കാനും സമർത്ഥിച്ച് സ്ഥാപിക്കാനും ഗോവിന്ദൻകുട്ടിനായർക്ക് കഴിഞ്ഞിട്ടുണ്ട്. സാധാരണ കവികളുടേയും ആസ്വാദകരുടേയും വക്താവായിരുന്നു അദ്ദേഹം. തന്റെ ബഹുഭാഷാപാണ്ഡിത്യവും വിജ്ഞാനവൈപുല്യവും മൂന്നാകിട വായനക്കാരുടെ അഭിരുചിയെ വിസ്മരിക്കാൻ മതിയായ കാരണമായി അദ്ദേഹം കണ്ടിരുന്നില്ല. വിവാദങ്ങളെ ഇഷ്ടപ്പെടാത്ത അദ്ദേഹം സമചിത്തതയോടെ നിരൂപണം നിർവ്വഹിച്ചു. ഭാവിതലമുറയ്ക്ക് ഗവേഷത്തിനുതകുന്ന അനേകം ഭാഷാചരിത്രസാഹിത്യ പ്രശ്നങ്ങൾ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.ആനുകാലികങ്ങളിലെ നിരൂപണ ലേഖനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക വഴി ഒരു തലമുറയുടെ വായനാഭിമുഖ്യത്തെ പരിപുഷ്ടമാക്കാൻ അദ്ദേഹത്തിനുകഴിഞ്ഞു. പ്രൗഢനിരൂപണ സിദ്ധാന്തങ്ങളിൽ അദ്ദേഹം താൽപര്യം കാണിച്ചില്ല. സാമാന്യ ജനതയ്ക്ക് പാകമായ ലഘു ഉപന്യാസങ്ങളിലാണ് അദ്ദേഹം ശ്രദ്ധവെച്ചത്.ഇതര വിജ്ഞാനശാഖകളിൽ തനിക്കുള്ള അറിവിന്റെ വെളിച്ചത്തിൽ കലാസാഹിത്യ നിരൂപണങ്ങളെ വ്യഖ്യാനിച്ചുപോന്ന കേസരി. എ. ബാലകൃഷ്ണപ്പിള്ളയുടെ നിരൂപണസമ്പ്രദായം അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്.കവിത്രയത്തിൽ കുമാരനാശാനോട് പ്രത്യേക പ്രതിപത്തി അദ്ദേഹം വെച്ചുപുലർത്തി. ഇതിലൂടെ പക്ഷപാദ നിരൂപകനെക്കാണാം.

## കുറിപ്പുകൾ

1. *ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. 1957, ആധുനിക മലയാള സാഹിത്യം, പുറം 13, മംഗളോദയം, തൃശ്ശൂർ.*
2. *അതിൽ തന്നെ പുറം 24*
3. *അതിൽ തന്നെ പുറം 27*
4. *ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. 1965, നിരൂപണം, ഗ്രന്ഥാലോകം, പുറം 17, ലക്കം 6.*
5. *ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. 1950, നിരൂപണപ്രസ്ഥാനം, മാതൃഭൂമി ആഴ്ചപ്പതിപ്പ്. പുറം 28, ലക്കം 1.*

6. അതിൽ തന്നെ പുറം 19
7. ചുമ്മാർ.ടി.എം. 1964, ഭാഷാഗദ്യസാഹിത്യചരിത്രം, പുറം 223, സ്വന്തം പ്രസാധകൻ, കോട്ടയം.
8. അതിൽ തന്നെ പുറം 223
9. ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. ഒരു നൂറ് നാടൻ പാട്ടുകൾ (ഗ്രന്ഥ നിരൂപണം)
10. ചുമ്മാർ.ടി.എം. 1964, ഭാഷാഗദ്യസാഹിത്യചരിത്രം, പുറം 367, സ്വന്തം പ്രസാധകൻ, കോട്ടയം.
11. ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. 1963, ത്രിവേണി (ഗ്രന്ഥനിരൂപണം) ഗ്രന്ഥാലോകം പുറം 17, ലക്കം 6, തിരുവനന്തപുരം.
12. ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. 1960, പ്രസന്നപൂജ (കവിത), അവതാരിക.
13. ചന്ദ്രശേഖരൻ എം.ആർ. 1999, പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം, പുറം 63.
14. ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. 1956, കാവ്യാസ്വാദനം, പുറം 6, പി.കെ ബ്രദേഴ്സ് കോഴിക്കോട്.
15. അതിൽ തന്നെ പുറം 71
16. ചന്ദ്രശേഖരൻ എം.ആർ. 1959, ആധുനികമലയാള സാഹിത്യവിമർശനം (ഗ്രന്ഥ നിരൂപണം) മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം 44, ലക്കം 6.

## ഗ്രന്ഥസൂചി


1. അച്യുതൻ.എം. 1962, പാശ്ചാത്യ സാഹിത്യദർശനം, ഡി.സി ബുക്സ്, കോട്ടയം.
2. ഉണിത്തിരി. എൻ.വി.പി. 2013, ചിന്താലോകത്തെ ഒറ്റയാൻ, ഗ്രന്ഥാലോകം, വാല്യം 63, ലക്കം 9, തിരുവനന്തപുരം.
3. ഉണിത്തിരി എൻ.വി.പി. 1989, ഭാരതീയ ദർശനത്തിന്റെ അറിയപ്പെടാത്ത മുഖം, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ.
4. ഉറുമീസ് തരകൻ, പാറയിൽ. 1980, ഉറുമീസ് തരകന്റെ ഉപന്യാസങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
5. കൃഷ്ണപ്പിള്ള.എൻ. 1958, കൈരളിയുടെ കഥ, ഡി.സി ബുക്സ്, കോട്ടയം
6. കൂംബ്സ്. എച്ച്. 1976, ലിട്രേച്ചർ ഏന്റ് ക്രിട്ടിസിസം, പെൻഗിൻ ബുക്സ്, ഇംഗ്ലണ്ട്
7. ചന്ദ്രശേഖരൻ.എം.ആർ. 1999, പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം, ഒലീവ് പബ്ലിക്കേഷൻ.
8. ചുമ്മാർ.ടി.എം. 1964, ഭാഷാഗദ്യസാഹിത്യചരിത്രം, സ്വന്തം പ്രസാധകൻ, കോട്ടയം
9. എസ്.പരമേശ്വരയ്യർ, ഉള്ളൂർ. 1953, കേരളസാഹിത്യചരിത്രം, വാല്യം 4, കേരള സർവ്വകലാശാല, തിരുവനന്തപുരം.
10. പ്രസന്നൻ.കെ. 1990, വിദ്വാൻ സി.എസ് നായരുടെ സാഹിത്യവിമർശനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

11. മുരളീധരൻ, നെല്ലിക്കൽ. 1997, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
12. രാമചന്ദ്രൻ നായർ, പന്മന (എഡി). 2008, മലയാള സാഹിത്യനിരൂപണം, കറണ്ട് ബുക്സ് കോട്ടയം.
13. ലീലാവതി.എം. 1989, സത്യം ശിവം സുന്ദരം, സ്വന്തം പ്രസാധനം, എറണാകുളം.
14. വാസുദേവൻ തോന്നയ്ക്കൽ, 2007. മലയാള സാഹിത്യവിമർശനം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
15. ഗോവിന്ദൻകുട്ടിനായർ, 1961. വിമർശനം മലയാളത്തിൽ (മാരാർ സിമ്പോസിയത്തിൽ വായിച്ച പ്രബന്ധങ്ങൾ), നവ കേരള കോപ്പറേറ്റീവ് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്.
16. വേലായുധൻ പിള്ള.പി.വി. 1981, മലയാള സാഹിത്യവിമർശനം, സ്വന്തം പ്രസാധകൻ, തിരുവനന്തപുരം.
17. സുകുമാരൻ.ടി.പി. 1985, നല്ലവനായ കേസരി നിരൂപകനായ കാട്ടാളൻ, പൂർണ്ണ പബ്ലിക്കേഷൻ, കോഴിക്കോട്.
18. സുകുമാർ, അഴീക്കോട്. 1954, ആശാന്റെ സീതാകാവ്യം, ഇന്ത്യ പ്രസ്, കോട്ടയം.
19. സുകുമാർ, അഴീക്കോട്. 1981, മലയാള സാഹിത്യവിമർശനം, കോട്ടയം.
20. സുലേഖ.എം.ടി. 2013, മാരാർ വിമർശനത്തിലെ ശക്തിഗോപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
21. റോയ്.സി.ജെ & പോൾ മണലിൽ. 1992, വിമർശന സമീപനങ്ങൾ, ക്രൈസ് പ്രിന്റേഴ്സ്, കോട്ടയം.


## ആനുകാലികങ്ങൾ


1. ഗോവിന്ദ പിഷാരടി, ചെറുകാട്. 1966, ഗോവിന്ദൻകുട്ടിനായർ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം 44, ലക്കം 6, കോഴിക്കോട്.
2. ചന്ദ്രശേഖരൻ.എം.ആർ. 1959, ആധുനിക മലയാളസാഹിത്യം (ഗ്രന്ഥനിരൂപണം), മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം 44, ലക്കം 6, കോഴിക്കോട്.
3. ജോസഫ്മുണ്ടശ്ശേരി. 1961, അക്കാദമി സെമിനാർ റിപ്പോർട്ട്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം 38, ലക്കം 42.
4. പരമേശ്വരൻ. പി.കെ. 1966, സാഹിത്യനിരൂപണം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം 44, ലക്കം 12.
5. വാര്യർ.പി.എ. 1958, കുറിപ്പുകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം 36, ലക്കം 37.

*ഗവേഷണ പ്രബന്ധം*

ലവൻ.ടി.കെ. 1995, ഗോവിന്ദൻകുട്ടിനായരുടെ സാഹിത്യസമീപനം (അപ്രകാശിത എം ഫിൽ പ്രബന്ധം), കാലിക്കറ്റ് സർവ്വകലാശാല.

## Statement about ownership and other particulars about

# ACADEMIC RESEARCH AND REVIEW LETTERS

Form IV

| | | | |
|---|---|---|---|
| 1. | Place of publication | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 2. | Periodicity of Publication | : | Half Yearly |
| 3. | Printers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 4. | Publishers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 5. | Editor's Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 6. | Name and Address of the Individual who own the Periodical | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |

I, Dr. K. K. Damodaran hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

10-12-2018

K. K. DAMODARAN
Publisher

:

Printed by **K. K DAMODARAN** and Published by K. K. DAMODARAN owned by the
**Association of Kerala Government College Teachers**
and Printed at **Akshara Offset**, Vanchiyoor, Thiruvananthapuram 35, Kerala, India
and published at AKGCT Bhavan, Panavila Jn, Thiruvananthapuram District, 695014, Kerala
**Editor, K. K. DAMODARAN**
Ph: 0471-2329900, Email: akgctacademicforum@gmail.com
Web : www.akgct.org